Reg. M. No. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 വൃശ്ചികം 10—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1953 നവംബർ 25 | ലക്കം 14

## മേരിവൽസരം

### ഫുൾജെൻസ് കൊറോണ എന്ന തിരുവെഴുത്ത്

(പരിഭാഷകൻ: റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

[ദൈവമാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തിട്ട് നൂറു സംവത്സരം പൂർത്തിയാകുന്ന അവസരം പ്രമാണിച്ച് 1953 ഡിസംബർ 8-ാംനു-മുതൽ 1954 ഡിസംബർ 8-ാംനു-വരെ ഒരു മേരിവത്സരമായി കൊണ്ടാടുവാൻ പരിശുദ്ധപിതാവു സമാഹ്വാനം ചെയ്തിരിക്കുന്നു. അതു സംബന്ധിച്ചു സെപ്റ്റംബർ 8-ാംനു- പ്രസിദ്ധംചെയ്ത തിരുവെഴുത്താണ് "ഫുൾജെൻസ് കൊറോണ" (പ്രോജ്ജ്വലമകുടം). യൂനിവേഴ്സ് പത്രത്തിലെ തലക്കെട്ടുകളാണ് ഇടയ്ക്കിടയ്ക്കു കൊടുത്തിട്ടുള്ളത്.]

കന്യകാമറിയം തന്റെ ഗർഭധാനത്തിന്റെ പ്രഥമനിമിഷംമുതൽ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവരങ്ങളാൽ മനുഷ്യവംശത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതാഫലങ്ങളെപ്രതി ഉത്ഭവപാപത്തിന്റെ മാലിന്യത്തിൽനിന്നു വിമുക്തയാക്കപ്പെട്ടുവെന്നുള്ള സത്യം ദൈവം വെളിപ്പെടുത്തിയതാണെന്നും അതിനാൽ ഉറച്ചു വിശ്വസിക്കേണ്ടതാണെന്നും നൂറു സംവത്സരംമുമ്പു സൗഭാഗ്യസ്മരണാർഹനായ നമ്മുടെ പുരോഗാമി ഒമ്പതാം പീയൂസ് കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും വമ്പിച്ച ഒരു സന്നാഹത്തിന്റെ മുമ്പിൽ അപ്രമാദമായ ശ്ലൈഹികാധികാരത്തോടെ അദ്ധ്യവസായംചെയ്തു പരസ്യമായി പ്രഖ്യാപിച്ച ആ ദിനത്തെ അനുസ്മരിക്കുമ്പോൾ സർവ്വേശ്വരൻ കന്യകാമറിയത്തിന്റെ നിർമ്മലതമമായ ശിരസ്സിൽ അണിയിച്ച പ്രോജ്ജ്വലമായ പ്രതാപമകുടം ബൃഹത്തരമായ പ്രഭയോടെ ശോഭിക്കുന്നപോലെ നമുക്കു തോന്നുന്നു.

അനേകകാലമായി പ്രതീക്ഷിച്ചിരുന്ന പരിശുദ്ധപിതാവിന്റെ പ്രഖ്യാപനം അഖിലകത്തോലിക്കാലോകം ആനന്ദസമേതമാണു സ്വീകരിച്ചത്. കന്യകയായ ദൈവമാതാവിനോടു വിശ്വാസികൾക്കുണ്ടായിരുന്ന ഭക്തി തട്ടിയുണർത്തപ്പെട്ടു. തൽഫലമായി ക്രിസ്തീയസന്മാർഗ്ഗത്തിൽ വലിയ ഒരു പുരോഗമനം തന്നെയുണ്ടായി. ദൈവമാതാവിന്റെ പരിശുദ്ധിക്കും മഹത്വത്തിനും യഥാർഹമായ പ്രാധാന്യം കല്പിച്ച് ഉത്സാഹപൂർവ്വം പുതിയ പഠനങ്ങൾ നടത്തുകയുംചെയ്തു.

#### ദൈവമാതാവിന്റെ സാക്ഷ്യം

അഖിലസഭയുടെ ആമോദത്തിന്റെ മദ്ധ്യേ തന്റെ ദിവ്യസുതന്റെ പ്രതിനിധിയായ പരിശുദ്ധപിതാവു ചെയ്ത നിർവ്വചനത്തെ കന്യകാമറിയംതന്നെ ഒരു പ്രത്യേകാടയാളംവഴി സ്ഥിരപ്പെടുത്തുവാൻ കനിഞ്ഞു. നാലു സംവത്സരം തികയുന്നതിനു മുമ്പു പിറനീസ് പർവ്വതനിരകളുടെ സമീപമുള്ള ഒരു ഫ്രഞ്ചുനഗരത്തിൽ മസബിയേൽ ഗുഹയിൽ വച്ചു കന്യകാമറിയം വെള്ളത്ത ഒരു കുപ്പായവും വെള്ളത്ത ഒരു മേലങ്കിയും ധരിച്ചു നീണ്ടുകിടക്കുന്ന ഒരു നീലച്ചരടു അരയിൽ കെട്ടി സാധുവും നിഷ്കളങ്കയുമായ ഒരു ബാലികയ്ക്കു കാണപ്പെട്ടു. ഈ ദർശനം ലഭിക്കുവാൻ ഭാഗ്യമുണ്ടായ ആ കുട്ടി ആ കന്യകയുടെ പേരു ചോദിച്ചപ്പോൾ കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തി മധുരമായ ഒരു മന്ദഹാസത്തോടെ പറഞ്ഞു: "ഞാൻ അമലോത്ഭവമാണ്."

വിശ്വാസികൾ ശരിയാകുംവണ്ണംതന്നെ ഇതു മനസ്സിലാക്കി. എല്ലാ രാജ്യങ്ങളിൽനിന്നും സംഖ്യാതീതമാകുംവണ്ണം ജനങ്ങൾ ലൂർദ്ദിലെ ഗുഹയിലേക്കു ഭക്തിസമന്വിതം തീർത്ഥാടനം തുടങ്ങി. അവരുടെ വിശ്വാസം വർദ്ധിച്ചു; ഭക്തി എരിഞ്ഞു; ക്രിസ്തീയപ്രമാണങ്ങളനുസരിച്ചു ജീവിതം നയിക്കുവാൻ അവർ പരിശ്രമിച്ചുവന്നു. അത്ഭുതകരമായ സഹായങ്ങൾ അവർക്കു ലഭിച്ചു. എല്ലാവരും വിസ്മയഭരിതരായി. കത്തോലിക്കാസഭ മാത്രമാണ് ദൈവം അംഗീകരിച്ചിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതുമെന്ന് ഒന്നുകൂടി ഉറപ്പായി.

#### വേദപുസ്തകസാക്ഷ്യം

നമ്മുടെ പുരോഗാമി ക്രിസ്തീയതത്വസംഹിതയിലെ ഈ വിശ്വാസസത്യം വിശ്വാസികൾ ഉറച്ചു വിശ്വസിക്കണമെന്ന് ആജ്ഞാപിച്ചപ്പോൾ സഭാപിതാക്കന്മാരും തിരുസ്സഭയും പ്രാരംഭകാലംമുതൽ ശതാബ്ദങ്ങൾതോറും പഠിപ്പിച്ചിട്ടുള്ള ഒരു കാര്യം ശ്രദ്ധാപൂർവ്വം സംരക്ഷിക്കുകയും സ്വാധികാരംകൊണ്ട് അംഗീകരിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളൂ.




ഒന്നാമതായി ഈ വിശ്വാസസത്യത്തിന്റെ അടിസ്ഥാനം വേദപുസ്തകത്തിൽ കാണാവുന്നതാണ്. ആദത്തിന്റെ നിർഭാഗ്യകരമായ അധഃപതനത്തിനു ശേഷം പരീക്ഷകനും നാശകാരണനുമായ പിശാചനെ നോക്കിക്കൊണ്ട് സർവ്വ വസ്തുക്കളുടേയും സ്രഷ്ടാവായ ദൈവം പറഞ്ഞു: "നിനക്കും സ്ത്രീക്കും മദ്ധ്യേ, നിന്റെ മക്കളുടേയും അവളുടെ മക്കളുടേയും മദ്ധ്യേ ഞാൻ ശത്രുത ഉണ്ടാക്കും." സഭാപിതാക്കന്മാരും മല്പാന്മാരുമായ കുറച്ചുപേരല്ല ഈ വാക്കുകൾ കന്യകാമറിയത്തെപ്പററിയാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഉത്ഭവമാലിന്യത്താൽ പാപത്തിന്റെ പരമ്പരാഗതമായ കറപുരണ്ടു സ്വല്പസമയംപോലും കന്യകാമറിയം പ്രസാദവരരഹിതയായിരുന്നുവെങ്കിൽ, പിശാചും കന്യകാമറിയവും തമ്മിലുണ്ടായിരുന്നതായി ആദിമപാരമ്പര്യംമുതൽ അമലോത്ഭവസത്യനിർവ്വചനംവരെ പറയപ്പെട്ടിരുന്ന ശാശ്വതശത്രുത ഉണ്ടാകുകയില്ലായിരുന്നു; പ്രത്യുത ഏതാണ്ട് ഒരടിമത്തം തന്നെയുണ്ടാകുമായിരുന്നു.

മാത്രമല്ല, കന്യകാമറിയത്തെ "വരപ്രസാദപൂർണ്ണേ", (Kecharitomene) "സ്ത്രീകളിൽ ആശീർവ്വദിക്കപ്പെട്ടവളേ" എന്നിങ്ങനെ സംബോധനം ചെയ്തിട്ടുള്ളതാണ്. കത്തോലിക്കാ പാരമ്പര്യം ഈ വാക്കുകളിൽനിന്നു മനസ്സിലാക്കിയിട്ടുള്ള അർത്ഥവും ഈ വാക്കുകളാൽ സ്പഷ്ടമായി ഉദ്ദേശിക്കപ്പെടുന്നതും ഒന്നുതന്നെയാണ്. അതായത്, "മറെറങ്ങും കേട്ടിട്ടില്ലാത്ത അസാധാരണമായ ഈ സ്തുതിവാക്യംകൊണ്ടു ഗ്രഹിക്കാവുന്നതു ദൈവമാതാവ് ദിവ്യവരങ്ങളുടെ നികേതനവും പരിശുദ്ധാത്മാവിന്റെ വിശേഷദാനങ്ങളുടെ ആസ്ഥാനവും, എന്നുവേണ്ട, ഈ വിശേഷദാനങ്ങളുടെ ഏറെക്കുറെ അനന്തമായ ഒരു ഭണ്ഡാഗാരവും വററാത്ത ഉറവയും അതിനാൽ ആ ശപ്പനു ഒരിക്കലും കീഴ്പ്പെട്ടിട്ടില്ലാത്തവളുമാണെന്നത്രെ." (ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ തിരുവെഴുത്തിൽനിന്ന്)

ആദിമസഭയിൽ ഏകയോഗമായി സ്വീകൃതമായ ഈ വിശ്വാസസത്യം സഭാപിതാക്കന്മാർ വ്യക്തമായിത്തന്നെ പഠിപ്പിച്ചിട്ടുണ്ട്. അവർ കന്യകമറിയത്തിനു കൊടുത്ത ചില സ്ഥാനനാമങ്ങൾ കണ്ടാലും: മുള്ളുകളുടെ ഇടയിലുള്ള ലില്ലി, അസ്പൃശ്യമായ ഭൂമി; വിമല, എല്ലായ്പോഴും ആശീർവ്വദിക്കപ്പെട്ടവൾ, പാപമാലിന്യത്തിൽനിന്നു വിമുക്ത, വാടാത്ത വൃക്ഷം, എപ്പോഴും തെളിഞ്ഞുനില്ക്കുന്ന ഉറവ, മരണത്തിന്റേതല്ല, ജീവന്റെ ഏകപുത്രി, ബലക്ഷയരഹിത, എന്നും ബലക്ഷയരഹിത, പാപമാലിന്യം അറിയാതെ പരിശുദ്ധയായവൾ, സൗന്ദര്യത്തെക്കാൾ സുന്ദരതര, വിശുദ്ധിയെക്കാൾ വിശുദ്ധതര, ഏക വിശുദ്ധ, ദൈവമൊഴികെ മറെറല്ലാവരെക്കാളും സമുന്നത, പ്രകൃത്യാ ക്രോബേന്മാരെക്കാളും സ്രാപ്പേന്മാരെക്കാളും എന്നുവേണ്ട എല്ലാ മാലാഖമാരെക്കാളും സുന്ദരതര, വരപ്രസാദപൂർണ്ണ, വിശുദ്ധതര." (ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ തിരുവെഴുത്തിൽനിന്നു)

ഈ സ്തുതികൾക്കു് ഇവ അർഹിക്കുന്ന പ്രാധാന്യം കല്പിക്കുകയാണെങ്കിൽ, എല്ലായ്പോഴും നിർമ്മലയും മാലാഖമാരെക്കാൾ വിമലയുമായ കന്യകാമറിയം ഏതെങ്കിലും ഒരു നിമിഷംപോലും എല്ലാ പാപങ്ങളിൽനിന്നു വിമുക്തയല്ലായിരുന്നു വെന്നു ആർക്കു സംശയിക്കുവാൻ കഴിയും? അവിടുത്തെ ദിവ്യസുതനോടു് വി. എഫ്രേം പറഞ്ഞിട്ടുള്ള വാക്കുകൾ എത്രയും സമുചിതമായിട്ടുണ്ടു്: "അങ്ങും അങ്ങയുടെ അമ്മയും മാത്രം യഥാർത്ഥത്തിലും സത്യമായും സുന്ദരരാണു്. അങ്ങയിലോ അങ്ങയുടെ അമ്മയിലോ പാപക്കറയില്ല." ഈ വാക്കുകളിൽനിന്നു് ഒരു കാര്യം വിശദമാണു്; പരിശുദ്ധരായ എല്ലാ പുരുഷരിലും സ്ത്രീകളിലും ഒരാളെപ്പററിമാത്രം പറയാം പാപത്തെപ്പററി പ്രതിപാദിക്കുമ്പോൾ ആ ആളെമാത്രം ഉദ്ദേശിക്കുന്നില്ലെന്നു്. ആർക്കും ലഭിച്ചിട്ടില്ലാത്ത ഈ സ്ഥാനം ആ സ്ത്രീക്കു ലഭിച്ചതു് അവിടുത്തെ ദൈവമാതൃസ്ഥാനത്തേക്കു് ഉയർത്തിയതുകൊണ്ടാണു്. (തുടരും)

## ഒരു പുരാതനരേഖ

(വൈദികസ്ഥാനാർത്ഥിക്കു പട്ടം കൊടുക്കുന്നതിനു വിരോധമില്ലെന്നു കാണിച്ചു് ഇടവകക്കാർ അയച്ചുവന്ന കുറിയുടെ മാതൃക)

✝ എത്രയും പെ. പെ. ബെ. വരാപ്പുഴ മെത്രാനച്ചനെ അരികത്തു് നില്ക്കുന്ന ബെ. പട്ടക്കാരനു് വായിച്ചു് ബോധിപ്പിക്കുന്നതിനു് ആരക്കുഴ പള്ളിയുടെ വികാരിയും ഇടവക പട്ടക്കാരനും കല്ക്കാരനും യോഗക്കാരനും കൂടി എഴുതി ബോധിപ്പിക്കുന്ന

ഈ ഇടവകയിൽ കുണാട്ടു് വക്കിയുടേയും അന്നായുടേയും മകൻ ചാക്കോ എന്ന ചെറുക്കൻ അവന്റെ സ്വയമനസ്സാലെ പട്ടമേല്ക്കണമെന്നാഗ്രഹിച്ചു് പെ. പെ. ബെ അച്ചന്റെ കല്പനയോടുകൂടി വാഴക്കുളത്തു് കർമ്മല സെമ്മിനാരിയിൽ ആയിരിക്കുന്നതും ഠരം ചെറുക്കന്റെ കാരണവന്മാരു് ദെയ്‌വപടിയുള്ളവരും പാരമ്പര്യതറവാട്ടുകാരനും ഈ ചെറുക്കൻ നല്ല സ്വഭാവഗുണശീലനും ആകയാൽ പെ. പെ. ബെ. അച്ചന്റെ മനഗുണമുണ്ടായിട്ടു് ഇവനു് പട്ടം കൊടുപ്പാറാകണമെന്നു് ഞങ്ങളുംകൂടി അപേക്ഷിക്കുന്നു. പെ. പെ. ബെ. അച്ചന്റെ ചൊൽവിളിക്കും ചിററാഴ്മക്കും എല്ലായ്പ്പോഴും ആസ്ഥമായിരിക്കുന്ന ഞങ്ങളുടെമേൽ പിതാവിനടുത്ത വാഴ്‌വു് ഉണ്ടാവാറാകണമെന്നു് അപേക്ഷിക്കുന്നു.

1883-ാം കാലം മീനമാസം 2-ാംനു. ഒപ്പു് ഒപ്പു് ഒപ്പു് ഒപ്പു് ഒപ്പു് ഒപ്പു് ഒപ്പു് ഒപ്പു് ഒപ്പു്.

## ഇന്ത്യൻ മാതൃക

അമേരിക്കയിലെ ഏററം പ്രസിദ്ധ സർവ്വകലാശാലകളായ പെൻസിൽവേനിയാ, കൊളംബിയാ, കോർണെൽ, കാലിഫോർനിയാ എന്നിവയിൽ ഹിന്ദി ഐച്ഛികമായി പഠിപ്പിച്ചുവരുന്നുണ്ടെന്നു് അറിയുന്നതു ഭാരതീയർക്കു അത്യന്തം പ്രോത്സാഹജനകമായിരിക്കുമല്ലോ. ഭാരതീയഭാഷ മാത്രമല്ല, ഭക്ഷണരീതിയും അവർ അനുകരിച്ചുതുടങ്ങിയിട്ടുണ്ടു്. നെല്ലരിയുടെ ചോറു് ഇപ്പോൾ കൂടുതലായി അവിടെ ഉപയോഗിച്ചുവരുന്നു. പതിനേഴാം നൂററാണ്ടുമുതൽ തന്നെ ഐക്യരാജ്യത്തിന്റെ ദക്ഷിണപൗരസ്ത്യപ്രദേശങ്ങളിൽ നെൽകൃഷി നടപ്പിലായതാണു്. മിക്കവാറും അതു പുറദേശങ്ങളിലേക്കു കയററി അയക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ 86 കോടി റാത്തൽ അരി ആണ്ടൊന്നുക്കു് അവിടെ തന്നെ ഉപയോഗിക്കുന്നുണ്ടു്.

# കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകർ: ഫാദർ തോമസ്സ് വടക്കേൽ എൽ. ഡി.)

### മൂന്നാം ഭാഗം

### തിരിച്ചുവരവിനായുള്ള ആഹ്വാനം

തിരുസഭയിലെ പ്രമുഖവും മഹനീയവുമായ ഈ ചരിത്രസംഭവങ്ങളെ സ്മൃതിപഥത്തിൽ കൊണ്ടുവരുമ്പോൾ പതിവിൽ കവിഞ്ഞ സ്നേഹാധിക്യത്തോടുകൂടി പൗരസ്ത്യസഭകളിലേക്കു നമ്മുടെ ചിന്തകളെ സ്വാഭാവികമായി നാം തിരിച്ചുപോകുന്നു. കൽക്കദോനിയായിലെ പൊതുസൂനഹദോസ് വാസ്തവത്തിൽ അവരുടെ മഹനീയസ്മാരകസ്തംഭമാണു്. അതു തീർച്ചയായും എന്നെന്നും നിലനില്ക്കും. അവിടെ റോമായിലെ അപ്പോസ്തോലിക സിംഹാസനത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ അറുനൂറോളം പൗരസ്ത്യമെത്രാന്മാരുടെ സമ്മേളനത്തിൽവച്ചു ക്രിസ്തുവിലുള്ള ഐക്യത്തെ സംബന്ധിച്ച ഉപദേശം—മാനുഷികവും ദൈവികവുമെന്ന വ്യത്യസ്തവും വ്യതിരിക്തവുമായ രണ്ടു സ്വഭാവങ്ങൾ ഏകവ്യക്തിയിൽ സംയോജിച്ചിരിക്കുന്നു എന്ന ഉപദേശം—അതിനെ ദുർബലപ്പെടുത്തുവാൻ ചെയ്ത ശക്തിശൂന്യമായ യത്നത്തിനെതിരായി സന്ദർഭാനുസരണം സ്ഥാപിക്കപ്പെടുകയും വിസ്മയകരമായി വിശദീകരിക്കപ്പെടുകയും ചെയ്തു. ക്രിസ്തുവിന്റെ വ്യക്തിത്വത്തിലുള്ള ഐക്യം ഏതൊരു ഐക്യത്തിന്റെ പ്രദർശിതമാതൃകയായിരിക്കുന്നുവോ, ആ നിഗൂഢശരീരൈക്യത്തിൽനിന്നു പൗരസ്ത്യദേശങ്ങളിലുള്ള അനേകർ ദീർഘശതാബ്ദങ്ങളോളമായി ദയനീയമായവിധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നതു് എത്രയോ നിർഭാഗ്യകരമാണു്! ദീർഘകാലത്തിനുള്ളിൽ എല്ലാവരും ക്രിസ്തുവിന്റെ ഏകതൊഴുത്തിലേക്കു തിരിച്ചുവരുകയെന്നുള്ളതു് വിശുദ്ധവും രക്ഷാകരവും ദൈവഷ്ടത്തിനു് അനുയോജ്യവുമായ ഒരു സംഗതിയല്ലേ?

നമ്മുടെ ഭാഗത്തുനിന്നുമുള്ള കടമയെ സംബന്ധിച്ചു പറയുന്നപക്ഷം, നമ്മുടെ ചിന്തകൾ സമാധാനത്തിന്റേതാണു്, ദുരിതങ്ങളുടേതല്ല (39) എന്നു വ്യക്തമായി അവർ മനസ്സിലാക്കണമെന്നു നാം ആഗ്രഹിക്കുന്നു. നമ്മുടെ മനസ്ഥിതി ഈവിധമാണെന്നു നമ്മുടെ പ്രവൃത്തികൾ മുഖേന നാം തെളിയിച്ചിരിക്കുന്നു എന്നതു് സുവിദിതമായ ഒരു സംഗതിയത്രെ. അത്യാവശ്യത്താൽ പ്രേരിതനായി അക്കാര്യത്തിൽ നാം സന്തോഷിക്കുന്നെങ്കിൽ എല്ലാവരുടെയും സന്മനസ്സിന്റെ നാഥനായ കർത്താവിലാണു നാം സന്തോഷിക്കുന്നതു്. പൗരസ്ത്യക്രിസ്ത്യാനികൾ കത്തോലിക്കാസഭയിലേക്കു തിരിച്ചുവരുന്നതിനുള്ള മാർഗ്ഗം സുഗമമാക്കുന്നതിനു നമ്മുടെ മുൻഗാമികളുടെ കാല്പടികളെ പിന്തുടർന്നു നിരന്തരമായി നാം യത്നിച്ചിട്ടുണ്ടു്. നിയമാനുസരണമായ അവരുടെ ആരാധനക്രമങ്ങളെ നാം പരിരക്ഷിച്ചിട്ടുണ്ടു; അവരെ സംബന്ധിച്ചുള്ള ഗവേഷണങ്ങളെ നാം പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്; അവരുടെ പരിപാലനത്തിനു് ഉതകുന്ന നിയമങ്ങൾ നാം ഏർപ്പെടുത്തിയിട്ടുണ്ടു്; റോമായിലെ സഭാഭരണസമിതിയിൽ സ്ഥാപിതമായിട്ടുള്ള പൗരസ്ത്യസഭാസംഘത്തിൽ പ്രത്യേക ഔത്സുക്യം നാം പ്രദർശിപ്പിച്ചിട്ടുണ്ടു്; അർമ്മേനിയരുടെ പാത്രിയാർക്കീസിനെ നാം റോമൻ രക്താംബരത്തിന്റെ പരിശോഭയാൽ (കർദ്ദിനാൾ സ്ഥാനത്താൽ) സമലംകൃതനാക്കിയിട്ടുണ്ടു്.

ഇപ്പോഴത്തെ യുദ്ധഫലമായി ദാരിദ്ര്യം, പട്ടിണി, രോഗം എന്നിവ നടമാടവേ നമ്മെ പിതാവെന്നു വിളിക്കുന്നവർ, അല്ലാത്തവർ എന്നുള്ള വ്യത്യാസമൊന്നും കാണിക്കാതെ വർദ്ധമാനമായ ദുരിതങ്ങളെ എവിടെ ദർശിച്ചാലും അവയെ ലഘൂകരിക്കുന്നതിനു നാം പരിശ്രമിച്ചിട്ടുണ്ടു്. വിധവകളെയും, കുട്ടികളെയും, വൃദ്ധരെയും, രോഗികളെയും സഹായിക്കുന്നതിനു നമ്മാൽ സാദ്ധ്യമായ വിധമെല്ലാം നാം ശ്രമിച്ചിട്ടുണ്ടു്. നാം ചെയ്യാൻ ആഗ്രഹിച്ചിരുന്നതെല്ലാം ചെയ്യാൻ സാധിച്ചിരുന്നെങ്കിൽ കുറെക്കൂടി നാം സന്തോഷിക്കുമായിരുന്നു. ഓരോരോ കാലത്തുണ്ടായിട്ടുള്ള അത്യാഹിതങ്ങൾ നിമിത്തം അപ്പോസ്തോലിക സിംഹാസനത്തിൽനിന്നു വേർപെട്ടവർ നിതിയെപ്രതി പീഡകൾ സഹിച്ചതിൽ ഒരു ദ്വിതീയ യോഹന്നാൽ ക്രിസോസ്തോം (സ്വർണ്ണനാവുകാരൻ ഇവാനിയോസ്) ആയ ഫ്ളാവിയനെയും, ക്രിസ്തുവിന്റെ നിഗൂഢശരീരത്തിന്റെ പ്രമുഖാംഗങ്ങളായ കൽക്കദോനിയാ പിതാക്കന്മാരെയും, പ്രശാന്തനും പ്രഗത്ഭനും ധീരനുമായ മാർസിയൻ ചക്രവർത്തിയെയും രാജകീയവും നിർമ്മലവുമായ ലാവണ്യത്താൽ ചിലിച്ചവും പ്രശോഭിതയായ പുൾക്കേറിയാ രാജ്ഞിയെയും അനുകരിക്കട്ടെ. ദൈവസ്ഥാപിതവും അചഞ്ചലവുമായ സത്യശിലയെ പരിസേവിക്കുന്നതിൽ സ്വശക്തി അർപ്പിച്ചിരിക്കുന്ന ഈ അപ്പോസ്തോലിക സിംഹാസനത്തെയും നീതിപൂർവ്വമായ ആദരവോടുകൂടി ബഹുമാനിക്കുന്നതിൽ അവർ വൈമനസ്യം കാണിക്കാതിരിക്കട്ടെ. തിരുസഭയുടെ ഐക്യത്തിലേക്കുള്ള ഈ പ്രത്യാഗമനം ക്രിസ്തുമതത്തിനു പൊതുവെ എത്ര സമ്പന്നമായ അനുഗ്രഹനിദാനമായിഭവിക്കുമെന്നുള്ള കാര്യം ദീർഘദൃഷ്ടിയിൽ നാം കാണുന്നുണ്ടു്.

"എല്ലാവരും ഒന്നാകേണ്ടതിനു്" (40) ഒടുവിലത്തെ അത്താഴത്തിൽവച്ചു നമ്മുടെ കർത്താവായ മിശിഹാ തന്റെ അനുഗാമികൾക്കുവേണ്ടി നിത്യപിതാവിനോടു നടത്തിയ ആ പ്രാർത്ഥന സൗഭാഗ്യകരമായവിധം സാക്ഷാൽക്കരിക്കപ്പെടുന്നതിനു പഴയ മുൻവിധികളുടെ ഒരു കൂമ്പാരം പ്രതിബന്ധമായി നില്ക്കുന്നു എന്നുള്ള കാര്യം നമുക്കു അശേഷം അജ്ഞാതമല്ല. എന്നാൽ പ്രാർത്ഥിക്കുന്നവർ ഒരു യുദ്ധത്തിലെ സൈന്യവ്യൂഹംപോലെ സംയോജിച്ചു പ്രത്യാശാപൂർണ്ണമായ വിശ്വാസത്താലും നിർമ്മലമനസ്സാക്ഷിയാലും സമ്പൂർണ്ണരെങ്കിൽ പ്രാർത്ഥനയുടെശക്തി ഒരു മലയെ എടുത്തു സമുദ്രത്തിൽ ഇടത്തക്കവണ്ണം (41) അത്ര മഹത്തരമാണെന്നു നാം അറിയുന്നു. ആകയാൽ ക്രിസ്തീയ ഐക്യത്തെ ഹൃദയപൂർവ്വം ആശ്ലേഷിക്കുവാൻ അതിയായി ആഗ്രഹിക്കുന്നവരെല്ലാം—ക്രിസ്തുവിന്റേതായിട്ടുള്ള യാതൊന്നുംതന്നെ ഇതിനെ നിസ്സാരമായി ഗണിക്കാതിരിക്കട്ടെ—സന്മനസ്സുള്ള മനുഷ്യരുടെ സ്തുത്യർഹമായ അഭിലാഷങ്ങൾ എത്രയുംവേഗം നിറവേറുന്നതിനുവേണ്ടി പ്രാർത്ഥനകളെയും യാചനകളെയും ക്രമത്തിന്റെയും ഐക്യത്തിന്റെയും സൗന്ദര്യത്തിന്റെയും നാഥനായ ദൈവത്തിനു് അർപ്പിച്ചുകാണ്മാൻ നാം അത്യധികം ആഗ്രഹിക്കുന്നു. ഈ ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ടി കോപമോ, വികാരാവേശമോ കൂടാതെ നടത്തിവരുന്ന ഗവേഷണം ഐക്യത്തിന്റെ മാർഗ്ഗത്തെ തീർച്ചയായും സുഗമമാക്കിത്തീർത്തിട്ടുണ്ടു്. ഈ മാർഗ്ഗത്തിലൂടെ മുൻകാലങ്ങളിലെക്കാൾ ഇക്കാലത്തു പുരാതനസംഭവങ്ങളെ കൂട്ടിയിണക്കി പര്യാലോചിക്കുക പതിവായിത്തീർന്നിരിക്കുന്നു.

### ദൈവത്തിന്റെയും ക്രിസ്തുവിന്റെയും ശത്രുക്കൾക്കെതിരായ ഐക്യം

ക്രൈസ്തവശക്തികൾ ക്രിസ്തുവിന്റെ ഏകമാത്രമായ കൊടിക്കീഴിൽ എത്രയുംവേഗം സംഘടിച്ചു് അണിനിരന്നു നരകശത്രുവിന്റെ ഘോരാക്രമണങ്ങൾക്കെതിരായി സമരംചെയ്യുന്നതിനു നിർബന്ധിക്കുന്ന വേറൊരു കാരണംകൂടിയുണ്ടു്. ദൈവികവും ക്രിസ്തീയവുമായ സകലതിനെയും നിർമ്മാർജ്ജനം ചെയ്യുന്നതിനും സമൂലം നശിപ്പിക്കുന്നതിനും ലോകത്തിന്റെ നാനാഭാഗങ്ങളിലും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ദൈവവിദ്വേഷികളുടെ വിദ്വേഷവും ക്രൂരതയും ആരെയാണു പരിഭ്രാന്തരാക്കാത്തതു്? ഈ ഐക്യമുന്നണിക്കെതിരായി മാമ്മോദീസായുടെ വിശുദ്ധ മുദ്രയാൽ അങ്കിതരും, ക്രിസ്തുവിനുവേണ്ടി നല്ല സമരംചെയ്യുന്നതിനു ബാദ്ധ്യസ്ഥരും ആയവർ ഇനിയും വിഭജിക്കപ്പെട്ടു് അനൈക്യത്തിൽ നിലകൊള്ളുക സാദ്ധ്യമല്ലതന്നെ.

### രക്തസാക്ഷിത്വത്തിലും രക്തത്തിലുമുള്ള ഐക്യം

ബന്ധനങ്ങൾ, ദുരിതങ്ങൾ, യാതനകൾ, വിലാപങ്ങൾ, പുണ്യത്തിലും ക്രിസ്തീയ വിശ്വാസത്തിലുമുള്ള സ്ഥിരതനിമിത്തം പീഡകൾ സഹിക്കയും ഇന്നും സഹിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന സുജ്ഞാതവും അജ്ഞാതവുമായ ഒരു വിപുലജനസഞ്ചയത്തിന്റെ രക്തം എന്നിവ നാൾക്കുനാൾ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സ്വരത്തിൽ തിരുസഭയുമായുള്ള ഈ പരിശുദ്ധ ഐക്യത്തെ ആശ്ലേഷിക്കുന്നതിനു് എല്ലാവരെയും നിർബന്ധിക്കുന്നു. ഈ അപ്പോസ്തോലിക സിംഹാസനത്തിൽനിന്നു ദീർഘകാലമായി ഭിന്നിച്ചുപോയ നമ്മുടെ സഹോദരങ്ങളുടെയും മക്കളുടെയും പ്രത്യാഗമനത്തിലുള്ള നമ്മുടെ പ്രത്യാശ, മററനേകം സഹോദരന്മാരും മക്കളും അതികഠിനവും രക്തപങ്കിലവുമായ രക്തസാക്ഷിത്വകിരീടം സഹിക്കുന്നതുനിമിത്തം വളരെ വർദ്ധിച്ചിരിക്കുന്നു. ദൈവത്തിന്റെ രക്ഷാകരമായ പ്രവൃത്തിയെ ആരും തടയുകയോ അവഗണിക്കയോ ചെയ്യാതിരിക്കട്ടെ! നെസ്തോറിയരുടെയും ഏകസ്വഭാവവാദികളുടെയും അബദ്ധോപദേശങ്ങളെ അനുഗമിച്ചിട്ടുള്ളവരെയും ഈ പ്രത്യാഗമനത്തിന്റെ നന്മകളും സന്തോഷങ്ങളും അനുഭവിക്കുന്നതിനുവേണ്ടി പൈതൃകമായ ഉദ്ബോധനത്താൽ നിർബന്ധപൂർവ്വം നാം ക്ഷണിക്കുന്നു. നമുക്കു ഏററം പ്രിയപ്പെട്ടവരായ അവരുടെ ദീർഘമായ അസാന്നിദ്ധ്യം അവരുടെ പ്രത്യാഗമനത്തിലുള്ള നമ്മുടെ അഭിവാഞ്ഛയെ വർദ്ധിപ്പിച്ചിരിക്കുന്നു. ആകയാൽ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി അവരെ ആശ്ലേഷിക്കുന്നതിനു നമുക്കു ഭാഗ്യം സിദ്ധിക്കുന്നപക്ഷം അതു നമ്മുടെ പ്രേഷിതപ്രവർത്തനത്തിന്റെ മഹനീയവിജയമായി നാം പരിഗണിക്കുമെന്നും അവർ മനസ്സിലാക്കട്ടെ.

അവസാനമായി, വന്ദ്യസഹോദരരേ, നിങ്ങളുടെ പരിശ്രമഫലമായി കൽക്കദോനിയായിലെ വിശുദ്ധ സൂനഹദോസ് അനുസ്മരിക്കപ്പെടുന്ന ഈ സന്ദർഭത്തിൽ നമ്മുടെ രക്ഷകനും രാജനുമായ ക്രിസ്തുവിനോടു പരിപൂർണ്ണവിശ്വസ്തതയോടുകൂടി സംയോജിക്കുന്നതിനു നിങ്ങൾ എല്ലാവരെയും നിർബന്ധിക്കണമെന്നത്രെ നമ്മുടെ ആഗ്രഹം. മാനുഷികയുക്തിവാദത്തിന്റെ ആബദ്ധ്യത്താൽ ആകൃഷ്ടനായോ, മാനുഷികഭാഷയുടെ സന്ദേഹാർത്ഥങ്ങളാൽ വഞ്ചിതനായോ ആരും കൽക്കദോനിയാ സൂനഹദോസ് സ്ഥിരീകരിച്ച വിശ്വാസസത്യത്തെ സംശയത്താൽ ചഞ്ചലപ്പെടുത്തുകയോ, ദ്രോഹകരമായ നവീകരണത്താൽ കലുഷിതമാക്കുകയോ ചെയ്യാതിരിക്കട്ടെ. കൽക്കദോനിയാ സൂനഹദോസിന്റെ വിശ്വാസമാകട്ടെ ക്രിസ്തുവിൽ യഥാർത്ഥവും പൂർണ്ണവുമായ രണ്ടു സ്വഭാവങ്ങൾ—ദൈവികവും മാനുഷികവും—സംയോജിക്കപ്പെട്ടിരിക്കുന്നു, എന്നാൽ അവ സമ്മിശ്രപ്പെട്ടല്ല, പ്രത്യുത ദൈവവചനത്തിന്റെ ഏകവ്യക്തിത്വത്തിൽ സ്ഥിതിചെയ്യുന്നു എന്നത്രെ. "വിശുദ്ധജീവിതത്തിന്റെ മാർഗ്ഗവും, ദൈവികപ്രബോധനത്തിന്റെ സത്യവും, നിത്യസൗഭാഗ്യത്തിന്റെ ജീവനു്" (42) മാകുന്ന രക്ഷാനാഥനോടു് എല്ലാവരും അഭേദ്യമായി സംയോജിച്ചു് അവനിൽ പുനരുദ്ധരിക്കപ്പെട്ട തങ്ങളുടെ സ്വഭാവത്തെ സ്നേഹിക്കയും, പുനരുദ്ധരിക്കപ്പെട്ട തങ്ങളുടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കയും, ലോകായതികവൃദ്ധന്മാരുടെ ഭോഷത്വത്തെ പരിത്യജിച്ചു് ആദ്ധ്യാത്മികശൈശവത്തിന്റെ കാലാതീതവിജ്ഞാനത്തിലേക്കു സന്തോഷസമന്വിതം പ്രവേശിക്കയും ചെയ്യട്ടെ.

ദൈവമാതാവായ കന്യകാമറിയത്തിന്റെയും, വിശുദ്ധ അപ്പോസ്തോലന്മാരായ പത്രോസ് പൗലോസ് എന്നിവരുടെയും, കൽക്കദോനിയായിലെ വിജയശ്രീലാളിതയായ കന്യകയും രക്തസാക്ഷിണിയുമായ എവുഫേമിയായുടെയും മദ്ധ്യസ്ഥതയാൽ പിൻതാങ്ങപ്പെട്ടു് ഈ തീവ്രപ്രാർത്ഥനകളെ, ആരുടെ പ്രകൃതി നന്മയും, ആരുടെ മനസ്സു് ശക്തിയുമായിരിക്കുന്നുവോ ആ ത്രിയേകദൈവം സദയം സ്വീകരിക്കുമാറാകട്ടെ. വന്ദ്യ സഹോദരരേ, ഈ ഉദ്ദേശസാദ്ധ്യത്തിനു നിങ്ങളുടെ പ്രാർത്ഥനകളും നമ്മുടെ പ്രാർത്ഥനകളോടുകൂടി ചേർത്തു് നാം നിങ്ങൾക്കു് എഴുതിയിട്ടുള്ളവ എത്രമാത്രം

(39) Cf. ജെറമി. 29, 11
(40) യോഹ. 17, 21
(41) Cf. മർക്കോ. 11, 23
(42) St. Leo the Great Serm. 72, 1 (PL 54, 390)

പേരെ അറിയിക്കാമോ അത്രയുംപേരെ അറിയിക്കുവിൻ. ദുർഭരമോ, നിന്ദ്യമോ അല്ലാത്ത ക്രിസ്തുവിന്റെ നുകം കൂടുതൽ ഉത്സാഹത്തോടുകൂടി നിങ്ങൾ സംവഹിക്കയും, ആരുടെ മഹത്വത്തിൽ നിങ്ങൾ പങ്കുകാരാകുവാൻ അഭിലഷിക്കുന്നുവോ അവനോട് ഉപര്യുപരി വിനയത്തിൽ നിങ്ങൾ തുല്യരാകയും ചെയ്യുമെന്നുള്ള സുപ്രതീക്ഷയോടുകൂടി കൃതജ്ഞതാനിർഭരനായി നിങ്ങൾക്കും, സകല പട്ടക്കാർക്കും, അജപാലനപരമായ നിങ്ങളുടെ ശ്രദ്ധ ആരുടെ ആദ്ധ്യാത്മികഗുണത്തിനായി ജാഗരൂകമായിരിക്കുന്നുവോ ആ വിശ്വാസികൾക്കും ഹൃദയംഗമമായ നമ്മുടെ അപ്പോസ്തോലികാശീർവ്വാദം നാം നൽകുന്നു.

1951 സെപ്റ്റംബർ 8-ാംനു കന്യകാമറിയത്തിന്റെ ജനനത്തിരുനാളിൽ നമ്മുടെ വാഴ്ചയുടെ പതിമൂന്നാം വത്സരത്തിൽ റോമ്മായിലെ വി. പത്രോസിന്റെ ദേവാലയത്തിൽവച്ചു നൽകപ്പെട്ടതു്.

പന്ത്രണ്ടാം പീയൂസ് പാപ്പാ.

N. B. ഇതോടെ അവസാനിക്കുന്ന വിശ്വലേഖനപരിഭാഷ അടുത്തുതന്നെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഏഷ്യാററിക്ക് മർക്കൻറയിൽ ബാങ്ക് ലിമിറ്റഡ്

H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശ്ശൂർ

തിരു-കൊച്ചി ഗവമ്മെൻറിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L. Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്ക്. നറുക്ക് 1ക്ക് 100ക. ആകെ സല. 11200ക. ഒരു നറുക്ക് എടുക്കലും ഒരു നറുക്ക് ലേലവും—മററു നിശ്ചയങ്ങളോടുംകൂടി ബാങ്കിൻെറ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി 10-9-'53 | എ. എൽ. ശ്രീധരഷേണായി, ചെയർമാൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

സഭാചരിത്രപംക്തി (6)

# തിരുസ്സഭ പുറജാതികളുടെ മദ്ധ്യത്തിലേക്ക്

(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

യറുശലേമിലെ ക്രൈസ്തവപീഡനം വിശ്വാസത്തെ നശിപ്പിക്കുന്നതിനു പകരം അതിന്റെ പ്രചരണത്തിനു സഹായകമായിത്തീരുകയാണു ചെയ്തതു്. മർദ്ദനത്തിന്റെ രൂക്ഷതമൂലം നാലുപാടും ചിതറിക്കപ്പെട്ട ശിഷ്യഗണങ്ങൾ പോയ വഴിക്കെല്ലാം ജനഹൃദയങ്ങളിൽ വിശ്വാസത്തിന്റെ വിത്തുപാകി. ഏഴു ഡീക്കന്മാരിൽ ഒരാളായ ഫിലിപ്പു് സമേറിയായിൽ സുവിശേഷം പ്രചരിപ്പിച്ചു. യഹൂദവർഗ്ഗത്തിൽപ്പെടാത്ത ഒരു പുറജാതിക്കാരനെ ആദ്യമായി തിരുസ്സഭയിലേക്കു സ്വീകരിച്ചതു ഫിലിപ്പാണ്. എത്യോപ്യയിലെ രാജ്ഞിയായ കാൻഡേസി (Caudace)യുടെ ഖജനാവു സൂക്ഷിപ്പുകാരനായിരുന്ന ഈ പുറജാതിക്കാരൻ യറുശലേമിൽനിന്നും തീർത്ഥാടനം കഴിഞ്ഞു മടങ്ങുന്നവഴിക്കു് ഫിലിപ്പിനെ കണ്ടുമുട്ടുകയും അയാളിൽനിന്നും സുവിശേഷം ഗ്രഹിച്ചു് ജ്ഞാനസ്നാനം സ്വീകരിക്കയും ചെയ്തു. സമേറിയാദേശത്തു് ഫിലിപ്പിനു കൈവന്ന വിജയത്തിൽ സന്തുഷ്ടരായി വി. പത്രോസും വി. യോഹന്നാനും യറുശലേമിലെ അവരുടെ നിഗൂഢവാസം ഉപേക്ഷിച്ചു് സമേറിയായിലെത്തിച്ചേർന്നു. അവിടത്തെ സഭാകാര്യങ്ങളെപ്പറ്റി വാത്സല്യപൂർവ്വം അന്വേഷിക്കുകയും പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവരുടെമേൽ കൈവച്ചു് പരിശുദ്ധാരൂപിയുടെ അനുഗ്രഹങ്ങൾ അവർക്കു് പ്രദാനം ചെയ്യുകയും ചെയ്തു. വടക്കു സിസേറിയാ നഗരംവരെയും ഫിലിപ്പിന്റെ സുവിശേഷപ്രചരണം ചെന്നെത്തുകയുണ്ടായി. ഫിലിസ്റ്റൈൻ വർഗ്ഗക്കാരുടെ ഇടയ്ക്കും അദ്ദേഹം ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. താമസംവിനാ പലസ്തീനാരാജ്യത്തിന്റെ നീണ്ട കടലോരത്തിൽ ഉള്ള എല്ലാ പ്രധാനസ്ഥാനങ്ങളിലും ക്രൈസ്തവസമൂഹങ്ങൾ രൂപം പ്രാപിച്ചു. ഇതെല്ലാം ഫിലിപ്പിന്റെ നിസ്തന്ദ്രമായ പരിശ്രമത്തിന്റെ ഫലമായിരുന്നു.


പത്രോസ് ഈ ക്രൈസ്തവസമൂഹങ്ങളെ സന്ദർശിക്കുകയും കുറേക്കാലത്തേക്കു് ജാഫാ (Jaifa) തന്റെ പ്രവർത്തനകേന്ദ്രമാക്കുകയുംചെയ്തു. ഇതു് A. D. 40-ാമാണ്ടോടടുത്താണ്.

ഇക്കാലത്തു് സിസേറിയായിൽ താവളമുറപ്പിച്ചിരുന്ന റോമൻ സൈന്യത്തിൽ കോർണേലിയസ് എന്നു പേരായ ഒരു ശതാധിപനുണ്ടായിരുന്നു. അയാൾ നീതിമാനും ദൈവഭയമുള്ളവനുമായിരുന്നു. ഒരു ദിവസം ഒരു ദൈവദൂതൻ അയാൾക്കു് പ്രത്യക്ഷപ്പെട്ടു് അയാളുടെ പ്രാർത്ഥനകളും സൽക്കർമ്മങ്ങളും ദൈവത്തിനു് ഏറ്റം പ്രിയങ്കരമായിരിക്കുന്നു എന്നും ജാഫായിൽ ഒരു തുകൽവ്യാപാരിയുടെകൂടെ താമസിക്കുന്ന ശിമയോൻ പത്രോസ് എന്നയാളെ ആളയച്ചു വരുത്തണമെന്നും അറിയിച്ചു. കോർണേലിയസ് ദൈവഹിതം അനുസരിച്ചു് പത്രോസിന്റെ പക്കലേക്കു് ആളെ അയച്ചു. അക്കാലത്തു് പുറജാതിക്കാരെ ക്രിസ്തുമതത്തിലേക്കു സ്വീകരിക്കുന്നതിനെ സംബന്ധിച്ചു് യഹൂദരായ ക്രിസ്ത്യാനികളുടെ ഇടയിൽ വലിയ എതിർപ്പുണ്ടായിരുന്നു. ക്രിസ്തുമതം യഹൂദർക്കുവേണ്ടിമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു വിഭാഗീകമതമാണെന്നും ഛേദനാചാരംകൊണ്ടും മോശയുടെ നിയമങ്ങളോടുള്ള വിധേയത്വംകൊണ്ടും യഹൂദനായിത്തീരാത്ത ആർക്കും ക്രൈസ്തവസഭയിൽ പ്രവേശനം അനുവദിച്ചുകൂടെന്നും ആയിരുന്നു അവരുടെ വാദം. അപ്പസ്തോലപ്രധാനനായ പത്രോസിനെ ഈ പ്രശ്നം വളരെ അലട്ടുന്നുണ്ടായിരുന്നു. ജാഫായിൽ താമസിച്ചിരുന്ന കാലത്തു് പത്രോസിനും ഒരു ദർശനമുണ്ടായി. ചില ഭോജ്യങ്ങളെ നിഷിദ്ധങ്ങളെന്നു വിധിച്ചിരുന്ന മോശയുടെ നിയമം അസാധുവായിരിക്കുന്നു എന്നും പുറജാതികൾക്കും ശുദ്ധീകരണത്തിനവകാശമുണ്ടെന്നും, ദൈവം ശുദ്ധീകരിച്ചിട്ടുള്ളതിനെ യാതൊന്നിനെയും അശുദ്ധമായിക്കരുതിക്കൂടെന്നും ആയിരുന്നു ആ ദിവ്യസന്ദേശത്തിന്റെ താല്പര്യം. തന്മൂലം കോർണേലിയസിന്റെ ദൂതന്മാർ വന്നു വിളിച്ചപ്പോൾ, ധൈര്യമവലംബിച്ചുകൊണ്ടു് അപ്പസ്തോലൻ അവരെ അനുഗമിച്ചു. കോർണേലിയസിന്റെ വീട്ടിലെത്തി അയാളെയും കുടുംബാംഗങ്ങളെ മുഴുവനും ജ്ഞാനസ്നാനപ്പെടുത്തി. തിരുസ്സഭയെ ആശ്ലേഷിച്ച ആദ്യത്തെ റോമ്മാക്കാരനാണു് കോർണേലിയസ്. കോർണേലിയസിന്റെ ജ്ഞാനസ്നാനത്തെപ്പറ്റിയുള്ള വാർത്ത യറുശലേമിലെ യഹൂദക്രിസ്ത്യാനികളുടെ ഇടയിൽ വലിയ കോളിളക്കംതന്നെ ഉണ്ടാക്കി. ദൈവഹിതം അനുസരിച്ചാണു് താൻ പ്രവർത്തിച്ചിട്ടുള്ളതെന്നു് പത്രോസ് അവരെ ധരിപ്പിച്ചു് തൽക്കാലത്തേക്കു് അവരെ നിശ്ശബ്ദരാക്കി.

യറുശലേമിലെ മതമർദ്ദനത്തിൽനിന്നും രക്ഷപെട്ടോടിയ ക്രിസ്ത്യാനികളിൽ ചിലർ വടക്കു് ഫിനീഷ്യ, സിറിയാ മുതലായ പ്രദേശങ്ങൾ വരെയും ചെന്നെത്തിയിരുന്നു. ഇവരിൽ ചിലർ പൗരസ്ത്യദേശത്തിന്റെ കേന്ദ്രമായി അന്നു പരിലസിച്ചിരുന്ന അന്ത്യോക്യയിൽ താമസമുറപ്പിച്ചു. അക്കാലത്തു് ഈ നഗരത്തിലെ ജനസംഖ്യ അഞ്ചുലക്ഷത്തിൽ കൂടുതലായിരുന്നു. നഗരവാസികളുടെ സംസാരഭാഷയായ ഗ്രീക്കിൽ നല്ല പ്രാവീണ്യം സമ്പാദിച്ചിരുന്നതുകൊണ്ടു് അഭയാർത്ഥികളായി അവിടെ എത്തിച്ചേർന്ന ക്രിസ്തീയ പ്രേഷിതന്മാർക്കു് പൗരാവലിയോടു പ്രസംഗിക്കുന്നതിനും അസംഖ്യം പുറജാതിക്കാരെ തിരുസ്സഭയിലേക്കു് ആകർഷിക്കുന്നതിനും സാധിച്ചു. അന്ത്യോക്യയിലെ ക്രൈസ്തവസമൂഹം ദ്രുതഗതിയിൽ വളർന്നുകൊണ്ടിരുന്നു. സഭാകാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി സൈപ്രസ് സ്വദേശിയായ ബാർണബാസ് എന്നയാളെ അപ്പസ്തോലന്മാർ യറുശലേമിൽനിന്നും അന്ത്യോക്യയിലേക്കയച്ചു. അവിടത്തെ പ്രത്യേക സാഹചര്യങ്ങളിൽ ഏകനായി പ്രവർത്തിക്കുന്നതു ദുസ്സാധമെന്നുകണ്ടു് ബാർണബാസ് തന്റെ സ്നേഹിതനായ ടാർഷസ്സിലെ പൗലോസിനെ അന്വേഷിച്ചു കണ്ടുപിടിച്ചു് വീണ്ടും അന്ത്യോക്യയിലേക്കു കൊണ്ടുവന്നു. ഒരു വർഷം മുഴുവനും സഭയെ സംഘടിപ്പിച്ചുകൊണ്ടും മാനസാന്തരപ്പെട്ട അസംഖ്യം ആളുകൾക്കു മതബോധനം നൽകിക്കൊണ്ടും രണ്ടുപേരും അന്ത്യോക്യയിൽ കഴിച്ചുകൂട്ടി.

ക്രിസ്തുവിന്റെ അനുഗാമികൾ "ക്രിസ്ത്യാനികൾ" എന്ന പേരിനാൽ ആദ്യമായി വിളിക്കപ്പെട്ടതു് അന്ത്യോക്യയിൽവച്ചാണെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമത്രെ. യഹൂദന്മാരിൽനിന്നും തിരിച്ചറിയുന്നതിനുവേണ്ടി പുറജാതിക്കാർ അവരെ ക്രിസ്ത്യാനികളെന്നു വിളിച്ചു. അന്നുവരെയും അവർ ഗലീലേയന്മാരെന്നും നസ്രായന്മാരെന്നും മറ്റുമാണു് അറിയപ്പെട്ടിരുന്നതു്. അവർ തമ്മിൽ തമ്മിൽ സഹോദരന്മാർ, വിശ്വാസികൾ, രക്ഷകന്റെ ശിഷ്യന്മാർ, പുണ്യവാന്മാർ എന്നുംമറ്റുമാണു് വിളിച്ചുവന്നിരുന്നതു്.

ക്രിസ്തുമതം സ്വീകരിക്കുന്ന പുറജാതിക്കാർ യഹൂദനിയമവിധികൾ അനുഷ്ഠിക്കേണ്ടതില്ലെന്നു് അപ്പസ്തോലന്മാരുടെ കൗൺസിൽ ഏകകണ്ഠമായി തീരുമാനിച്ചു. യറുശലേമിലെ മതപീഡനത്തിന്റെ രൂക്ഷത ക്രമേണ കുറഞ്ഞുവന്നു. 41 A. D. യിൽ റോമൻ ചക്രവർത്തിയായ ക്ലോഡിയസിന്റെ കല്പനയനുസരിച്ചു് ഹേറോദേസ് അഗ്രിപ്പാ (Herod Agrippa) യഹൂദന്മാരുടെ രാജാവായി അവരോധിക്കപ്പെട്ടു. അഗ്രിപ്പാ യഹൂദമതത്തോടു തീക്ഷ്ണമായ ഭക്തിയുള്ള ആളായിരുന്നു. ക്രിസ്തുവിന്റെ അനുഗാമികളെ അയാൾ കഠിനമായി വെറുത്തിരുന്നു. ക്രിസ്ത്യാനികളോടുള്ള തന്റെ വിദ്വേഷത്തിന്റെ ബഹിർസ്ഫുരണം എന്നവണ്ണം അയാൾ വീണ്ടും മതപീഡനം അഴിച്ചുവിട്ടു. യഹൂദവർഗ്ഗത്തിന്റെ വൈരാഗ്യസംതൃപ്തിക്കുവേണ്ടി ഒരു അപ്പസ്തോലനെത്തന്നെ ബലികഴിക്കണമെന്നു് അയാൾ നിശ്ചയിച്ചു. പീഡകന്മാരുടെ കൈയിൽ ആദ്യം അകപ്പെട്ടതു് ജയിംസ് (James the Elder) അപ്പസ്തോലനാണു്. 44 A. D. യിൽ ബന്ധനസ്ഥനാക്കപ്പെട്ട ജയിംസിനെ ഗളച്ഛേദം ചെയ്യുവാൻ അഗ്രിപ്പാ കല്പനകൊടുത്തു. പഴയ ഒരു പാരമ്പര്യമനുസരിച്ചു്, അപ്പസ്തോലന്റെ വിശ്വാസദാർഢ്യം കണ്ടു് അദ്ദേഹത്തിന്റെമേൽ കുറ്റാരോപണം നടത്തിയ ആളിനു് ഹൃദയപരിവർത്തനമുണ്ടാവുകയും അയാളും അവിടെവച്ചുതന്നെ ക്രിസ്തുമതം സ്വീകരിക്കയുംചെയ്തു. രണ്ടുപേരേയും വധക്കളത്തിലേക്കു് ഒരുമിച്ചുകൊണ്ടുപോയി. അവിടെ വച്ചു് അപ്പസ്തോലൻ അയാളെ ചുംബിച്ചുകൊണ്ടു് അയാൾക്കു് ക്രിസ്തുവിന്റെ സമാധാനം നൽകി. രണ്ടുപേരും ഒരുമിച്ചുതന്നെ വധിക്കപ്പെടുകയുംചെയ്തു. അങ്ങനെ അപ്പസ്തോലന്മാരിൽവച്ചു് രക്തസാക്ഷിമകുടം ചൂടുവാനുള്ള



മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ അടക്കംചെയ്യുന്നതിനായി കൊടുങ്ങല്ലൂരിൽ പുതുതായി പണികഴിച്ചിരിക്കുന്ന കപ്പേള. അടുത്ത ഡിസംബർ 6-ാംതീയതി കർദ്ദിനാൾ ടിസ്സെരാങ്ങ് തിരുമനസ്സുകൊണ്ടു ഈ കപ്പേള വെഞ്ചരിക്കുന്നതും ഇതിൽ വി. തോമ്മാശ്ലീഹായുടെ തിരുശ്ശേഷിപ്പുകൾ സ്ഥാപിക്കുന്നതുമാണ്.

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## VII. മാർ ദിവന്നാസ്യോസ് തിരുമേനിയുമായി നടന്ന അവസാന കൂടിക്കാഴ്ച

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

വട്ടശ്ശേരിൽ ബ. ഗീവറുഗീസു മല്പാൻ (മാർ ദീവന്നാസ്യോസ്) കോട്ടയം പഴയസെമ്മിനാരിയിൽ ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ചുകൊണ്ടിരുന്ന കാലയളവിലായിരുന്നു മാവേലിക്കരനിന്നും പി. ററി. ജോർജ്ജ് എന്ന പേരോടുകൂടിയ ബാലൻ (മാർ ഈവാനിയോസ്) ഹൈസ്കൂൾ പഠനാർത്ഥം കോട്ടയത്തു് എത്തിച്ചേർന്നതു്. എം. ഡി. സെമ്മിനാരി ഹോസ്റ്റലിൽ താമസിച്ചുകൊണ്ടു് V ഫാറം, മട്രിക്കുലേഷൻ എന്നീ ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരുന്ന ജോർജ്ജ് സഹവിദ്യാർത്ഥികളുടെയും അദ്ധ്യാപകന്മാരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായിത്തീർന്നു. ഇതരവിദ്യാർത്ഥികളെ അപേക്ഷിച്ച് പഠനത്തിലും സ്വഭാവത്തിലും സമുന്നതമായ സ്ഥാനം കരസ്ഥമാക്കിയിരുന്ന പ്രസ്തുത ബാലനിൽ പുലിക്കോട്ട മാർ ദീവന്നാസ്യോസു തിരുമേനിക്കും വട്ടശ്ശേരിൽ ഗീവറുഗീസുമല്പാനും പ്രത്യേകവാത്സല്യം ഉളവായതിൽ അത്ഭുതത്തിനവകാശമില്ല. മട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമായ നിലയിൽ പാസ്സായ പി. ററി. ജോർജ്ജിനു ശെമ്മാശുപട്ടം നൽകുന്നതിനും, അനന്തരം കോട്ടയം കോളെജിലും പിന്നീടു മദ്രാസ് ക്രിസ്ത്യൻ കോളെജിലും ഉപരിവിദ്യാഭ്യാസാർത്ഥം അയക്കുന്നതിനും, അതിലേക്കു് ആവശ്യകമായ ചെലവിൽ ഒരുഭാഗം സമുദായം വകയായി വഹിക്കുന്നതിനും വേണ്ട പ്രേരണ പുലിക്കോട്ട തിരുമേനിക്കു നൽകിയതു വട്ടശ്ശേരിൽ മല്പാനായിരുന്നു.

ഉത്കൃഷ്ടനിലയിൽ എം. എ. ബിരുദം കരസ്ഥമാക്കിയശേഷം 1907-ൽ മദ്രാസിൽനിന്നും മടങ്ങിയെത്തിയ പി. ററി. ഗീവറുഗീസു ശെമ്മാശനെ എം. ഡി. സെമ്മിനാരി ഹൈസ്കൂൾ പ്രിൻസിപ്പാളായി പുലിക്കോട്ട തിരുമേനി നിയമിച്ചതും വട്ടശ്ശേരിൽ മല്പാന്റെ ശുപാർശ അനുസരിച്ചായിരുന്നു. അടുത്തവർഷംതന്നെ വട്ടശ്ശേരിൽ മല്പാൻ യറുശലത്തേക്കുപോയി അന്ത്യോക്യാ പാത്രിയർക്കീസായ അബ്ദുള്ളാ ബാവായിൽനിന്നും "മാർ ദിവന്നാസ്യോസ്" എന്ന പേരിൽ മെത്രാൻ പട്ടം ഏററു് ഇവിടെ മടങ്ങിയെത്തുകയുണ്ടായി. അധികാലതാമസമെന്യേ (1909-ൽ) ഗീവറുഗീസു ശെമ്മാശൻ പൗരോഹിത്യപദവിയിലേക്കു് ഉയർത്തപ്പെടുകയും അങ്ങനെ "എം. എ. അച്ചൻ" എന്ന അപരാഭിധാനത്താൽ അറിയപ്പെടുകയുംചെയ്തു. അക്കാലഘട്ടത്തിൽ ഇവിടെ ആഗതനായ അബ്ദുള്ളാ പാത്രിയർക്കീസും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും തമ്മിൽ ലൗകികാധികാരത്തിനുവേണ്ടിയുള്ള വടംവലി ശക്തിമത്തായി ആരംഭിച്ചു. ഈ ഉഗ്രസമരത്തിൽ വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായി നിന്നു് സ്വജീവനെ തൃണവൽഗണിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രമുഖവ്യക്തികളിൽ അദ്വിതീയമായ സ്ഥാനമായിരുന്നു എം. എ. അച്ചനു് ഉണ്ടായിരുന്നതു്. എം. ഡി. സെമ്മിനാരി പ്രിൻസിപ്പാൾ സ്ഥാനത്തുനിന്നും വിരമിച്ചശേഷം സെറാംപൂർ കോളെജ് പ്രൊഫസർ ആയിരുന്നപ്പോഴും, പിന്നീടു ബഥനി ആശ്രമസ്ഥാപകൻ, ഈവാനിയോസ് മെത്രാൻ, ബഥനി മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന അവസരത്തിലും വട്ടശ്ശേരിൽ തിരുമേനിയുടെ അനുവാദം കൂടാതെ മാർ ഈവാനിയോസു തിരുമേനിയും ഈവാനിയോസ് തിരുമേനിയോടു് ആലോചനചോദിക്കാതെ വട്ടശ്ശേരിൽ തിരുമേനിയും യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നുള്ളതു് അനിഷേധ്യമായ ഒരു പരമാർത്ഥമത്രേ. അത്രമാത്രം സ്നേഹവും ബഹുമാനവും വിശ്വാസവും ആയിരുന്നു ഈ രണ്ടു വ്യക്തികൾ അക്കാലയളവിൽ പരസ്പരം പ്രകടിപ്പിച്ചുകൊണ്ടിരുന്നതു്. താഴെ ചേർക്കുന്ന രേഖകൾ ഈ വസ്തുത തെളിയിക്കുന്നതാണു്.

വട്ടശ്ശേരിൽ തിരുമേനിയെപ്പററി മാർ ഈവാനിയോസു തിരുമേനി "ഗിരിദീപ"ത്തിൽ എഴുതിയിരുന്നതിൽനിന്നും ഒരുഭാഗം ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:

"മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമേനിയെ നമ്മെപ്പോലെ അടുത്തറിഞ്ഞിട്ടുള്ളവർ വളരെ ദുർല്ലഭമാണെന്നാണു് നമ്മുടെ വിശ്വാസം. വിശാലമായ അവിടുത്തെ ഹൃദയത്തേയും അനന്യസാധാരണമായ അവിടുത്തെ സഹിഷ്ണുതയേയും നമുക്കു കുറെയൊക്കെ കാണുന്നതിനു സംഗതിയായിട്ടുണ്ടു്. എന്തും സഹിക്കത്തക്ക ഉറപ്പുകൂടിയ നെഞ്ചും, എന്തെല്ലാം കണ്ടാലും കേട്ടാലും അടയുകയോ കലങ്ങുകയോ ചെയ്യാത്ത കണ്ണും ചെവിയുമത്രേ ദൈവം അദ്ദേഹത്തിനു നൽകിയിട്ടുള്ളതു്. ഗംഭീരഹൃദയനായ തിരുമേനിയുടെ അന്തർഭാഗത്തെ മാർദ്ദവവും നാം അറിഞ്ഞിട്ടുള്ളതാണു്." (ഗിരിദീപം പുറം 17)

സെറാംപൂർ കോളെജ് പ്രൊഫസർ ആയിരുന്ന അവസരത്തിൽ (1917-ൽ) മാർ ഈവാനിയോസു തിരുമേനിക്കു് ദിവന്നാസ്യോസുതിരുമേനി അയച്ചുകൊടുത്ത ഒരു കത്തിൽ കീഴ്‌വര ഇട്ടുകൊണ്ടു് എഴുതിയിരുന്നതു് ഇപ്രകാരമാണു്:- "നമുക്കു് ഒരു വിശ്വസ്തനും സത്യസ്നേഹിതനുമുണ്ടെങ്കിൽ അതു താനാണെന്നു് നാം അറിയാത്തവനല്ല."

ശ്രീമാൻ പീലിപ്പോസു ജസ്റ്റി അവർകൾക്കു് അയച്ച ഒരു കത്തിൽ ഈവാനിയോസു തിരുമേനിയെപ്പററി ദിവന്നാസ്യോസ് തിരുമേനി എഴുതിയിരുന്ന ഭാഗം ശ്രദ്ധേയമത്രെ.

"ഇഹലോകത്തിൽ നമ്മുടെ ബഥനി മെത്രാച്ചനെപ്പോലെ നാം ആരേയും സ്നേഹിക്കുകയും വിശ്വസിക്കുകയും ഉണ്ടായിട്ടില്ല. നമ്മുടെ കാതോലിക്കാ ബാവായെക്കാളും നമ്മെക്കാൾതന്നെയും നാം അദ്ദേഹത്തെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തു."

ഏവംവിധം മുപ്പതുവർഷക്കാലത്തോളം (1900—1930-വരെ) "പിതാവും ഗുരുവു"മായി സ്വീകരിച്ചിരുന്ന വട്ടശ്ശേരിൽ തിരുമേനിയിൽനിന്നും കത്തോലിക്കാ പുനരൈക്യം മുഖേന മരണപര്യന്തം വേർപെടുക എന്നുള്ളതു മാർ ഈവാനിയോസു തിരുമേനിക്കും, "സ്വന്തം മകനും ഉത്തമസുഹൃത്തു"മെന്നാണം പരിഗണിച്ചിരുന്ന ഈവാനിയോസു തിരുമേനിയിൽനിന്നും എന്നന്നേക്കും അകലുക എന്നുള്ളതു വട്ടശ്ശേരിൽ തിരുമേനിക്കും എത്രമാത്രം സങ്കടജനകവും മർമ്മഭേദകവുമായ ഒരു സംഭവമായിരിക്കും എന്നുള്ളതു ഏകദേശം ഊഹിക്കാവുന്നതാണല്ലോ. എങ്കിലും ധീരഹൃദയനായ മാർ ഈവാനിയോസു തിരുമേനി ദൈവസ്നേഹത്തെപ്രതി മനസ്സാക്ഷിയുടെ പ്രേരണയ്ക്കു് അധീനനായി അവസാനം അതിനു സന്നദ്ധനാവുകതന്നെ ചെയ്തു.

കത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കുന്നതിനു സുമാർ മൂന്നു ആഴ്ചകൾക്കുമുമ്പു് പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിയായ തിരുമൂലപുരത്തു (തിരുവല്ല) മാർ ഈവാനിയോസു തിരുമേനിയെ അവസാനമായി കാണുന്നതിനുവേണ്ടി മാർ ദിവന്നാസ്യോസു തിരുമേനി ചെല്ലുകയുണ്ടായി. അവിടെവെച്ചു ഇരുവരും തമ്മിൽ നടത്തിയ സംഭാഷണവും സ്നേഹബഹുമാനപ്രകടനങ്ങളും ക്രോഡീകരിച്ചു് അന്നു് ബഥനിയിൽനിന്നും ഇറങ്ങി വെണ്ണിക്കുളത്തുള്ള ഒരു വീട്ടിൽ താമസിച്ചുകൊണ്ടിരുന്ന ആശ്രമസ്ഥർക്കു് മാർ ഈവാനിയോസു തിരുമേനി ഒരു കത്തു് കൊടുത്തയക്കുകയുണ്ടായി. മുപ്പതുവർഷക്കാലത്തോളം "ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളെപ്പോൽ" യോജിച്ചു പ്രവർത്തിച്ചിരുന്ന രണ്ടു ഹൃദയങ്ങൾ പിന്നീടു് ഒരിക്കലും യോജിക്കുവാൻ നിവൃത്തിയില്ലാത്തവിധം പരസ്പരം അകലുന്ന കാഴ്ച പ്രസ്തുതകത്തിലെ വർണ്ണനയിൽനിന്നും സൂക്ഷ്മദൃക്കുകളായ വായനക്കാർക്കു വീക്ഷിക്കാവുന്നതാകയാൽ അതിൽനിന്നും ഏതാനും ഭാഗങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു:-

തിരുവല്ലാ
9-1-'106

"......അതിനുശേഷം തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു് തിരുമല എത്തിയപ്പോൾ വല്യതിരുമേനി * അവിടെ ഉണ്ടായിരുന്നു. വന്നയുടനെ ഞാൻ ചാപ്പലിൽ പോയി പ്രാർത്ഥിച്ചു.

* വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു തിരുമേനി.




നമ്മുടെ കർത്താവിന്റെ തൃപ്പാദത്തിലുള്ള ഒരു ചെറിയ മുറിവു് എങ്കിലും കരിക്കുന്നതിനു് എന്നെ ആയിരം കഷണങ്ങളായി നുറുക്കി ആ മുറിവിൽ വെക്കാമെങ്കിൽ അതുതന്നെയാണു് വേണ്ടതെന്നു് എനിക്കു് തോന്നി. ആ മനസ്ഥിതിയോടുകൂടിയാണു് ഞാൻ തിരുമേനിയുടെ അടുക്കലേക്കു് ചാപ്പലിൽനിന്നും പോയതു്. "നീങ്ങളെ വിസ്താരത്തിനായി കൊണ്ടുപോകുമ്പോൾ എന്തു പറയണമെന്നു് ആലോചിക്കേണ്ട" എന്നുള്ള തിരുവചനപ്രകാരം നാം ഒന്നും ആലോചിച്ചില്ല. പറയേണ്ടതെല്ലാം ദൈവം പറഞ്ഞുതന്നു. നാം ചെന്നയുടനെ തിരുമേനിയുടെ പാദം മുത്തി ദൂരെ മാറി മുട്ടിന്മേൽ ഇരുന്നുംകൊണ്ടു പഞ്ചപുച്ഛങ്ങൾ അടക്കി തൊഴുതുകൊണ്ടു സങ്കടമായും അപേക്ഷയായും താഴെ ചേർക്കുംവിധം പറഞ്ഞു.

"ഞാൻ അവിടുത്തെ ഏതെങ്കിലും വിധത്തിൽ വേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തെ ഓർത്തു് ക്ഷമിക്കണം. എന്നെ അനുഗ്രഹിക്കണം. ദൈവത്തിന്റെ കല്പനയാണോ മനുഷ്യരുടെ ഇഷ്ടമാണോ ചെയ്യേണ്ടതു്?" ഇതിനു മറുപടി പറയാതെ, ഞാൻ കസേരയിൽ ഇരുന്നതിനുശേഷമേ സംസാരിക്കയുള്ളു എന്നു് അവിടുന്നു നിർബന്ധമായി കല്പിച്ചു. ചോദ്യത്തിന്റെ ഉത്തരം അപേക്ഷിച്ചുകൊണ്ടു് ഞാൻ തുടന്നു പറഞ്ഞു: "തിരുമനസ്സുകൊണ്ടു് ദൈവത്തെ നോക്കിയല്ലാ നില്ക്കുന്നതെന്നും മനുഷ്യരെ നോക്കിയാണു് നില്ക്കുന്നതെന്നുമാകുന്നു എന്റെ ബോദ്ധ്യം. അതുപേക്ഷിക്കണം."

വല്യതിരുമേനി: ഞാൻ എന്റെ ചുമതല നിവർത്തിക്കേണ്ടേ?

ഞാൻ: ഏതു ചുമതല, ദൈവം ഏല്പിച്ച ചുമതലയോ, മനുഷ്യർ ഏല്പിച്ച ചുമതലയോ?

വല്യതിരുമേനി: എന്റെ ജനത്തെ റോമായിൽ കൊണ്ടുപോകുമോ?

ഞാൻ: എന്റെ ജനമെന്നു് കല്പിക്കരുതേ! ദൈവത്തിന്റെ ജനമാകുന്നു.

വല്യതിരുമേനി: അവിടുന്നു് റോമായിൽ പോകുന്നോ?

ഞാൻ: ഞാൻ റോമായിൽ പോകുവാൻ നിശ്ചയിച്ചിട്ടില്ല. എന്നാൽ മാർപ്പാപ്പായും, പാത്രിയർക്കീസും, തിരുമേനിയും നാം എല്ലാവരുംകൂടെ യോജിച്ചു് കർത്താവിന്റെ ഏകസഭയായി തീരണം. ഈ വഴക്കുകളും ഭിന്നതകളും ദൈവികമല്ല.

വല്യതിരുമേനി: ബഥനിയിൽനിന്നും ഇറങ്ങിപ്പോന്നതു് എന്തുകൊണ്ടാണു്?

ഞാൻ: അസോസ്യേഷൻ യോഗത്തിനു പള്ളിപ്രതിപുരുഷന്മാരെ തിരഞ്ഞെടുപ്പാനുള്ള കല്പന തിരുവല്ലായിൽ കൊച്ചുമാമ്മച്ചന്റെപേർക്കു് അയച്ചുകൊടുത്തതായി കേട്ടു. അതു ശരിയാണോ?

വല്യതിരുമേനി: അതെ, കൊച്ചുമാമ്മച്ചന്റെ പേർക്കാണു് കല്പന അയച്ചതു്.

ഞാൻ: തിരുവല്ലാ ബഥനിപ്പള്ളിക്കു് ഇടവകക്കാരില്ല. കൊച്ചുമാമ്മച്ചൻ ഇടവകക്കാരനല്ല. ഇടവക ചേരാൻ അപേക്ഷിച്ച മൂന്നാളുകളെ ചേർത്തിട്ടില്ല. അങ്ങനെയിരിക്കെ കൊച്ചുമാമ്മച്ചൻ ഒപ്പിടുവിച്ചു് അയച്ചുതരുന്ന അധികാരപത്രം ഒരു വ്യാജപ്രമാണം ആയിരിക്കും. ബഥനിപ്പള്ളി അസോസ്യേഷന്റെ കീഴിലാണെന്നു് വരുത്തുന്നതിനുവേണ്ടിയും ബഥനിക്കുവേണ്ടി വ്യവഹാരം ചെയ്യാൻ റിക്കാർട്ടുകൾ സമ്പാദിക്കുന്നതിനു വേണ്ടിയും തിരുമനസ്സുകൊണ്ടു് ഇങ്ങനെ ഒരു ശ്രമം ചെയ്കയാണെന്നു എനിക്കു തോന്നി. അവിടുന്നു് എന്റെ പിതാവാണു്. അവിടുന്നും ഞാനും തമ്മിൽ വാദിപ്രതികളായി വ്യവഹാരം നടത്തി ബഥനി വസ്തുക്കൾ കൈവശംവയ്ക്കേണ്ട യാതൊരാവശ്യവും എനിക്കില്ല. ഇതിനെപ്പററി ഞാൻ ആലോചിച്ചു. ബഥനിമല വിട്ടിറങ്ങണമെന്നു് വ്യാഴാഴ്ച വിശുദ്ധ കുർബ്ബാനസമയത്തു് എനിക്കു തോന്നി. അങ്ങനെതന്നെയെന്നു് തീർച്ചപ്പെടുത്തിയാണു് ഇറങ്ങിപ്പോന്നിരിക്കുന്നതു്.

വല്യതിരുമേനി: ഇപ്പോൾ എല്ലാവരും എവിടെ താമസിക്കുന്നു?

ഞാൻ: വെണ്ണിക്കുളത്തു് ഒരു വീട്ടിൽ താമസിക്കുന്നു. തിരുവല്ലായിലെ അരമനയും പള്ളിയും തിരുമനസ്സിലേക്കു് തരണമെന്നു് പലപ്പോഴും തോന്നിയിട്ടുണ്ടു്. അതു സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. മററു പള്ളികൾ സ്ഥലംതന്ന ആളുകൾക്കു് തിരികെ കൊടുക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ബഥനിയുടെ ഒരു പൈസായും റോമാക്കാർക്കു കൊടുക്കാൻ എനിക്കു് ഉദ്ദേശ്യമില്ല. വീണ്ടും ഞാൻ തുടന്നു പറഞ്ഞു: "പുലി

---

ഭാഗ്യം ആദ്യം സിദ്ധിച്ചതു് വി. ജയിംസിനാണു്.

അഗ്രിപ്പാ അതുകൊണ്ടും സംതൃപ്തനായില്ല. പീഡകന്റെ ഹസ്തം രണ്ടാമതു പതിച്ചതു് പത്രോസിന്റെ മേലാണു്. അപ്പസ്തോലമുഖ്യൻ ബന്ധനസ്ഥനാക്കപ്പെട്ടു. അദ്ദേഹത്തെയും വധിക്കണമെന്നായിരുന്നു അഗ്രിപ്പായുടെ ഉദ്ദേശ്യം. എന്നാൽ ഈ ആപദ്ഘട്ടത്തിൽ തിരുസ്സഭ മുഴുവൻ പത്രോസിനുവേണ്ടി പ്രാർത്ഥിച്ചു. അത്ഭുതകരമാംവണ്ണം ഒരു ദൈവദൂതൻ അദ്ദേഹത്തെ ബന്ധനവിമുക്തനാക്കി. മർദ്ദകനായ അഗ്രിപ്പാ അധികം താമസിയാതെ സിസേറിയായിൽ വച്ചു മരണമടഞ്ഞു. യറുശലേമിലെ മതപീഡനം അതോടെ പര്യവസാനിക്കയും തിരുസ്സഭയ്ക്കു സമാധാനം കൈവരികയും ചെയ്തു.

കോട്ട മെത്രാച്ചൻ ഈ റമ്പാച്ചൻ * പതിമൂന്നു വയസ്സുള്ള കാലത്തു് ആത്താറുവെച്ചു് ശെമ്മാശ്ശുപട്ടം കൊടുത്തു ശെമ്മാശ്ശനോടുകൂടെ കോട്ടയത്തു പഴയസെമ്മിനാരിയിൽ എത്തി. എം. ഡി. സെമ്മിനാരിയിൽനിന്നും എന്നെ ആളയച്ചു വിളിപ്പിച്ചു. ശെമ്മാശ്ശനെ എൻ്റെ കൈയിൽ പിടിച്ചു് ഏല്പിച്ചുകൊണ്ടു് "ഇതു നമ്മുടെ കുട്ടിയാണു്" എന്നു് എന്നോടു കല്പിച്ചു. ഉടനെ ഞാൻ വന്ദ്യ തിരുമേനിയുടെ കൈ മുത്തി ശെമ്മാശ്ശനെ കൈയേററു. അങ്ങനെയിരിക്കെ ഈ റമ്പാച്ചനെ എൻ്റെ അടുക്കൽനിന്നും പറഞ്ഞുവിടണമെന്നു് കാതോലിക്കാബാവാ എൻ്റെ പേർക്കു എഴുതി അയച്ചതു് എത്ര സങ്കടകരമാണു്!

വല്യതിരുമേനി: അതെപ്പററി രഹസ്യമായി സംസാരിക്കാം.

ഞാൻ: കാതോലിക്കാ ഫണ്ടു് ഉണ്ടാക്കരുതെന്നു് തിരുമനസ്സിലെ അടുക്കൽ ഞാൻ ഉപദേശിച്ചതുകൊണ്ടാണു് തിരുമനസ്സുകൊണ്ടു് അതിനെ പ്രതികൂലിച്ചതെന്നു് കാതോലിക്കാബാവാ ഈയിടെ പ്രസ്താവിച്ചതായി ഞാൻ അറിഞ്ഞു. ഞാൻ അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ?

വല്യതിരുമേനി: ബാവാ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു് കള്ളമാണു്. നേരെമറിച്ചു് കാതോലിക്കാഫണ്ടു് ഉണ്ടാക്കണമെന്നും അതു് ട്രസ്റ്റികളേയും മററും ഏല്പിക്കാതെ സ്വതന്ത്രമായി ബാവായുടെ കൈയിൽ ഇരിക്കത്തക്കവണ്ണം ബാവായെ ഏല്പിക്കണമെന്നും മാത്രമേ പറഞ്ഞിട്ടുള്ളൂ. അങ്ങനെ എഴുതി അയച്ചിട്ടുണ്ടു്.

ഞാൻ: "അവിടുത്തെ പാദം ഒന്നുകൂടി മുത്തിക്കൊണ്ടു് പള്ളിയിൽ ചെന്നു് ഉറങ്ങാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു ഞാൻ എഴുന്നേററു് പാദം പിടിച്ചു മുത്തി.

"ഞാൻ അവിടുത്തെ പാദം മുത്തുകയാണു് വേണ്ടതെ"ന്നു പറഞ്ഞുകൊണ്ടു് വല്യതിരുമേനി കട്ടിലിൽനിന്നും എഴുന്നേല്ക്കാൻ ഭാവിച്ചു. അപ്പോൾ ഞാൻ എഴുന്നേററു് മുറിയുടെ പുറത്തേക്കു ഓടിക്കളഞ്ഞു. "പരുമലയ്ക്കു വരുമോ?" എന്നു ചോദിച്ചു.

ഞാൻ: തിരുമനസ്സിലെ അടുക്കൽ വന്നുകൊള്ളാം. ഇപ്പോൾ വരുന്നില്ല. എഴുതി അയക്കുകയും ചെയ്തുകൊള്ളാം. ഇങ്ങനെ പറഞ്ഞിട്ടു ഞാൻ ചാപ്പലിലേക്കു് പോയി നന്നായി പ്രാർത്ഥിച്ചു.

രാവിലെ തിരുമേനി എഴുന്നേററു യാത്രപറവാൻ ചാപ്പലിൽ വന്നു. തമ്മിൽ സംസാരിച്ചു് അന്യോന്യം ചുംബനംചെയ്തു പിരിഞ്ഞു. ചുംബനംകഴിഞ്ഞു തിരുമനസ്സുകൊണ്ടു് പുറത്തിറങ്ങാനായി തിരിഞ്ഞപ്പോൾ ഞാൻ വീണ്ടും പുറകേചെന്നു് ഒന്നുകൂടി പുറത്തു് കെട്ടിപ്പിടിച്ചു് രണ്ടു പ്രാവശ്യംകൂടെ പുറത്തു് ചുംബിച്ചു മഠ്ബഹായിലേക്കു പോയി. വലിയ തിരുമേനി റമ്പാച്ചനോടു് ഏതോ പറഞ്ഞിട്ടു് പരുമലയ്ക്കും പോയി. ഇങ്ങനെ ഞങ്ങളുടെ കൂടിക്കാഴ്ച എത്രയും ദൈവികമായി നടന്നു.......

കരുണയുള്ള ദൈവം ഇത്ര സമൃദ്ധിയായി അനുഗ്രഹങ്ങൾ നമുക്കു് എല്ലാവർക്കും തന്നിട്ടുള്ളതിനു് അവിടുത്തേക്കു് സ്തോത്രം. നന്നായി പ്രാർത്ഥിച്ചുകൊള്ളുക. തിരുമനസ്സുകൊണ്ടു് വളരെ നിർബന്ധിച്ചിട്ടാണു് എനിക്കു് എപ്പിസ്കോപ്പാസ്ഥാനം തന്നതു എന്നും ഞാൻ യാതൊരു വഞ്ചനയും ഇതേവരെ പ്രവർത്തിച്ചി

* നീ. വ. ശ്രീ പുലിക്കോട്ട ജോസഫ് റമ്പാൻ

ആദ്ധ്യാത്മികവീഥി (8)

# തീവ്രമായ ആഗ്രഹം

ദൈവത്തിൻ്റെ വത്സലമക്കളേ

നാം ദൈവത്തിനു ഇഷ്ടപ്പെട്ടവരായി ജീവിച്ചാൽ നമുക്കു തന്നെയും മററുള്ളവർക്കും അതുകൊണ്ടു വളരെ ഉപകാരമുണ്ടാകുമെന്നു പല ന്യായങ്ങളാൽ ഞാൻ തെളിയിച്ചു. ഇത്രയധികം സമയം ഇതിനു ചെലവഴിച്ചതെന്തിനാണെന്നു നിങ്ങൾ വല്ലവരും പക്ഷേ ചോദിച്ചേക്കാം. അതു പുണ്യപൂർണ്ണതയ്ക്കായി തീവ്രവും സ്ഥിരവും ഉള്ള ഒരാഗ്രഹം നിങ്ങളിൽ ഉല്പാദിപ്പിക്കാൻവേണ്ടിമാത്രമായിരുന്നു.

പുണ്യജീവിതം ക്ലേശപൂർണ്ണമാണു്. മരണംവരെ ദീർഘിക്കുന്ന അദ്ധ്വാനം അതിനു കൂടിയേതീരൂ. ഇപ്രകാരം സ്ഥിരമായി ദീർഘനാളത്തേക്കു അദ്ധ്വാനിക്കുന്നതിനുള്ള പ്രേരണ ലക്ഷ്യപ്രാപ്തിക്കായുള്ള തീവ്രമായ ആഗ്രഹം മാത്രമേ നമുക്കു നൽകുകയുള്ളൂ. പ്രസ്തുത ആഗ്രഹം നിലനിറുത്തിക്കൊണ്ടുപോകുന്നതിനു് ആദ്യത്തെ ലേഖനങ്ങൾ ഇടയ്ക്കിടെ വായിക്കുന്നതു നന്നായിരിക്കും. "ഇടവകയുടെ ശക്തികേന്ദ്രം" എന്ന രണ്ടാമത്തെ ലേഖനം പ്രത്യേകം സ്മരണീയമാണു്.

കഴിഞ്ഞ നവമ്പർ 4-ാംതീയതിയിലെ സത്യദീപത്തിൽ ഇന്നത്തെ കമ്മ്യൂണിസ്റ്റു വിപത്തിനെപ്പററിയും അതിനെ നേരിടേണ്ട മാർഗ്ഗങ്ങളെപ്പററിയും ചില ലേഖനങ്ങൾ ഉണ്ടായിരുന്നതു നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ദൈവത്തെ പരമാർത്ഥമായി സ്നേഹിക്കുന്ന ഒരുത്തനു് "ഇതൊന്നും എൻ്റെ കാര്യമല്ല" എന്ന മട്ടിൽ അടങ്ങിയിരിക്കുക സാദ്ധ്യമല്ല. തനിക്കു നിവൃത്തിയുള്ള സകല മാർഗ്ഗങ്ങളും പ്രയോഗിച്ചു ദൈവത്തിൻ്റെ ഭാഗം ജയിക്കുന്നതിനു അയാൾ ശ്രമിക്കും.

പ്രായോഗികമായി നമുക്കെന്താണു ചെയ്യാൻ കഴിയുകയെന്നുള്ളതു മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ ഇടയലേഖനത്തി ട്ടില്ലെന്നും തിരുമനസ്സുകൊണ്ടു കല്പിച്ചു. കരലക്കാട്ടിൽ അച്ചനും കുഞ്ഞൊന വക്കീലും കൂടെ ഉണ്ടായിരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

(ഒപ്പു്)

† ഈവാനിയോസു് ബഥനി

ലും "ക്രിസ്റ്റഫർമാർ ഉണരണം" എന്നുള്ള മി. ജോസഫ് ചാണ്ടിയുടെ ലേഖനത്തിലും കൊടുത്തിട്ടുണ്ടു്. കമ്മ്യൂണിസം ഒരു പൈശാചികശക്തിയാണു്. അതിനോടു് ഫലപ്രദമായി എതിരിടുന്നതിനു ദൈവികശക്തിതന്നെ വേണം. അതു പ്രാപിക്കുന്നതിനു തീവ്രമായ പ്രാർത്ഥനയും കഠിനമായ തപസ്സും കൂടിയേതീരൂ. കമ്മ്യൂണിസ്റ്റുകാർ ജഡികസുഖഭോഗങ്ങളിലേക്കു ജനങ്ങളെ ആകർഷിച്ചു ദൈവത്തിൽനിന്നു അവരെ അകററുന്നു. ആ അപകടത്തിൽ നാം അകപ്പെടാതിരിക്കുന്നതിനായി പാപകരമല്ലാത്ത സന്തോഷങ്ങളിൽപ്പോലും മിതത്വം കാക്കണം. കൂടാതെ നമ്മുടെയും മററുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമായി ബുധൻ, ശനി എന്നീ ദിവസങ്ങളിൽ മാംസം വർജ്ജിക്കുകയും കഴിയുമെങ്കിൽ എല്ലാ വെള്ളിയാഴ്ചയും അല്ലെങ്കിൽ ആദ്യവെള്ളിയാഴ്ചതോറുമെങ്കിലും ഉപവാസം അനുഷ്ഠിക്കയും ചെയ്യുന്നതു വളരെ ഉപകാരപ്രദമായിരിക്കും. കല്പിക്കപ്പെട്ട സംഗതിയൊന്നും അല്ലാത്തതിനാൽ മറേറതെങ്കിലും ദിവസം ഓരോരുത്തൻ്റെയും സൗകര്യംപോലെ മാംസവർജ്ജനമോ ഉപവാസമോ ആചരിക്കാം. അല്ലെങ്കിൽ മറെറന്തെങ്കിലും തപക്രിയ ചെയ്യാം. എന്താണെങ്കിലും നമുക്കു കുറെ വിഷമമുള്ള കാര്യമായിരിക്കണമെന്നുള്ളതു നിർബന്ധമാണു്. കുറേപ്പേരെങ്കിലും ഇങ്ങനെ ആത്മാർത്ഥമായി പ്രാർത്ഥിക്കയും തപസ്സുചെയ്യുകയും ചെയ്യുന്നപക്ഷം ദൈവം തൻ്റെ കാരുണ്യത്താൽ ഈ മഹാവിപത്തിൽനിന്നു നമ്മെ രക്ഷിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. ഇപ്പോൾ ബുദ്ധിമുട്ടാൻ കഴിയുകയില്ലെങ്കിൽ, മററു രാജ്യങ്ങളിലെ അനുഭവം നമുക്കും ഉണ്ടായി നമ്മുടെ മനസ്സിനു വിരുദ്ധമായിത്തന്നെ വളരെ കൂടുതൽ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടതായിവരും. അതിനിടയാകാതെ ദൈവം നമ്മെ കാക്കട്ടെ. എന്നു്

സ്വന്തം ആത്മപിതാവു്.

സത്യദീപം വരിസംഖ്യ

| | | പ്രതിവർഷം |
|---|---|---|
| ഇൻഡ്യയിൽ | ക. | 6— 8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |





| | |
|---|---|
| Calico | 0—14—0 |
| Black Leather | 1— 2—0 |
| Gilt | 2— 0—0 |


യൗസേപ്പുപുണ്യവാൻ്റെയും വി. യൂദാ തദേവൂസ്സു് ശ്ലീഹായുടേയും മാദ്ധ്യസ്ഥതാലും അൽഫോൻസമ്മയുടെ സഹായത്താലും എൻ്റെ സുഖക്കേടു മാറിയതിനു് ഉപകാരസ്മരണ.

Antony Narakatt
Edavanakad

## വിനോദവീഥി




* * *

കൊളംബിയാ യൂണിവേഴ്സിററിയിലെ ഒരു തത്വശാസ്ത്രപ്രഫസർ സായാഹ്നവിശ്രമാർത്ഥം തൻ്റെ സ്നേഹിതനായ മറെറാരു പ്രഫസരുടെ വീട്ടിലേക്കു ചെന്നു. രസകരമായ സംഭാഷണം അങ്ങനെ നീണ്ടുനീണ്ടുപോയി. പാതിരാ കഴിഞ്ഞിട്ടും ഇരുവരും പിരിയുന്ന മട്ടില്ല. മണി രണ്ടടിച്ചതു കേട്ടപ്പോൾ സ്നേഹിതനായ പ്രഫസർ പറഞ്ഞു:

"സംഭാഷണം നിറുത്തി സാറിനെ വിടുന്ന കാര്യത്തിൽ എനിക്കു വലിയ സങ്കടമുണ്ടു്. എങ്കിലും രാവിലെ 9മണിക്കു് എനിക്കൊരു ക്ലാസ്സു നടത്തേണ്ടിയിരിക്കുന്നു."

വിവർണ്ണവദനനായ തത്വശാസ്ത്രപ്രഫസർ സംഭ്രമത്തോടുകൂടി ചുററും നോക്കിക്കൊണ്ടു് ചോദിച്ചു: "അല്ല! ഞാൻ സാറിൻ്റെ വീട്ടിലാണോ ഇരിക്കുന്നതു്! ഞാനോർത്തു സാർ എൻ്റെ വീട്ടിൽ വന്നിരിക്കയാണെന്നു്!"

* * *

"എന്താ നിങ്ങളുടെ വിരലിൽ ഒരു കെട്ടു കാണുന്നല്ലോ; മുറിവു വല്ലതും പററിയോ?"

"ഇല്ല. ഞാനൊരു ലററർ പോസ്റ്റു് ചെയ്യാൻ മറന്നുപോകാതിരിക്കാൻവേണ്ടി എൻ്റെ ഭാര്യ കെട്ടിയതാണതു്."

"എന്നിട്ടു് ലററർ പോസ്റ്റു് ചെയ്തോ?"

"ഇല്ല. അതെന്നെ ഏല്പിക്കാൻ ഭാര്യ മറന്നുപോയി."



മെ. പോൾ വറുഗീസു് & കമ്പനി ലിമിററഡിൻ്റെ പ്രവർത്തകർ, 1953 നവമ്പർ 12-ാം തീയതി രാവിലെ 9 മണിക്കു് എറണാകുളം അതിമെത്രാസനാരമനയിൽവച്ചു് അത്യുന്നത കർദ്ദിനാൾ തിസ്സെറാങ്ങ് തിരുമേനിയെ സന്ദർശിച്ചു്, അടുത്തുതന്നെ കമ്പനിവകയായി പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന ക്രിസ്ത്യൻ ഡയറക്ടറിയിൽ ഉൾക്കൊള്ളിക്കുന്ന വിവിധ ഫോട്ടോകളടങ്ങിയ കമനീയമായ ഒരു ഫോട്ടോ ആൽബം തിരുമേനിക്കു സമർപ്പിക്കുകയുണ്ടായി. തദവസരത്തിൽ സിററി സ്റ്റുഡിയോക്കാർ എടുത്ത ഫോട്ടോകളാണു് മുകളിൽ കാണുന്നതു്. തിരുമേനി കമ്പനിപ്രവർത്തകരുമായി ക്രിസ്ത്യൻ ഡയറക്ടറിയെപ്പററി അത്യധികം സന്തോഷപൂർവ്വം പലതും കല്പിച്ചു സംസാരിക്കുകയും ഈ പ്രസ്ഥാനത്തെപ്പററി നേരിട്ടു് അറിയുവാൻ സന്ദർഭമുണ്ടായതിൽ സംതൃപ്തി പ്രകടിപ്പിക്കുകയും അതിനു സകല വിജയങ്ങളും ആശംസിക്കുകയുംചെയ്തു. പ്രസ്തുത ഡയറക്ടറിയിൽ ഇനിയും ഉൾപ്പെടുത്താൻ പോകുന്ന ഫോട്ടോകൾകൂടി റോമിൽ തിരുമേനിയുടെ പേർക്കു് അയച്ചുകൊടുക്കണമെന്നും തിരുമേനി തദവസരത്തിൽ കല്പിക്കുകയുണ്ടായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റൈറ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. ഏ., ഡി. ഡി.

Vol. 27 | ERNAKULAM, NOVEMBER 25, 1953 | No. 14


# മേരിയൻവർഷം തുടങ്ങും ഡിസംബർ 8-ാം തീയതി

അത്യുന്നതകർദ്ദിനാൾ ടിസ്സെരാങ്ങ് തിരുമനസ്സുകൊണ്ട് എറണാകുളത്തെ പൊതുവായ സ്വീകരണയോഗത്തിൽ ചെയ്ത പ്രസംഗത്തിനിടയിൽ, നമ്മുടെ പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിട്ടുള്ള മേരിയൻ വർഷത്തെപ്പററി ഊന്നിപ്പറയുകയുണ്ടായല്ലോ. ദൈവത്തിന്റെയും നമ്മുടേയും മാതാവായ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തി തിരുസ്സഭയിൽ ആദ്യകാലംമുതൽ വളർന്നുകൊണ്ടാണ് പോന്നിട്ടുള്ളതെന്നും, ഇന്ന് ആ ഭക്തിക്ക് വളരെ പ്രധാനമായ സ്ഥാനം ലഭിച്ചിട്ടുണ്ടെന്നും, തിരുസ്സഭയ്ക്ക് ഇന്നു നേരിട്ടിരിക്കുന്ന വൈഷമ്യങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കിത്തരണമെന്ന് മാതാവിനോട് പ്രത്യേകവിധത്തിൽ സകലരും പ്രാർത്ഥിക്കേണ്ടതാണെന്നും തിരുമേനി പ്രസ്താവിച്ചു. മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി 9-ാം പീയൂസ് മാർപ്പാപ്പാ 1854 ഡിസംബർ 8-ാംനു പ്രഖ്യാപിച്ച ചരിത്രവസ്തുതയും, ആ മഹാസംഭവത്തിന്റെ ശതാബ്ദപൂർത്തി പ്രമാണിച്ച് അടുത്ത ഡിസംബർ 8-ാംനു മുതൽ 1954 ഡിസംബർ 8-ാംനു-വരെയുള്ള കാലഘട്ടം മേരിയൻവർഷമായി ഇപ്പോഴത്തെ പരിശുദ്ധ പിതാവ് പ്രഖ്യാപിച്ച പുതിയ വസ്തുതയും തിരുമേനി അനുസ്മരിപ്പിച്ചു. മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ട് 4 വർഷം കഴിഞ്ഞപ്പോൾ, 1858-ൽ, ലൂർദ്ദിൽ ബർണദെററ് എന്ന പാവപ്പെട്ട ബാലികയ്ക്ക് മാതാവ് പ്രത്യക്ഷപ്പെട്ടതും, താനാരാണെന്ന് ആ ബാലിക ചോദിച്ചപ്പോൾ "ഞാൻ അമലോത്ഭവമാകുന്നു" എന്നു മാതാവ് മറുപടി പറഞ്ഞതും, അങ്ങനെ പരിശുദ്ധ പിതാവിന്റെ വിശ്വാസസത്യപ്രഖ്യാപനത്തെ മാതാവ് സ്ഥിരീകരിച്ചതും, അന്നുമുതൽ ആ പുണ്യതീർത്ഥത്തിൽ മാതാവുവഴിയായി യഥാർത്ഥമായ അത്ഭുതരോഗശാന്തികളും മാനസാന്തരങ്ങളും അനേകങ്ങളായി നടന്നുകൊണ്ടിരിക്കുന്നതും തിരുമേനി സൂചിപ്പിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണത്തെ ഒരു വിശ്വാസസത്യമായി ഇപ്പോഴത്തെ പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചതോടുകൂടി മാതാവിന്റെ പരിപൂർണ്ണമായ പാപരാഹിത്യത്തിന് തിരുസ്സഭ വഴിയായി ദൈവം മകുടം ചാർത്തിയെന്നും തിരുമേനി ചൂണ്ടിക്കാണിച്ചു. മേരിയൻവർഷത്തിൽ താൻ പ്രവേശിക്കുന്നത് കേരളീയകത്തോലിക്കരുടെയിടയിൽ സന്നിഹിതനായിരിക്കുന്ന അവസരത്തിലാണെന്ന ചിന്ത തനിക്കേററം ആനന്ദകരമായിരിക്കുന്നു എന്നും തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചു. അതെ, മാർപ്പാപ്പാ കഴിഞ്ഞാൽ തിരുസ്സഭയിലെ ഏററവും ഉന്നതസ്ഥാനീയനായ ഈ കർദ്ദിനാൾ തിരുമേനി നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്ന അവസരത്തിൽ മേരിയൻ വർഷത്തിലേക്ക് പ്രവേശിക്കുവാനുള്ള സൗഭാഗ്യം നമുക്കു ലഭിച്ചിരിക്കുന്നു. നമ്മുടെ രൂപതകൾതോറും നടത്തിക്കൊണ്ടിരിക്കുന്ന സന്ദർശനങ്ങൾക്കിടയിൽ പരിശുദ്ധ പിതാവിന്റെ നാമത്തിൽ തിരുമേനി നമുക്കു നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ മേരിയൻവർഷം യഥാവിധി ഭക്തിപുരസ്സരം ആചരിക്കുവാൻ നമ്മെ പ്രാപ്തരാക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

### മേരിയൻവർഷത്തെപ്പററി വിശ്വലേഖനം

പരിശുദ്ധ പിതാവ് മേരിയൻവർഷം പ്രഖ്യാപനംചെയ്തത് "ഫുൾജെൻസ് കൊറോണ" (Fulgens Corona) എന്ന ലത്തീൻ വാക്കുകളോടുകൂടി ആരംഭിക്കുന്നതും ഇക്കഴിഞ്ഞ സെപ്റ്റംബർ 8-ാംനു പ്രസിദ്ധം ചെയ്തതുമായ വിശ്വലേഖനംവഴിയായിട്ടാണ്. (പ്രസ്തുത വിശ്വലേഖനത്തിന്റെ പരിഭാഷ ഈ ലക്കം മുതൽ സത്യദീപത്തിൽ പ്രസിദ്ധീകരിക്കാനാരംഭിച്ചിരിക്കുന്നു.) അതിന്റെ ആദ്യഭാഗത്ത് മാതാവിന്റെ അമലോത്ഭവത്തെപ്പററി, അതു വിശ്വാസസത്യമായി പ്രഖ്യാപിച്ചുകൊണ്ട് 9-ാം പീയൂസ് മാർപ്പാപ്പാ പ്രസിദ്ധംചെയ്ത "ഇന്നെഫാബിലിസ് ദേവൂസ്" (Ineffabilis Deus) എന്ന വിശ്വലേഖനത്തിലെ ആശയങ്ങളുടെ സംക്ഷേപം നൽകി, പ്രതിപാദിക്കുന്നു. ആ വിശ്വാസസത്യം വേദപുസ്തകത്തിൽ പ്രവചനരൂപേണ ആദ്യംമുതൽ അടങ്ങിയിട്ടുള്ളതാണ്; മാതാവിന്റെ പരിപൂർണ്ണമായ പുണ്യത്തേയും ശുദ്ധിയേയുംകുറിച്ചുള്ള സഭാപിതാക്കന്മാരുടെ പ്രകീർത്തനങ്ങളിൽ അന്തർഭവിച്ചിട്ടുള്ളതാണ്; ദൈവത്തിന്റെ മാതാവ് എന്ന അത്യുൽകൃഷ്ടമായ സ്ഥാനം അനുപേക്ഷണീയമായി അർഹിച്ചിട്ടുള്ളതാണ് പ്രസ്തുത വരം. തന്മൂലം മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെടുന്നതിനു അനേകം നൂററാണ്ടുകൾക്കുമുമ്പുമുതൽ തിരുസ്സഭയിൽ വർദ്ധമാനമായ വ്യക്തതയോടുകൂടി സ്വീകരിക്കപ്പെട്ടുപോന്നു. സുറിയാനിസഭയിലെ മഹാ വേദപാരംഗതനായ വിശുദ്ധ അപ്രേം മിശിഹായോടായി പറയുന്ന ഈ വാക്കുകൾ പരിശുദ്ധ പിതാവ് വിശ്വലേഖനത്തിൽ ഉദ്ധരിക്കുന്നു. "അവിടുന്നും (മിശിഹാ) അവിടുത്തെ മാതാവും മാത്രമാണ് പരിപൂർണ്ണവും അന്യൂനവുമായ സൗന്ദര്യമുള്ളവരായി ഞങ്ങൾ കാണുന്ന ആളുകൾ; അങ്ങയിലാകട്ടെ അങ്ങേ മാതാവിലാകട്ടെ യാതൊരു മാലിന്യവും ഇല്ലതന്നെ." ഈ വാക്കുകളെ പരാമർശിച്ചുകൊണ്ടു പരിശുദ്ധപിതാവ് പ്രസ്താവിക്കുന്നു: "യാതൊരുവിധ പാപമാലിന്യത്തിന്റെയും പ്രശ്നം ഉന്നയിക്കപ്പെടുവാൻ സംഭാവ്യമല്ലാത്ത ഏക ആൾ വിശുദ്ധരുടെ ഇടയിലുള്ളത് (മറിയം) ആകുന്നു"; "മററാർക്കും ഒരിക്കലും നൽകിയിട്ടില്ലാത്ത അനിതരസാധാരണമായ ഈ വരം അവിടുത്തേക്കു പ്രദാനംചെയ്തത് അവിടുന്നുയർത്തപ്പെട്ട ദൈവമാതാവ് എന്ന സ്ഥാനത്തെ വീക്ഷിച്ചുകൊണ്ടാണ്."

പരിശുദ്ധ പിതാവിന്റെ ഈ വാക്കുകളിൽനിന്ന് സ്പഷ്ടമാകുന്നുണ്ട്, മാതാവ് ഇങ്ങനെ പാപരഹിതയായത് മിശിഹാ സമ്പാദിച്ച അർഹതകൾനിമിത്തമാണെന്ന്. മറിയം തന്റെ തിരുക്കുമാരനാൽ യഥാർത്ഥത്തിൽ പരിത്രാണം ചെയ്യപ്പെട്ടു; എന്നാൽ ബാക്കിയുള്ളവരുടേതിൽനിന്ന് വ്യത്യാസപ്പെട്ട വിശിഷ്ടമായ വിധത്തിലായിരുന്നു അത്. മിശിഹായുടെ അർഹതകൾനിമിത്തം മറിയം ഉത്ഭവപാപത്തിൽനിന്ന് കേവലം ശുദ്ധിചെയ്യപ്പെടുകയല്ല, പ്രത്യുത അതിൽ വീഴാതെ കാത്തു രക്ഷിക്കപ്പെടുകയാണ് ചെയ്തത്; അസ്തിത്വത്തിന്റെ ആദ്യനിമിഷം മുതൽ അവിടുന്ന് പ്രസാദവരംവഴിയായി ദൈവത്തോട് ഐക്യപ്പെട്ടിരുന്നു. ദൈവത്തിനും ക്രിസ്തുവിനും അവകാശമുള്ള ആരാധനയും വണക്കവും മറിയത്തിനു കൊടുക്കുന്നുണ്ടെന്നു നമ്മെ കുററം ആരോപിക്കുന്ന പ്രോട്ടസ്റ്റന്റുകാർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല, മാതാവിനു നാം കൊടുക്കുന്ന ഏതു വണക്കവും അവിടുത്തെ പുത്രനിൽ പ്രതിഫലിക്കുകയാണു ചെയ്യുന്നതെന്ന്. മാതാവിന്റെ അമലോത്ഭവത്തെപ്പററിയുള്ള വിശ്വാസസത്യപ്രഖ്യാപനം പൂർണ്ണതയിലെത്തിയത് അവിടുത്തെ സ്വർഗ്ഗാരോപണത്തെപ്പററിയുള്ള വിശ്വാസസത്യം 1950 നവംബർ 1-ാംനു പ്രഖ്യാപിക്കപ്പെട്ടപ്പോഴാണ്. ഈ രണ്ടു വിശ്വാസസത്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉത്ഭവപാപത്തിൽനിന്ന് മാതാവ് ഒഴിവാക്കപ്പെട്ടതിന്റെ ശക്തി കൂടുതൽ പ്രകാശമാനമായിത്തീർന്നതു് അവിടുത്തെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടപ്പോഴത്രെ. മാതാവിന്റെ ഈ ലോകത്തിലേക്കുള്ള പ്രവേശനത്തിനു അനുയോജ്യമായിരിക്കണമല്ലോ ഈ ലോകത്തിൽനിന്നുമുള്ള അവിടുത്തെ വിയോഗം. അവിടുത്തെ ശരീരം മഹത്വീകരിക്കപ്പെടുന്നതു അവിടുത്തെ ആത്മാവ് പാപരഹിതമായിരുന്നതിനു അനുയോജ്യമായിരിക്കുന്നു. "നരകസർപ്പത്തിനെതിരായുള്ള സമരത്തിൽ മാതാവ് തന്റെ തിരുക്കുമാരനോട് ഐക്യപ്പെട്ടിരുന്നപോലെ, പാപത്തിന്റെമേലും അതിന്റെ ദുഃഖകരങ്ങളായ ഭവിഷ്യത്തുകളുടെമേലും തന്റെ തിരുക്കുമാരൻ സമ്പാദിച്ച മഹനീയവിജയത്തിൽ മാതാവ് പങ്കുകൊള്ളുകയാണുണ്ടായതു്."

### പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റെയും വർഷം

ഈ ഒരു വർഷം മുഴുവൻ മാതാവിനു പ്രതിഷ്ഠിക്കുന്നതുവഴിയായി ആദ്ധ്യാത്മികമായ ഒരു പുനരുജ്ജീവനം ലോകത്തിനു കൈവരുമെന്ന് പരിശുദ്ധപിതാവു പ്രതീക്ഷിക്കുന്നു. സകല കത്തോലിക്കരും സജീവമായ വിശ്വാസവും സ്നേഹവും ഉള്ളവരാകുവാനും, മററുള്ളവർ ക്രിസ്തുവിലേക്കും അവിടുത്തെ തത്വോപദേശങ്ങളിലേക്കും പിന്തിരിഞ്ഞു വരുവാനും, ക്രിസ്തീയ സന്മാർഗ്ഗമുറകളുടെ സ്വീകരണംവഴിയായി സകല ജനതതികളുടേയും വർഗ്ഗങ്ങളുടേയും ഇടയിൽ സമാധാനം കൈവരുവാനും പ്രസ്തുതവർഷം പ്രയോജനപ്പെടണമെന്നാണ് പരിശുദ്ധപിതാവിന്റെ ആഗ്രഹം. തന്മൂലം ലോകത്തിൽ ക്രിസ്തീയ പുനരുജ്ജീവനം ലക്ഷ്യംവച്ചുകൊണ്ട് മാതാവിനു പരസ്യപ്രാർത്ഥനകൾ സമർപ്പിക്കണമെന്നും പ്രായശ്ചിത്തപ്രവൃത്തികളനുഷ്ഠിക്കണമെന്നും ലോകമാസകലമുള്ള കത്തോലിക്കരെ പരിശുദ്ധപിതാവ് ഉദ്ബോധിപ്പിക്കുന്നു. ആ ഭക്തകൃത്യങ്ങൾ നടത്തേണ്ട രീതികളും തിരുമനസ്സുകൊണ്ട് വിശ്വലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1) അമലോത്ഭവതത്വം കൂടുതൽ തെളിവായി ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാനും അതിനോടു പൂർവ്വാധികം ഭക്തി അവരിൽ ഉത്തേജിപ്പിക്കുവാനുംവേണ്ടി ഓരോ രൂപതയിലും പ്രസംഗങ്ങളും പ്രഭാഷണങ്ങളും നടത്തുക. 2) സകല പട്ടണങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള മാതാവിന്റെ പള്ളികളിലും കപ്പേളകളിലും പരസ്യപ്രാർത്ഥനകൾ നടത്തുക. 3) ഓരോ രൂപതയിലും മാതാവിനോടുള്ള ഭക്തിയോടു് പ്രത്യേകവിധത്തിൽ ബന്ധപ്പെട്ടിട്ടുള്ള ദേവാലയങ്ങളിലേക്ക് നിശ്ചിതദിവസങ്ങളിൽ തീർത്ഥയാത്രകൾ നടത്തുക. 4) "ഞാൻ അമലോത്ഭവമാകുന്നു" എന്നു മാതാവുതന്നെ കല്പിച്ചരുളിയ ലൂർദ്ദിലെ ഗ്രോട്ടോയിലേക്കു തീർത്ഥയാത്രകൾ നടത്തുക. മേരിയൻ വർഷത്തിൽ ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് പ്രധാനമായും നാം പ്രാർത്ഥിക്കേണ്ടതെന്നും പരിശുദ്ധപിതാവ് വിശ്വലേഖനത്തിൽ നമ്മെ അറിയിക്കുന്നുണ്ട്. മതപീഡനം നടത്തുന്ന രാജ്യങ്ങളിൽ തിരുസ്സഭയ്ക്ക് പൂർണ്ണമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും തിരികെ ലഭിക്കുവാൻ; ശീശ്മയിൽപ്പെട്ടിരിക്കുന്ന സകലരും കത്തോലിക്കാസഭയിലേക്ക് പിൻതിരിയുവാൻ; ലോകത്തിലെ ജനതതികളുടെയിടയിൽ ഉള്ള ഭിന്നിപ്പുകൾ അവസാനിക്കുകയും നീതിയിലും സ്നേഹത്തിലും അടിയുറച്ച സമാധാനത്തിൽ അവർ ഒന്നിക്കുകയും ചെയ്യുവാൻ; "വിശക്കുന്നവർക്കു ഭക്ഷണവും, മർദ്ദിതർക്ക് നീതിയും, ഭവനരഹിതർക്ക് സൗകര്യമായ കിടപ്പിടവും ലഭിക്കുവാൻ; സ്വരാജ്യങ്ങളിൽനിന്നു ബഹിഷ്കൃതരായവർ അവിടേക്കു മടങ്ങിച്ചെല്ലുവാൻ; അന്യായമായി കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരിക്കുന്നവർക്കു സ്വാതന്ത്ര്യം കിട്ടുവാൻ; കഴിഞ്ഞ ലോകമഹായുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട പട്ടാളക്കാർക്ക് മോചനം കൈവരാൻ. ഇക്കാര്യങ്ങൾക്കുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടതു്. മാതാവിനോടുള്ള ഈ പ്രാർത്ഥനാപ്രസ്ഥാനത്തിൽ പങ്കുകൊള്ളുവാൻ "നമ്മിൽനിന്നു വേർപെട്ടിരിക്കുന്നെങ്കിലും പൈതൃകമായ വാത്സല്യത്തോടുകൂടി നാം സ്നേഹിക്കുന്ന" ശീശ്മസഭകളെ പരിശുദ്ധപിതാവ് ക്ഷണിക്കുന്നു. അമലോത്ഭവത്തോടുള്ള ഭക്തി കത്തോലിക്കർക്കുള്ളതുപോലെ അവർക്കുമുണ്ടെന്നുള്ളതാണ് അതിനു കാരണം. പ്രാർത്ഥനയോടൊന്നിച്ച് പ്രായശ്ചിത്തപ്രവൃത്തികളും നടത്തണമെന്ന് തിരുമനസ്സുകൊണ്ട് ഉദ്ബോധിപ്പിക്കുന്നു. അവ ആത്മാവിനെ ശക്തിപ്പെടുത്തുകയും ദൈവികകാര്യങ്ങളിലേക്ക് അതിനെ ഉയർത്തുകയുംചെയ്യുന്നു.

ലോകത്തിനു പൊതുവിലും തിരുസ്സഭയ്ക്കു പ്രത്യേകിച്ചും ആപത്തുകൾ നേരിട്ട കാലഘട്ടങ്ങളിൽ ദേവമാതാവിന്റെ സഹായം വിശ്വാസികൾ അഭ്യർത്ഥിക്കുകയും അതിന്റെ ഫലമായി ആപത്തുകളിൽനിന്നു മോചനം ലഭിക്കുകയും ചെയ്തിട്ടുള്ളതാണല്ലോ. മററെല്ലാക്കാലങ്ങളെയുംകാൾ ഗുരുതരമായ ഒരു വിഷമഘട്ടമാണ് ലോകത്തേയും തിരുസ്സഭയേയും ഇന്നു് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. അതിനു പ്രതിവിധി മാതാവിന്റെ സഹായമാണെന്നുള്ള ബോദ്ധ്യത്താൽ പരിശുദ്ധപിതാവ് മേരിയൻവർഷം പ്രഖ്യാപനംചെയ്തിരിക്കുന്നു. അവിടുത്തെ ഉദ്ബോധനങ്ങളനുസരിച്ച് പ്രാർത്ഥനയിലും പ്രായശ്ചിത്തപ്രവൃത്തികളിലും വ്യാപൃതരായി നമുക്കും മററുള്ളവർക്കും മാതാവിന്റെ ശക്തിയേറിയ സഹായങ്ങൾ കൈവരുത്തുവാൻ നമുക്കു പരിശ്രമിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### നല്ല ക്രിസ്ത്യാനികളിൽ നല്ലവിഭാഗം കോൺഗ്രസ്സ് വിരോധികളാണെന്നോ?

എസ്. എൻ. ഡി. പി. യുടെ പ്രസിഡന്റായ ശ്രീ സുകുമാരൻ ഒക്ടോബർ 17-ാംനു കൊട്ടാരക്കരവെച്ചു കൂടിയ അതിന്റെ ഒരു യോഗത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തിയതിനിടയിൽ "ഈ രാജ്യത്തെ അധിവസിക്കുന്ന ഹൈന്ദവ ക്രൈസ്തവ മുസ്ലീംസമുദായങ്ങളിൽപ്പെട്ട സാമാന്യജനങ്ങളുടെ ത്രാണനത്തെ മുഖ്യലക്ഷ്യമാക്കി രൂപംകൊണ്ടുവരുന്ന ഇടതുപക്ഷ സംയുക്തപാർട്ടിക്ക്" അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ വിജയിക്കുവാനും അധികാരം പിടിച്ചെടുക്കുവാനും സാധിക്കുമെന്നുള്ള തന്റെ അഭിപ്രായം പ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:-

"ആ മാർഗ്ഗം പരാജയപ്പെടുകയേയുള്ളുവെന്ന് ചില കണക്കുവിദഗ്ദ്ധന്മാരും മനശ്ശാസ്ത്രപണ്ഡിതന്മാരും ഇന്നു പ്രചരണം ആരംഭിച്ചിട്ടുണ്ട്. ക്രിസ്ത്യാനികളുടെ ഭൂമിശാസ്ത്രപരമായ കിടപ്പും അവർ ഒററക്കെട്ടായി കോൺഗ്രസ്സിന്റെ കീഴിൽ അണിനിരക്കുമെന്ന വിശ്വാസവും, ഹൈന്ദവഭൂരിപക്ഷമുള്ള നിയോജകമണ്ഡലങ്ങളിൽ ക്രൈസ്തവർക്ക് പ്രയോഗിക്കുവാൻ കഴിയുന്ന സ്വാധീനശക്തിയും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ പ്രചരണസമ്പ്രദായം ഇപ്പോൾ മുന്നേറുന്നതു്. ക്രിസ്ത്യാനികൾ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ ഒന്നായി നില്ക്കുകയില്ലെന്നുള്ളതിനു് തെളിവുകൾ ഇപ്പോൾ തന്നെ കണ്ടുതുടങ്ങിയിട്ടുണ്ട്. പാലാ നിയോജകമണ്ഡലത്തിൽ ക്രിസ്ത്യാനിയായ കോൺഗ്രസ്സ് സ്ഥാനാർത്ഥിയെ എതിർക്കുന്നതു് ക്രിസ്ത്യാനിതന്നെയാണ്; അതു സ്ത്രീയാണ്. നല്ല ക്രിസ്ത്യാനികളിൽ ഒരു നല്ല വിഭാഗം ഇന്നത്തെ കോൺഗ്രസ്സ് മന്ത്രിസഭയുടെ വാഴ്ച അവസാനിച്ചുകാണുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ്. വിദ്യാഭ്യാസത്തിലും പൗരബോധത്തിലും തരതമ്യേന മററാരുടേയും പിന്നിലല്ലാത്ത ഈ രാജ്യത്തെ ക്രിസ്ത്യാനികൾ ഈ മന്ത്രിസഭയുടെ ചില ക്രിയകൾക്കും രാജ്യദ്രോഹപരമായ പ്രവർത്തനങ്ങൾക്കും ഒന്നായി കൂട്ടുനില്ക്കുമെന്നു പറയുന്നതും അതിന്റെ അടിസ്ഥാനത്തിൽ കണക്കുകൂട്ടുന്നതും അറിഞ്ഞുകൊണ്ടുള്ള ആത്മവഞ്ചനയാണ്. അങ്ങനെ സംഭവിക്കാൻ പോകുന്നില്ലെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് പാലായിൽ സംഭവിച്ചിരിക്കുന്നതു്."

നല്ല ക്രിസ്ത്യാനികളിൽ ഒരു നല്ല വിഭാഗം കോൺഗ്രസ്സ് പാർട്ടിക്കെതിരായും ഇടതുപക്ഷസംയുക്തപാർട്ടിക്ക് അനുകൂല

മായും അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ നിലകൊള്ളുമെന്നുള്ള ശ്രീ സുകുമാരൻെറ വിശ്വാസം സാക്ഷാൽ ആത്മവഞ്ചനതന്നെയാണ്. ഏതൊരു നല്ല ക്രിസ്ത്യാനിയും ആദ്ധ്യാത്മികമൂല്യങ്ങൾക്കും സന്മാർഗ്ഗികമൂല്യങ്ങൾക്കും മനുഷ്യസ്വാതന്ത്ര്യങ്ങൾക്കും വിരുദ്ധമല്ലാത്ത ഏതു പാർട്ടിയിലും ചേർന്നുനില്ക്കുവാൻ അവകാശമുള്ളവനാണെന്നുള്ളതു ശരിതന്നെ. ആ നിലയിൽ കോൺഗ്രസ്സ് പാർട്ടിയിൽ ഒരു നല്ല ക്രിസ്ത്യാനി അവശ്യം ചേർന്നുനില്ക്കണമെന്നു് നിർബന്ധമില്ല. എന്നാൽ അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടിയും ഇടതുപക്ഷസംയുക്തപാർട്ടിയും തമ്മിലാണു മത്സരമെങ്കിൽ ഏതു നല്ല ക്രിസ്ത്യാനിക്കും കോൺഗ്രസ്സ് സ്ഥാനാർത്ഥിയുടെ പക്ഷത്തു നില്ക്കുവാനും ആ പാർട്ടിക്കു് വോട്ടുചെയ്യാനും തീർച്ചയായും കടമയുണ്ടു്. കാരണം, ആദ്ധ്യാത്മികമൂല്യങ്ങളേയും സന്മാർഗ്ഗികമൂല്യങ്ങളേയും മനുഷ്യസ്വാതന്ത്ര്യങ്ങളേയും യഥാവിധി അംഗീകരിക്കുന്ന പാർട്ടിയാണതു്. നേരെമറിച്ചു് അവയെ എല്ലാം വകവയ്ക്കാത്ത കമ്മ്യൂണിസ്റ്റുപാർട്ടിയുടേയും മററു മാർക്സിസ്റ്റുപാർട്ടികളുടേയും ഒരു സംയോജനമാണ് ആ സംയുക്തപാർട്ടി. എന്നിട്ടും കോൺഗ്രസ്സിനെതിരായും ആ സംയുക്തപാർട്ടിക്കനുകൂലമായും നിലകൊള്ളുകയോ വോട്ടു നൽകുകയോ ഒരു ക്രിസ്ത്യാനി ചെയ്യുന്നെങ്കിൽ നല്ല ക്രിസ്ത്യാനിയെന്ന നാമത്തിനു് അയാൾ ഒരുവിധത്തിലും അർഹതയുണ്ടാകുന്നില്ല.

* * *

## എ. ജെ. ജോണിൻെറ ഏകാധിപത്യത്തിനെതിരായാണ് സമരമെന്നു് അക്കാമ്മ

തനിക്കുവേണ്ടിയുള്ള തിരഞ്ഞെടുപ്പുപ്രചരണയോഗം പാലായിൽവച്ചു് ഒക്ടോബർ 18-ാംനു- കൂടിയപ്പോൾ ശ്രീമതി അക്കാമ്മ ചെയ്ത പ്രസംഗത്തിലെ ചില പ്രസ്താവങ്ങൾ അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിനെ പരാമർശിക്കുന്നവയാണ്:-

"114 വീണ്ടും ആവർത്തിക്കുകയാണ്. അന്നു നാം സി. പി. യുടെ ഏകാധിപത്യത്തിനു് എതിരായി സമരം ചെയ്തുവെങ്കിൽ ഇന്നു നാം ശ്രീ എ. ജെ. ജോണിൻെറ ഏകാധിപത്യത്തിനെതിരായാണ് സമരം ചെയ്യുന്നതു്. ഇന്നു കോൺഗ്രസ്സിൽ പണച്ചാക്കുകൾക്കുമാത്രമേ സ്ഥാനമുള്ളു. സി. പി. യുടെ കാലത്തു് ഈ നാട്ടിലെ ജന്മിയും മുതലാളിയും ഗവമ്മെൻറിനൊപ്പിച്ചു താളം തുള്ളിയിരുന്നു. ഇന്നു കോൺഗ്രസ്സുകാർ ജന്മികളും മുതലാളികളും താളം തുള്ളുകയാണ്." കോൺഗ്രസ്സുപാർട്ടിയെപ്പററി ശ്രീ പുന്നൂസ് ചെയ്ത അപലപനവും, ശ്രീമതി അക്കാമ്മ ചെയ്ത ആക്ഷേപവും തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല. "കോൺഗ്രസ്സ് ജന്മിമുതലാളി പൗരോഹിത്യക്കൂട്ടുകെട്ടിൽ അകപ്പെട്ടു ഉലഞ്ഞുപോയി" എന്നു് പുന്നൂസ്; "കോൺഗ്രസ്സുകാർ ജന്മികളും മുതലാളികളും താളംതുള്ളുകയാണ്" എന്നു് അക്കാമ്മ. പൗരോഹിത്യത്തെ അപലപനത്തിൻെറ വലയത്തിൽനിന്നു് ആ ശ്രീമതി ഒഴിച്ചുനിർത്തിയെന്നുമാത്രം. പാർട്ടിലവലിൽ കോൺഗ്രസ്സിനോടു മത്സരിക്കുവാൻ ഇവിടെ പുറപ്പെട്ടിരിക്കുന്ന ഇടതുപക്ഷസംയുക്തപാർട്ടി അധികാരം പിടിച്ചെടുത്താൽ "സി. പി. യുടെ ഏകാധിപത്യത്തേയും എ. ജെ. ജോണിൻെറ ഏകാധിപത്യത്തേയും" എത്രയോമടങ്ങു് അധികരിക്കുന്ന ഏകാധിപത്യമായിരിക്കും ഈ രാജ്യത്തിൽ നടപ്പിൽ വരുന്നതു്! അങ്ങനെ വന്നാൽ സി. പി. യുടെ ഏകാധിപത്യത്തിനെതിരായി ജാഥാ നയിച്ചപോലെ, എ. ജെ. ജോണിൻെറ ഏകാധിപത്യത്തിനെതിരായി ഇപ്പോൾ സ്വരമുയർത്തുന്നപോലെ, ചെയ്യുവാൻ ധൈര്യംപോയിട്ടു് ജീവൻപോലും ആർക്കെങ്കിലും ഉണ്ടാകുമോയെന്നതു് ഒരു ചോദ്യചിഹ്നമായി നില്ക്കുന്നു. മാർക്സിസ്റ്റുവ്യവസ്ഥിതി നടപ്പിൽ വരുത്തിയിരിക്കുന്ന രാജ്യങ്ങളിൽ ഏകാധിപത്യം വഹിക്കുന്ന പാർട്ടിയിലെ അംഗങ്ങളും ഉദ്യോഗസ്ഥന്മാരും സാക്ഷാൽ ജന്മികളും മുതലാളികളുമല്ലയോ? ആ ജന്മിത്വത്തിൻേറയും മുതലാളിത്തത്തിൻേറയും താളത്തിനൊപ്പിച്ചു തുള്ളാത്തവർക്കു ജീവിക്കാൻപോലും സാധിക്കുമോ?

* * *

## കോൺഗ്രസ്സിനു വോട്ടുചെയ്യാൻ മന്നത്തിൻെറ ആഹ്വാനം

കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കുവേണ്ടി മീനച്ചിൽ ഉപതിരഞ്ഞെടുപ്പുപ്രചരണം പാലായിൽ വച്ചു് ഉൽഘാടനംചെയ്ത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് ശ്രീ മന്നത്തു പത്മനാഭൻ ചെയ്ത പ്രസംഗത്തിലെ ചില വാക്യങ്ങളും ഉദ്ധരിച്ചുകൊള്ളട്ടെ:

"പല പേരിൽ അറിയപ്പെടുന്ന പല പാർട്ടികൾ ഉണ്ടെങ്കിലും അവയെ കോൺഗ്രസ്സെന്നും, കമ്മ്യൂണിസ്റ്റെന്നും രണ്ടായി തരംതിരിച്ചാൽ മതിയാവുന്നതാണ്. ഇതിൽ ഏതു പാർട്ടി നമ്മെ ഭരിക്കണമെന്നു് നാട്ടുകാർ ഇനിയെങ്കിലും തീരുമാനിക്കണം. അതനുസരിച്ചുവേണം വോട്ടുനൽകാൻ. അല്ലാതെ വല്ലവരുടേയും പ്രലോഭനങ്ങളിൽപ്പെട്ടു് കമ്മ്യൂണിസ്റ്റ് പെട്ടിയിലാണ് ഇനിയും വോട്ടിടാൻ ഭാവമെങ്കിൽ രാജ്യം നശിക്കും. കഴിഞ്ഞതവണത്തെ അനുഭവം നമുക്കൊരു പാഠമായിരിക്കട്ടെ.

"അതുകൊണ്ടു് രാജ്യത്തെ താറുമാറാക്കി വിപ്ലവത്തിൽക്കൂടി മുതലെടുക്കാൻ ആഗ്രഹിക്കുന്നവരൊഴിച്ചുള്ളവരെല്ലാം കോൺഗ്രസ്സ് കൊടിക്കീഴിൽ അണിനിരക്കണമെന്നപേക്ഷിക്കുന്നു. കോൺഗ്രസ്സിനേയും രാജ്യത്തേയും സമാധാനത്തേയും സ്നേഹിക്കുന്ന എല്ലാ സമുദായങ്ങളിൽപ്പെട്ടവരും കോൺഗ്രസ്സുസ്ഥാനാർത്ഥിക്കു വോട്ടുചെയ്യാം ദേശസ്നേഹപൂർവ്വം ഒരുമിച്ചുകൂടുമെന്നു ഞാൻ വിശ്വസിക്കുന്നു."

കോൺഗ്രസ്സിനോ കോൺഗ്രസ്സേതരർക്കോ വോട്ടുചെയ്യേണ്ടതു്? ഇതാണിപ്പോഴത്തെ പ്രശ്നം. കോൺഗ്രസ്സേതരരായ പാർട്ടികൾ അവയുടെ സ്വഭാവത്താലോ കൂട്ടുകൂടൽമൂലമോ നിഷിദ്ധങ്ങളായ ഇടതുപക്ഷപാർട്ടികളായിട്ടാണ് കാണപ്പെടുന്നതു്. അവയുടെ നേതൃത്വം കാലാന്തരത്തിലെങ്കിലും പിടിച്ചെടുക്കുവാൻ ഇടയുള്ളതു് കമ്മ്യൂണിസ്റ്റ് പാർട്ടിയുമാണ്. തന്മൂലം മതത്തിൻേറയും സന്മാർഗ്ഗത്തിൻേറയും മനുഷ്യസ്വാതന്ത്ര്യത്തിൻേറയും പേരിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കല്ലേ താൻ വോട്ടുചെയ്യേണ്ടതെന്നു് ഓരോ കത്തോലിക്കനും ചിന്തിക്കേണ്ടതാണ്. എന്നല്ല, സാധാരണക്കാരൻേറയും പാവങ്ങളുടേയും ജീവിതക്ഷേമം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന ഏവനും അപ്രകാരം ചിന്തിക്കേണ്ടതാണ്.

* * *

## ബോംബെ പി. എസ്സ്. പി. തിരുകൊച്ചി പി. എസ്സ്. പി. യെ പ്രതിഷേധിക്കുന്നു

തിരുകൊച്ചിയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിനുവേണ്ടി സംഘടിക്കുന്ന മാർക്സിസ്റ്റുപാർട്ടികളോടു യോജിച്ചുനിന്നു കോൺഗ്രസ്സിനെതിരായി മത്സരിക്കുവാൻ തിരുകൊച്ചി പി. എസ്സ്. പി. യുടെ നേതാവായ ശ്രീ പട്ടംതാണുപിള്ള സന്നദ്ധനായി കാണപ്പെട്ടു. പി. എസ്സ്. പി. നാഷണലിസ്റ്റ് എക്സിക്യൂട്ടീവിൻെറ അനുമതി നേടുവാൻ ഡൽഹിവരെ അദ്ദേഹം പോകുകയുംചെയ്തു. ഒരു ത്രികോണമത്സരം ഒഴിച്ചുവയ്ക്കുന്നതിനുവേണ്ടി മററു പാർട്ടികളുമായി പരസ്പരധാരണയിലും യോജിപ്പിലും ഏർപ്പെടുവാൻ തിരുകൊച്ചി പി. എസ്സ്. പി. ക്കു നാഷനൽ എക്സിക്യൂട്ടീവു് നൽകിയ അനുമതിയുംകൊണ്ടാണു ശ്രീ പട്ടം മടങ്ങിയതെന്നു പറയപ്പെടുന്നു. പി. എസ്സ്. പി. അവകാശപ്പെടുന്ന ആദർശങ്ങളനുസരിച്ചു് ത്രികോണമത്സരം ഒഴിച്ചുവയ്ക്കുവാൻവേണ്ടി അവർ പരസ്പരധാരണയിലെത്തുകയും യോജിക്കുകയും ചെയ്യേണ്ട പാർട്ടി തീർച്ചയായും കോൺഗ്രസ്സാണ്, അല്ലാതെ മാർക്സ്യൻ പാർട്ടികളായ കമ്മ്യൂണിസ്റ്റും, ആർ. എസ്സ്. പി. യോ, കെ. എസ്സ്. പി. യോ അല്ല. അങ്ങനെയിരിക്കേ ഈ പാർട്ടികളുമായി അടുത്ത തിരഞ്ഞെടുപ്പിനുവേണ്ടി യോജിക്കുവാൻ തിരുകൊച്ചി പി. എസ്സ്. പി. ക്കു് അനുവാദം ലഭിച്ചതെങ്ങനെയെന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. ഈ സാഹചര്യങ്ങളിൽ ബോംബെ പി. എസ്സ്. പി. എക്സിക്യൂട്ടീവു് കമ്മിററി ഒരു പ്രമേയംവഴിയായി പ്രഖ്യാപനം ചെയ്ത പ്രതിഷേധം അഭിനന്ദനീയംതന്നെ. ആ പ്രതിഷേധപ്രമേയത്തിൻെറ ഉള്ളടക്കം ഇതാണ്:-

കമ്മ്യൂണിസത്തോടുള്ള പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ എതിർപ്പു് മൗലികമാണ്; തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തുക, ത്രികോണമത്സരങ്ങൾ ഒഴിവാക്കുക, എന്നിങ്ങനെയുള്ള യാതൊരു ഹ്രസ്വകാലലക്ഷ്യങ്ങളും അംഗീകൃതനയത്തിൽനിന്നു പി. എസ്സ്. പി. യെ വ്യതിചലിപ്പിക്കുവാൻ ഇടയാക്കരുതു്; തിരുകൊച്ചി പി. എസ്സ്. പി. യെ സംബന്ധിച്ച തീരുമാനം ഒരു കീഴ്നടപ്പായി ഉദ്ധരിക്കപ്പെടുവാനും ഭാവിയിലുള്ള എല്ലാ തിരഞ്ഞെടുപ്പുകളിലും ബാധകമാക്കാനും ഇടയുണ്ടു്; ആശാസ്യമായ രാഷ്ട്രീയജീവിതത്തെ പുരോഗമിപ്പിക്കുന്നതിനുപകരം പ്രജാസോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്കു അനാശാസ്യമായ വാസനാഗതികളെ കടത്തിവിടുന്നതിനുമാത്രമേ അതുപകരിക്കുകയുള്ളു; കമ്മ്യൂണിസ്റ്റുകാരുമായി സീററുകൾ പങ്കുവെക്കാമെന്നു സമ്മതിച്ചുകഴിഞ്ഞാൽ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ കൊയലിഷ്യൻ ഗവർമ്മെൻറുണ്ടാക്കണമെന്ന അവരുടെ വാദത്തെ ചെറുക്കുക പ്രയാസമായിരിക്കും. ആകയാൽ കമ്മ്യൂണിസ്റ്റുകാരുമായി യാതൊരുവിധ സഖ്യത്തിലും ഏർപ്പെടരുതെന്നും തിരുകൊച്ചി പി. എസ്സ്. പി. ക്കു്, ബോംബെ പി. എസ്സ്. പി. എക്സിക്യൂട്ടീവു് മുന്നറിയിപ്പു നൽകിയിരിക്കുന്നു.

ബോംബെ എക്സിക്യൂട്ടീവിൻെറ ഈ അഭിപ്രായങ്ങൾ ഏററവും യഥാർത്ഥങ്ങളും തന്മൂലം ആദരണീയങ്ങളുമത്രെ. പി. എസ്സ്. പി. നാഷണൽ എക്സിക്യൂട്ടീവു് എന്തുകൊണ്ടു് ഈ നിലയിൽനിന്നു വ്യതിചലിച്ചു എന്നു് ആശ്ചര്യപ്പെടാതെ നിവൃത്തിയില്ല. ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ പി. ററി. ഐ. യുടെ താഴെക്കാണുന്ന റിപ്പോർട്ടു് പത്രങ്ങളിൽ വായിക്കുകയുണ്ടായി.

നാഗപ്പൂർ നവ: 17.

തിരുകൊച്ചിയിലെ ആസന്നമായ തിരഞ്ഞെടുപ്പിൽ പ്രജാസോഷ്യലിസ്റ്റുപാർട്ടി കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുകയോ എന്തെങ്കിലും സഖ്യമുണ്ടാക്കുകയോ ചെയ്യുവാൻ സാദ്ധ്യതയില്ലെന്നു് പാർട്ടി ജനറൽ സെക്രട്ടറി മി. എൻ. ജി. ഗോറെ പ്രസ്താവിച്ചിരിക്കുന്നു. പരിപാടി സംബന്ധിച്ചു് എന്തെങ്കിലും കരാറോ സംയുക്തതിരഞ്ഞെടുപ്പുസംരംഭമോ പാടില്ലെന്നു് പാർട്ടി നാഷണൽ എക്സിക്യൂട്ടീവു് തിരുകൊച്ചി പാർട്ടിക്കു് നൽകിയ ഡയറക്ടീവിൽ കർശനമായും ഖണ്ഡിതമായും നിരോധിച്ചിട്ടുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

* * *

## കോൺഗ്രസ്സുസ്ഥാനാർത്ഥി ശ്രീ കൊട്ടുകാപ്പള്ളി വിജയിച്ചു

മീനച്ചിൽ പാർലമെൻററിമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പു് നിശ്ചയിച്ചിരുന്നതുപോലെ ഈ നവംബർ 16-ാംനു- ശാന്തമായിത്തന്നെ നടന്നു. അടുത്ത ബുധൻ വ്യാഴം ദിവസങ്ങളിൽ വോട്ടുകൾ എണ്ണി. കോൺഗ്രസ്സ് സ്ഥാനാർത്ഥി ശ്രീമാൻ ജോർജ്ജ് തോമസ്സ് കൊട്ടുകാപ്പള്ളിക്കു് 157006—ം സ്വതന്ത്രസ്ഥാനാർത്ഥി ശ്രീമതി അക്കാമ്മ വർക്കിക്കു 116747—ം വോട്ടുകൾ ലഭിച്ചു. അങ്ങനെ കോൺഗ്രസ്സ് സ്ഥാനാർത്ഥി 40259 വോട്ടുകളുടെ ഭൂരിപക്ഷത്തോടുകൂടി ജയിച്ചിരിക്കുന്നു. ഈ വിജയത്തിൽ സ്ഥാനാർത്ഥിയേയും അദ്ദേഹത്തിനുവേണ്ടി പ്രചരണങ്ങൾ നടത്തിയ പ്രവർത്തകരേയും വോട്ടുകൾ നൽകിയവരേയും ഹാർദ്ദമായി അനുമോദിക്കുവാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ടു്. പ്രസ്തുത തിരഞ്ഞെടുപ്പിൽ മത്സരം കോൺഗ്രസ്സ് സ്ഥാനാർത്ഥിയും സ്വതന്ത്രസ്ഥാനാർത്ഥിയും തമ്മിലാണെങ്കിലും, കോൺഗ്രസ്സ് സ്ഥാനാർത്ഥിയെപ്പോലെ സ്വതന്ത്രസ്ഥാനാർത്ഥിയും കത്തോലിക്കാ സഭാംഗമാണെങ്കിലും, സ്വതന്ത്രസ്ഥാനാർത്ഥിയുടെ പിന്നിൽ കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകരും ഇതര ഇടതുപക്ഷപാർട്ടി പ്രവർത്തകരും സർവ്വസന്നദ്ധരായി നില്ക്കുന്നതുകൊണ്ടു്, മത്സരം ഫലത്തിൽ കോൺഗ്രസ്സുപാർട്ടിയും ഇടതുപക്ഷപാർട്ടികളും തമ്മിലായി പരിണമിച്ചിരിക്കുകയാണെന്നു് ഞങ്ങൾ ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നല്ലോ. ആ പരിണാമത്തിൻെറ പരിതാപകരമായ ദുഷ്ഫലങ്ങൾ ഞങ്ങൾ ഇങ്ങനെ ചൂണ്ടിക്കാണിച്ചിരുന്നു:-

"അടുത്തുവരുന്ന മീനച്ചിൽ ഉപതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുപാർട്ടി സ്വീകരിച്ചിരിക്കുന്ന അടവു് സ്വതന്ത്രസ്ഥാനാർത്ഥിയെ സഹായിച്ചു് സ്വന്തം കാര്യം കാണുക എന്നതാണ്. സ്വതന്ത്രസ്ഥാനാർത്ഥിക്കുവേണ്ടി ആ നിയോജകമണ്ഡലം മുഴുവനും സഞ്ചരിച്ചു് അവർ പ്രചരണം നടത്തും. ആ പ്രചരണത്തിൽ അവരുടെ പ്രധാനലക്ഷ്യം കമ്മ്യൂണിസ്റ്റുപാർട്ടിയുമായുള്ള സമ്പർക്കവും പരിചയവും വേഴ്ചയും ആ പ്രദേശങ്ങളിൽ വർദ്ധിപ്പിക്കുകയും, അങ്ങനെ പരോക്ഷമായി അവർക്കു് അവിടങ്ങളിൽ സ്ഥാനമുണ്ടാക്കുകയുമായിരിക്കും. മീനച്ചിൽ നിയോജകമണ്ഡലം മൊത്തത്തിൽ കത്തോലിക്കർ അധിവസിക്കുന്നതാകയാൽ അവരുടെയിടയിലാണു് ഈ വിപത്തുണ്ടാകാൻപോകുന്നതു്. അതു തടുക്കുവാൻ കത്തോലിക്കർ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും തങ്ങളുടെ പ്രചരണപരിപാടി ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു."

എന്നാൽ, നിർഭാഗ്യമെന്നേ പറയേണ്ടു, കോൺഗ്രസ്സിനോടുള്ള അതൃപ്തികൊണ്ടോ കോൺഗ്രസ്സ്സ്ഥാനാർത്ഥിയോടുള്ള വ്യക്തിപരമായ വിരോധംകൊണ്ടോ അഥവാ യാഥാർത്ഥ്യബോധമില്ലാഞ്ഞതിനാലോ, കത്തോലിക്കരിൽത്തന്നെയും ഒരു വിഭാഗം കമ്മ്യൂണിസ്റ്റ് പ്രചാരകന്മാർക്കും ഇതര ഇടതുപക്ഷ പ്രവർത്തകന്മാർക്കും തങ്ങളുടെ ഇടയിൽ സ്വൈരമായ പ്രവേശനവും സ്വാഗതവും നൽകിയതായിക്കാണുന്നു. ഞങ്ങളുടെ ഈ അറിവിനെ സ്ഥിരീകരിക്കുന്ന ഒരു റിപ്പോർട്ടു് തിരഞ്ഞെടുപ്പുഫലം പുറപ്പെടുന്നതിനുമുമ്പു് "പ്രഭാതം" പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിലെ വാക്കുകൾ ഉദ്ധരിക്കാം:-

## "കമ്മ്യൂണിസ്റ്റുകാരും മററിടതുപക്ഷക്കാരും ഫലവത്തായി നുഴഞ്ഞുകയറി" എന്നു പ്രഭാതംപത്രം

"ഈ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം ഏററവും ശ്രദ്ധേയമായ സവിശേഷത ആരു ജയിക്കുമെന്നുള്ളതല്ല, പ്രത്യുത കോൺഗ്രസ്സിൻെറ കൊടിക്കീഴിൽ അണിനിരന്നിരുന്ന കത്തോലിക്കരുടെ അധൃഷ്യമായ ശക്തിദുർഗ്ഗമായി കണക്കാക്കാവുന്ന ഈ നിയോജകമണ്ഡലത്തിൽ കമ്മ്യൂണിസ്റ്റുകാർക്കും മററു് ഇടതുപക്ഷ ചിന്താഗതിക്കാർക്കും ഫലവത്തായി നുഴഞ്ഞുകയറുവാനും, വിപുലമായ പ്രചരണം നടത്തി ജനസമ്പർക്കം പുലർത്തുവാനും കഴിഞ്ഞു എന്നുള്ളതാണ്. തിരു-കൊച്ചിയുടെ ഭാവി രാഷ്ട്രീയ ഗതിവിഗതികളെ സംബന്ധിച്ചിടത്തോളം പൊതുവേയും, അടുത്ത പൊതുതിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായും ഈ സംഭവവികാസം അതിപ്രാധാന്യം അർഹിക്കുന്നു.

"കത്തോലിക്കരിൽ ഒരു ന്യൂനപക്ഷത്തിൻെറ വോട്ടു് ഭിന്നിപ്പിച്ചു് കൈവശത്താക്കുവാനുള്ള "വ്യക്തിപര"മായ സ്വാധീനശക്തി ശ്രീമതി അക്കാമ്മയ്ക്കു്, അവർ കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിൽ അകപ്പെട്ടുവെങ്കിലും ഉണ്ടായിരുന്നു എന്നു സമ്മതിച്ചേ മതിയാകൂ."

ദൈവത്തിനും ക്രിസ്തുവിനും തിരുസ്സഭയ്ക്കും മതത്തിനു പൊതുവിലും സന്മാർഗ്ഗത്തിനും മനുഷ്യസ്വാതന്ത്ര്യത്തിനും കടകവിരുദ്ധമായ കമ്മ്യൂണിസത്തെ അതിൻെറ തനിനിറത്തിൽ മാർപ്പാപ്പാമാർ അനേകം വർഷങ്ങളായി വിവരിച്ചുതന്നുകൊണ്ടിരുന്നിട്ടും, അതിൻെറ സിദ്ധാന്തത്തോടും അതിനു പ്രചാരംനൽകുന്ന പാർട്ടിയോടും നേരിട്ടോ പരോക്ഷമായോ യാതൊരു വേഴ്ചയും കൂട്ടുകെട്ടും ഉണ്ടാകരുതെന്നു് മഹറോൻശിക്ഷയിൽ കീഴു് തിരുസ്സഭ ആജ്ഞാപിച്ചിട്ടും, കമ്മ്യൂണിസ്റ്റു് പാർട്ടിയെ കോൺഗ്രസ്സിനു വെളിയിലായ ഒരു രാഷ്ട്രീയപാർട്ടിയായി മാത്രം വീക്ഷിക്കുകയും, കോൺഗ്രസ്സിനെതിരായി തങ്ങളുടെയിടയിൽ പ്രചരണം നടത്താൻ അവരെ അനുവദിക്കുകയും, അതുവഴിയായി കമ്മ്യൂണിസ്റ്റാദർശങ്ങൾക്കു് തങ്ങളുടെയിടയിൽ നുഴഞ്ഞുകയറുവാൻ അവസരം നൽകുകയും ചെയ്യുന്ന കത്തോലിക്കർ ദൈവത്തോടും ക്രിസ്തുവിനോടും തിരുസ്സഭയോടും ഏററവും വലിയ ദ്രോഹമാണു് ചെയ്യുന്നതു്. ആ വസ്തുത അവർ ഇനിയും അറിയാത്തതു്, അ

റിഞ്ഞിട്ടുണ്ടെങ്കിൽ തദനുസരണം പ്രവർത്തിക്കാത്തതു്, എത്രയോ പരിതാപകരം!!

## അടുത്തയാഴ്ചയിൽ

നവംബർ
29 ഞാ: സൂവാറ 1-ാംഞായർ
30 തി: അന്ത്രയോസ്
ഡിസംബർ
1 ചൊ: നെത്താല്യ
2 ബു: ബിബിയാന
3 വ്യാ: ഫ്രാൻസീസ് സേവ്യർ
4 വെ: ബാർബരാ
5 ശ: സാബ

## വിജ്ഞാപനം

നിയുക്തമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകം പ്രമാണിച്ചു അടുത്ത ലക്കം സത്യദീപം ഒരു വിശേഷാൽപ്രതിയായിരിക്കുന്നതാണു്. വില പതിവുപോലെ ഒററപ്രതിക്കു 2ണ. തന്നെയായിരിക്കും.

## തിരുക്കൊച്ചിവാർത്തകൾ

### ഗോതമ്പു വിലകുറച്ചു

ഗോതമ്പിന്റെ വില മണ്ണിനു് 17ക. 7ണ. എന്നതു് 15ക. 7ണ. യായി കുറവുചെയ്തിരിക്കുന്നു. പുതിയ വില നവംബർ 22-ാംനു മുതൽ നടപ്പിലാക്കിയിരിക്കുന്നു.

### വിദ്യാഭ്യാസഡയറക്ടരുടെ അറിയിപ്പു്

ലോവർ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികളെ (ഒന്നും രണ്ടും മൂന്നും ക്ലാസ്സുകൾ) ഭാഷയുടേതൊഴിച്ചുള്ള ടെക്സ്റ്റു ബുക്കുകൾ വാങ്ങുവാൻ നിർബന്ധിക്കരുതെന്നും ഡിപ്പാർട്ടുമെന്റു അവർക്കു് പുസ്തകങ്ങളൊന്നും പ്രിസ്ക്രൈബു ചെയ്തിട്ടില്ലെന്നും വിദ്യാഭ്യാസഡയറക്ടരുടെ ഒരറിയിപ്പിൽ പറഞ്ഞിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### അമേരിക്കയുടെ സഹായം

1953-54-ലെ സാങ്കേതിക സഹായസഹകരണപദ്ധതിയനുസരിച്ചു് ഇൻഡ്യക്കു് 7710 ലക്ഷം ഡോളറിന്റെ സഹായം അമേരിക്ക നൽകുന്നതാണെന്നു് ധനകാര്യമന്ത്രി കേന്ദ്രപാർലമെന്റിൽ വെളിപ്പെടുത്തിയിരിക്കുന്നു.

### ഇൻഡ്യാ സിലോൺ കൂടിയാലോചന

ഇൻഡ്യാ-സിലോൺപ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുവാൻ ഇരുരാജ്യങ്ങളിലേയും പ്രധാനമന്ത്രിമാരുടെ ഒരു കോൺഫറൻസ് ജനുവരി മദ്ധ്യത്തിൽ ന്യൂഡൽഹിയിൽവച്ചു നടക്കുന്നതാണെന്നറിയുന്നു.

### രാജാജിക്കു ബഹുമതി

മദ്രാസ് മുഖ്യമന്ത്രി ശ്രീ സി. രാജഗോപാലാചാരിക്കു് ഡൽഹി സർവ്വകലാശാല "ഡോക്ടർ ഓഫ് സിവിൽ ലോസ്" എന്ന ബഹുമതിബിരുദം ഡിസംബർ 5-ാംനു കൂടുന്ന കൺവൊക്കേഷനിൽവച്ചു നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

### ശമ്പളംസ്വമേധയാ കുറയ്ക്കുന്നു

ആന്ധ്രാ ഗവർണ്ണർ മി. സി. എം. ത്രിവേദി ഒക്ടോബർ 1-ാം തീയതിമുതൽ അദ്ദേഹത്തിന്റെ ശമ്പളത്തിൽ 1250ക. സ്വമേധയാ കുറവുചെയ്തിരിക്കുന്നു. ഗവർണ്ണറുടെ നിയമേനയുള്ള ശമ്പളം 5500ക. യാണു്.

### അരിറേഷൻ വർദ്ധിപ്പിക്കും

ഇൻഡ്യയിലെ ഭക്ഷ്യനില പുരോഗമിച്ചിട്ടുള്ളതിനെ ത്തുടർന്നു് 1954 മുതൽ അരിറേഷൻ വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണെന്നും ഇപ്പോൾ പ്രധാനമായി വെസ്റ്റു് ബംഗാൾ, തിരുക്കൊച്ചി, ബോംബെ, കാശ്മീർ എന്നീ സംസ്ഥാനങ്ങൾക്കു് കൂടുതൽ അരി നൽകുന്നതാണെന്നും കേന്ദ്ര ഡപ്യൂട്ടി ഭക്ഷ്യമന്ത്രി വെളിപ്പെടുത്തിയിരിക്കുന്നു.

---

### മാർതോമ്മാശ്ലീഹായുടെ

## തിരുശേഷിപ്പു്

മാർ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു് അത്യുന്നതകർദ്ദിനാൾ എവുജിൻ തിസ്സെരാങ്ങു് തിരുമേനി അടുത്ത ഡിസംബർ 6-ാം ഞായറാഴ്ച ഉച്ചകഴിഞ്ഞു 2മണിക്കു് തൃശ്ശൂർ വ്യാകുലമാതാവിന്റെപള്ളിയിൽനിന്നും കൊടുങ്ങല്ലൂരേക്കു് സ്പെഷ്യൽ കാർമാർഗ്ഗം ആഘോഷമായി എഴുന്നള്ളിക്കുന്നതാണു്. സത്യാരാധന സഖ്യാംഗങ്ങളും ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും അന്നേദിവസം കൊടുങ്ങല്ലൂരേക്കു് തീർത്ഥാടനം ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കഴിവുള്ളവർ അതിൽ സംബന്ധിക്കാം.

മുപ്പതിയാറു് ഇഞ്ചു് നീളമുള്ള മരക്കുരിശു് എല്ലാവരും കൈയിൽ ഉയർത്തിപ്പിടിച്ചും, ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ വലിയ ഉത്തരീയം (നാലിഞ്ചു നീളമുള്ളതു്) ഷർട്ടിനു പുറമെ ധരിച്ചും, സത്യാരാധന സഖ്യാംഗങ്ങൾ സഖ്യത്തിന്റെ ബാഡ്ജു് ധരിച്ചും പ്രാർത്ഥനാനിരതരായിട്ടാണു് ഈ തീർത്ഥാടനത്തിൽ സംബന്ധിക്കേണ്ടതു്.

ബസ്സിൽ അനുയാത്രചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഓരോരുത്തരും സ്വന്തം സംഘടനയുടെ പ്രസിഡണ്ടുവഴി ലൂർദ്ദുപുരം വി. തൃശ്ശൂർ വ്യാകുലമാതാവിന്റെ വലിയ പള്ളിയിലെ റവ. ഫാ. അബ്രാഹം കീഴക്കൂടൻ അവർകളുടെ മേൽവിലാസത്തിൽ ഈ നവംബർ 30-ാം തീയതിക്കു മുമ്പായി കിട്ടത്തക്കവണ്ണം അയച്ചുകൊടുത്താൽ അദ്ദേഹം സ്പെഷൽബസ്സു് ഏർപ്പാടുചെയ്യുന്നതാണു്. വൈക്കംവഴി ബോട്ടിൽ യാത്രചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഓരോരുത്തരും സത്യാരാധന സഖ്യത്തിന്റെ ജനറൽ ലീഡർ ആയ ശ്രീ മാത്തച്ചൻ എം. കുരുവനാക്കുന്നേൽ, പൈക, പൂവരണി, പാലാ, അവർകളുടെ മേൽവിലാസത്തിൽ ഒന്നരരൂപാവീതം ഈ നവംബർ 30-ാംതീയതിക്കു മുമ്പായി കിട്ടത്തക്കവണ്ണം അയച്ചുകൊടുത്താൽ സ്പെഷൽ ബോട്ടു് അദ്ദേഹം ഏർപ്പാടുചെയ്യും. അവർ ഡിസംബർ 5-ാംതീയതി ശനിയാഴ്ച വൈകുന്നേരം വൈക്കം നടേപ്പള്ളിയിൽ വന്നുചേരണം.

ഈ സംഘടനകളിൽ ചേർന്നിട്ടില്ലാത്തവർ ബ. വികാരിയച്ചൻവഴി മേൽക്കാണുന്നപ്രകാരം ചെയ്താൽ അവർക്കും സൗകര്യം ലഭിക്കുന്നതാണു്. ഈ നവംബർ 30-ാംതീയതിക്കുശേഷം കിട്ടുന്ന എഴുത്തുകളോ പണമോ സ്വീകരിക്കുന്നതല്ല. ഭക്ഷണത്തിനു് ഓരോരുത്തരും മുൻകരുതൽ ചെയ്യുന്നതു നന്നായിരിക്കും.

എന്നു്
ലിയൊ അച്ചൻ ഒ. എഫ്. എം. കപ്പൂച്ചിൻ, ഫ്രാ. മൂ. സഭയുടെ കമ്മിസ്സറി.

## ഇടവകവാർത്തകൾ

എറണാകുളം: നേത്രചികിത്സാസംബന്ധമായ ഉപരിപഠനാർത്ഥം വിയന്നായിലേക്കു് പോയിരുന്ന ഡോക്ടർ ജോർജ്ജു് പുത്തൂരാൻ ബി. എ., എം. ബി. ബി. എസ്സ്. നവംബർ 18-ാംനു എറണാകുളത്തു തിരിച്ചെത്തിയിരിക്കുന്നു.

—പേരൂർ: വിൻസെൻറു് ഡി പോൾ സഖ്യം സെൻറു് സെബാസ്റ്റ്യൻസ് കോൺഫറൻസ് അംഗങ്ങളിൽ ചിലർ ബോംബെയിൽ നവ. 6, 7, 8 എന്നീ തീയതികളിൽ കർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന ഒസ്സാനാം ശതാബ്ദജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചു് തിരിച്ചെത്തിയിരിക്കുന്നു.

—അരുവിത്തുറ: സെൻറു് തോമസ് മിഷൻ ലീഗ് ഓഫീസിൽ മാർത്തോമ്മാശ്ലീഹായുടെ ഒരു എണ്ണച്ഛായാപടം നവ. 15-ാംനു റവ. ഫാ. ജോസഫ് കോയിപ്പുറം അവർകൾ അനാച്ഛാദനം ചെയ്യുകയുണ്ടായി.

—ചിററാട്ടുകര: വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥലം പള്ളിയിലെ പ്രത്യേക അൾത്താരയിൽ വിൻസെൻറു് ഡി പോൾ പുണ്യവാന്റെ 5 അടി പൊക്കമുള്ള ഒരു രൂപം നവ. 15-ാംനു പ്രതിഷ്ഠിച്ചിരിക്കുന്നു.


Issue of 20000 Shares of Rs. 5 Each, Fully Paid Up, At Par

*Consent of the Central Government has been obtained to this issue by order of which a complete copy is open to public inspection at the Head Office of the company. It must be distinctly understood that in giving this consent the government of India do not take any responsibility for the financial soundness of any scheme or for correctness of any of the statements made or opinion expressed with regard to them.*

The well-wishers may please apply sharp for shares at any of our offices and participate with us in the progress of the Bank.

BOARD OF DIRECTORS

Sri Jacob Arakel, Avl., B. A. B. L., Retired Judge and the President, All Travancore Latin Christian Mahaj nasaba, Alleppey
„ K. C. Joseph, Avl., Akkarakalam, Chennenkary
„ K. V. Mathew, Avl., Kaiyalath, Mallappally
Dr. K. Narayana Pillai, Capt. Ex. I. A. M. C., Alleppey
Sri P. T. Mathew, Avl. B. Sc. B. L., Pazhayaparampil, Pulincunno
„ N. X. Joseph, Avl., Ettuparail, Kavalam
„ E. V. Varkey, Avl., Elakkattu, Pulincunno
„ A. C. Mathew, Avl., B. A. A. I. I. B., Vachavarampil., Pulincunno (Secretary)
„ K. K. Chacko, Avl., Manimalatharai, Moncompu
„ O. Eapen, Valacuzhy, Avl., Alleppey (Managing Director)

OFFICES: Alleppey (H. O.) Pulincunno and Manimala

BUSINESS: All kinds of general banking business transacted; gives the best rates of interest to deposits and offer special rates to Religious and Charitable Institutions. Please contact any of the above offices.

SEASIA BANK Ltd.

(Incorporated in T-C State with members' liability limited)


## മാർപ്പാപ്പാ തിരുമനസ്സിലെ

### കൃതജ്ഞതയും ആശീർവാദവും

അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങു് തിരുമേനിയെ കേരളത്തിലേക്കു് അയച്ചതിലും, മോൺ: ജോസഫ് പാറേക്കാട്ടിൽ അവർകളെ ആർച്ചുബിഷപ്പായി നിയമിച്ചതിലും, എറണാകുളം അതിരൂപതയിലെ മെത്രാപ്പോലീത്തായും വൈദികരും ജനസാമാന്യത്തിനും മാർപ്പാപ്പാ തിരുമനസ്സിലെ നേർക്കുള്ള ഹൃദയപൂർവ്വകമായ കൃതജ്ഞതാദരവുകളെ മോസ്റ്റ് റവ. മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് ഒരു കേബിൾ സന്ദേശംവഴി മാർപ്പാപ്പാ തിരുമേനിയെ അറിയിക്കുകയുണ്ടായി. ഇതിനു വത്തിക്കാനിൽനിന്നു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു താഴെ കാണുന്ന മറുപടിസന്ദേശം ലഭിച്ചിരിക്കുന്നു.

1953 നവമ്പർ 17

ആർച്ചുബിഷപ്പു് കണ്ടത്തിൽ,
എറണാകുളം

ഭക്ത്യാദരപുരസ്സരമായ സന്ദേശത്തിനു് പരിശുദ്ധ പിതാവു് ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തിരുമേനിക്കും, മോൺ: പാറേക്കാട്ടിലിനും, വൈദികർക്കും, വിശ്വാസികൾക്കും പൈതൃകമായ അപ്പസ്തോലികാശീർവ്വാദം സ്നേഹപൂർവ്വം നൽകുന്നു.

മോണ്ടിനി, പ്രോ സിക്രട്ടറി


## വിദേശവാർത്തകൾ

### മരിയൻ ജൂബിലിപ്രമാണിച്ചു പൂർണ്ണദണ്ഡവിമോചനം

1953 ഡിസമ്പർ 8 മുതൽ 1954 ഡിസമ്പർ 8 വരെ ദീർഘിക്കുന്ന മരിയൻ ജൂബിലിവർഷത്തിൽ സാധാരണ വ്യവസ്ഥകളോടുകൂടി (പാപസങ്കീർത്തനം, ദിവ്യകാരുണ്യസ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗാർത്ഥമുള്ള പ്രാർത്ഥന) പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിരിക്കുന്നതായി പ. സിംഹാസനത്തിൽനിന്നും പ്രഖ്യാപനം ചെയ്തിരിക്കുന്നു.

### പോളണ്ടിലെ മതമർദ്ദനത്തെ 32 രാജ്യങ്ങൾ പ്രതിഷേധിക്കുന്നു

പോളണ്ടിലെ കത്തോലിക്കാസഭ കമ്മ്യൂണിസ്റ്റുകാരിൽനിന്നും അനുഭവിക്കുന്ന പീഡനങ്ങളിലും വാർസോയിലെ കർദ്ദിനാൾ മെത്രാപ്പോലീത്തായായ സ്റ്റീഫൻ വിഷിൻസ്കി തിരുമേനിയെ സ്ഥാനഭ്രഷ്ടനാക്കിയതിലും മാർപ്പാപ്പാ തിരുമനസ്സിലേക്കുള്ള ദുഃഖത്തിൽ തങ്ങളുടെ ഗവമ്മെൻറുകളും ഭാഗഭാക്കുകളാകുന്നുവെന്നു് 17 രാജ്യങ്ങളുടെ സ്ഥാനപതികളും-11 മിനിസ്റ്റർമാരും 4 ചാർജു് ഡി അഫയേഴ്സുമാരുമായി ആകെ വത്തിക്കാനിലുള്ള 32 രാജ്യങ്ങളുടെ പ്രതിനിധികൾ നവമ്പർ 19-ാംനു മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചു് ദുഃഖമനസ്സുണർത്തിച്ചിരിക്കുന്നു.

NEW STOCKS ARRIVED!
Favre-Leuba & Kenson Watches.
MOST POPULAR VARIETIES AT REDUCED PRICES
*See them at our show rooms:*
KRISHNAN NAIR'S WATCH CO.,
THE CHEAPEST HOUSE FOR WATCHES & CLOCKS
TRICHUR, ERNAKULAM & QUILON

# നമ്മുടെ സഹായമെത്രാൻ

## എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം

ഹൃദയം നിറഞ്ഞ സന്തോഷത്തോടുകൂടിയാണു നാം ഈ ലേഖനമയക്കുന്നതു്.

വാർദ്ധക്യവും രോഗവുംമൂലം അതിരൂപതാസംബന്ധമായ ഭരണഭാരങ്ങൾ തനിച്ചു നിർവ്വഹിക്കുക ദുസ്സാധമായിത്തീർന്ന നമ്മെ സഹായിക്കുന്നതിനും, നിങ്ങൾക്കെല്ലാവർക്കും അതാതുസമയം വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും ആയി ഒരു സഹായമെത്രാനെ നിയമിച്ചുതരണമെന്നു് കുറേക്കാലമായി നാം പരിശുദ്ധ സിംഹാസനത്തോടാവശ്യപ്പെടുവാൻ തുടങ്ങിയിട്ടു്. നമ്മുടെ ആ ആഗ്രഹം സാധിച്ചുകിട്ടിയതു് ഒരു പ്രത്യേക ശുഭമുഹൂർത്തത്തിലാണെന്നുള്ള വസ്തുത നമ്മുടെ ആനന്ദത്തെ വർദ്ധിപ്പിക്കുന്നു.

പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾ തിരുസംഘത്തിന്റെ അദ്ധ്യക്ഷനും (Dean) ആയ അത്യുന്നത കർദ്ദിനാൾ ടിസ്സെരാങ്ങ് തിരുമേനിക്കു് ഇക്കഴിഞ്ഞ 11-ാംനു ഇവിടെവച്ചു നമ്മൾ ഒരു പൊതുസ്വീകരണം നൽകുകയുണ്ടായല്ലോ. ആ അവസരത്തിലാണു് തിരുമേനി പരസ്യമായി പ്രഖ്യാപിച്ചതു് ഫാദർ ജോസഫ് പാറേക്കാട്ടിൽ അവർകളെ നമ്മുടെ സഹായമെത്രാനായി നിയമിച്ചിരിക്കുന്നുവെന്ന സന്തോഷവാർത്ത.

അങ്ങനെ, നാം വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഒരു കാര്യം ദൈവാനുഗ്രഹത്താൽ ഇതാ നിറവേറിയിരിക്കുന്നു. പുതിയമെത്രാന്റെ സഹായം നമ്മുടെ വാർദ്ധക്യകാലത്തു് നമുക്കു് വലിയൊരാശ്വാസവും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കു നിദാനവും ആയിരിക്കുമെന്നുള്ളതു നാം പ്രത്യേകം പറയണമെന്നില്ലല്ലോ.

എന്നാൽ, അതിരൂപതയുടെ കാര്യങ്ങളെല്ലാം ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിനു് നിങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണു്. പ്രാർത്ഥനവഴിയായി നിങ്ങൾ സഹായിക്കുകയും അതിരൂപതയുടെ അഭിവൃദ്ധിക്കായുള്ള പരിശ്രമങ്ങളിൽ നിങ്ങൾ സഹകരിക്കുകയും ചെയ്താലേ എല്ലാം വിജയകരമായി മുന്നോട്ടു പോവുകയുള്ളു. അതിനാൽ നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മേയും സഹായമെത്രാനേയും നിങ്ങൾ പ്രത്യേകം അനുസ്മരിക്കണമെന്നും അർഹമായ സ്നേഹാദരവുകൾ അദ്ദേഹത്തോടും നിങ്ങൾ കാണിക്കണമെന്നും നാം അഭിലഷിക്കുന്നു.

അത്യുന്നത കർദ്ദിനാൾ ടിസ്സെരാങ്ങ് തിരുമനസ്സുകൊണ്ടുതന്നെ നിയുക്തമെത്രാന്റെ അഭിഷേകകർമ്മം നിർവ്വഹിക്കാമെന്നു സദയം സമ്മതിച്ചിട്ടുണ്ടു്. അതും പ്രത്യേക ദൈവാനുഗ്രഹത്താൽ ലഭിച്ച ഒരസുലഭഭാഗ്യമാണല്ലോ. വരാപ്പുഴ മെത്രാപ്പോലീത്താച്ചനും, തൃശ്ശൂർ മെത്രാനച്ചനും അഭിഷേകകർമ്മങ്ങളിൽ സഹായിക്കുന്നതായിരിക്കും. നവംബർ 30-ാംനു എറണാകുളത്തു നമ്മുടെ മെത്രാപ്പോലീത്തൻ ദേവാലയത്തിൽവച്ചാണു് പ്രസ്തുത ചടങ്ങുകൾ നടക്കുന്നതു്. അഭൂതപൂർവ്വമായ ഈ മംഗളകർമ്മം തികച്ചും ഭംഗിയാക്കിത്തീർക്കുവാൻ നിങ്ങളേവരുടേയും സഹായസഹകരണങ്ങൾ നാം പ്രതീക്ഷിക്കുന്നു.

പട്ടാഭിഷേകകർമ്മങ്ങളിൽ സംബന്ധിക്കുന്നതിനായി കർദ്ദിനാൾ ടിസ്സെരാങ്ങ് തിരുമനസ്സുകൊണ്ടു് മുൻപരിപാടികൾ ഭേദപ്പെടുത്തി. നവംബർ 29-ാംനു ഉച്ചതിരിഞ്ഞു് ഉദ്ദേശം 2 മണിക്കു് കോട്ടയത്തുനിന്നും കാർമാർഗ്ഗം വൈക്കംവഴി എറണാകുളത്തെത്തിച്ചേരുന്നതാണു്. അതിനാൽ ആ വഴിക്കുള്ള നമ്മുടെ ജനങ്ങൾക്കു് തിരുമേനിയുടെ ആശീർവ്വാദം ലഭിക്കുന്നതിനും സൗകര്യപ്പെട്ടേക്കാം. 30-ാംനു ഉച്ചതിരിഞ്ഞു് തിരുമേനി പാലായിലേക്കെഴുന്നെള്ളും.

പുതിയ മെത്രാനച്ചനു വേണ്ട ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ഈ ഇടയലേഖനം കിട്ടുന്നതുമുതൽ നവംബർ 30-ാംനു-വരെ കുർബാനയുടെ അവസാനത്തിൽ "ഏത്രയും ദയയുള്ള മാതാവേ" എന്ന ജപം ചൊല്ലണം. നമ്മുടെ അതിരൂപതയ്ക്കും നിങ്ങൾക്കേവർക്കും വേണ്ട ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടു് ബാവാ, പുത്രൻ്റേയും റൂഹാദക്കുദശായുടേയും നാമത്തിൽ നിങ്ങളേവരേയും നാം ആശീർവ്വദിക്കുന്നു.

# ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

ഏജൻസിവ്യവസ്ഥയനുസരിച്ചു് പത്രവില മുൻകൂർ അടയ്ക്കാത്തവർക്കു് പത്രം അയക്കുന്നതല്ലെന്നു് അറിയാമല്ലോ. എന്നാൽ ചില ഏജൻറുമാർ മുൻകൂർ സംഖ്യ വൈകി അയക്കുന്നതുകൊണ്ടു് പത്രക്കെട്ടും താമസിച്ചയക്കാൻ ഇടയാവുന്നതിനാൽ പത്രവരിക്കാർ അതൃപ്തി പ്രദർശിപ്പിക്കുന്നുവെന്നും മററും ഞങ്ങളെ അറിയിച്ചിരിക്കുന്നു. ആഴ്ചയിൽ ബുധനും വ്യാഴവും മാത്രമേ തപാലാപ്പീസിൽ പത്രക്കെട്ടുകൾ സ്വീകരിക്കുകയുള്ളൂ. അതിനാൽ സമയംവൈകി സംഖ്യ അടയ്ക്കുന്നവർക്കു ടി. ദിവസങ്ങൾ തെററിയാൽ പിറെറ ആഴ്ചയേ പത്രം അയച്ചുതരാൻ സാദ്ധ്യമാവുകയുള്ളുവെന്നും അറിയിച്ചുകൊള്ളുന്നു. അതിനാൽ മേൽപ്രകാരമുള്ള അസൗകര്യങ്ങൾ ഒഴിച്ചുവയ്ക്കണമെന്നാഗ്രഹിക്കുന്ന ഏജൻറുമാർ കുറഞ്ഞപക്ഷം അതാതാഴ്ചയിലെ മുൻകൂർ പത്രവിലയെങ്കിലും തലേ തിങ്കളാഴ്ചയ്ക്കുള്ളിൽ ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണു്. പത്രം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ട വിവരവും ടി. ദിവസത്തിനുള്ളിൽത്തന്നെ അറിയിച്ചിരിക്കേണ്ടതാണെന്നും ഓർപ്പിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

# പാവങ്ങളുടെ സഭ

(എ. ടി. ദേവസ്യാ. അറക്കൽ എം. എ.)

അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്ന പാവങ്ങളുടെ അഭ്യുന്നതിയെ ലാക്കാക്കി കാര്യമായി യാതൊന്നും ചെയ്യാതെ മുതലാളിത്തത്തിനു മറപിടിച്ചു നില്ക്കുന്ന പാരമ്പര്യമാണു കത്തോലിക്കാസഭയ്ക്കുള്ളതെന്ന ഒരു വാദഗതി അനേകർ ഉന്നയിച്ചു കാണാറുണ്ടു്. അംബരചുംബികളായ ദേവാലയങ്ങൾ, ശില്പകലാവൈദഗ്ദ്ധ്യം ഓളംവെട്ടുന്ന ബലിപീഠങ്ങൾ, സ്ഥാനചിഹ്നങ്ങളണിഞ്ഞു പൂജ അർപ്പിക്കുന്ന വൈദികർ, തിരുസ്സഭയുടെ മേലദ്ധ്യക്ഷന്മാരെ സ്വീകരിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന ആർഭാടത, ഇതെല്ലാം ക്രിസ്തുമതത്തിൽ പണക്കൊഴുപ്പിനും പ്രൗഢിക്കും വമ്പിച്ച സ്വാധീനശക്തി ഉണ്ടെന്ന ആരോപണത്തിനു മൂർച്ച കൂട്ടുന്നു. എന്നാൽ നിഷ്പക്ഷചിന്താഗതിയോടുകൂടി ഇവയെ വീക്ഷിക്കുന്നതായാൽ ദൈവമഹത്വത്തിനും ഈശ്വരനിൽനിന്നു സിദ്ധിച്ചിരിക്കുന്ന അധികാരവിധേയത്വത്തിന്റെ ബാഹ്യപ്രകടനത്തിനുമായിട്ടാണു് ഇവ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കാൻ വിഷമമില്ല.

തൊഴിലാളിയും അദ്ധ്വാനശീലനുമായിരുന്ന ക്രിസ്തു സ്ഥാപിച്ച സഭ പാവപ്പെട്ടവന്റെ സങ്കേതവും വേദന അനുഭവിക്കുന്നവന്റെ അഭയകേന്ദ്രവുമായിരുന്നുവെന്നു ചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കിയാൽ കാണാവുന്നതാണു്. മിശിഹായുടെ തിരുരക്തത്തിൽ വേരൂന്നി വളർന്നുവന്ന സത്യസഭ, അവിടുത്തെ ജീവിതത്തെ അനുകരിക്കുവാനും അങ്ങനെ പുണ്യപരിപൂർണ്ണരായിത്തീരുവാനുമാണു് അനുയായികളെ ഉപദേശിക്കുന്നതു്. പാവപ്പെട്ടവരിൽ പാവപ്പെട്ടവനായി, സ്വന്തമായി വാസസ്ഥലംപോലും ഇല്ലാതെ ഒരു പുൽക്കൂട്ടിൽ അവതീർണ്ണനായ ക്രിസ്തുവിന്റെ ജീവിതം സാധുജനസംരക്ഷണത്തിന്റെയും അവശോദ്ധാരണത്തിന്റെയും പര്യായമായിരുന്നു. നിത്യവൃത്തിക്കുവേണ്ടി ആശാരിപ്പണി എടുത്തിരുന്ന സ്വപിതാവിന്റെ വിയർപ്പുതുള്ളികൾ തുടച്ചുനീക്കുന്നതിനും, ആവുന്നവിധം അദ്ദേഹത്തെ സഹായിക്കുന്നതിനും ഈശോ ജാഗരൂകനായിരുന്നല്ലോ. മാതാവിന്റെയും പിതാവിന്റെയും വാത്സല്യമസൃണമായ പരിലാളനങ്ങളിൽനിന്നും വിട്ടകന്നു കണ്ടകാകീർണ്ണമായ വഴിത്താരകളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അവിടുത്തെ സന്തതസഹചാരികൾ അംഗഹീനരും, ദരിദ്രരുമായിരുന്നു. പാപത്തിന്റെ ചെളിക്കുണ്ടിൽവീണു് ആത്മാവിനെയും ശരീരത്തെയും ഒരുപോലെ നശിപ്പിച്ചുകൊണ്ടിരുന്ന പാപികളുടെയും പാവങ്ങളുടെയുംകൂടെ സഹവസിച്ചതിനാലാണല്ലോ രക്ഷകൻ പരിഹാസപാത്രമായതു്. ഈശോയുടെ അത്ഭുതങ്ങളുടെ ഫലം അനുഭവിച്ചവരെല്ലാം സാധുജനങ്ങളായിരുന്നു. ഇങ്ങനെ സ്വപ്രവൃത്തികളാൽ ക്രിസ്തു പാവപ്പെട്ടവരുടെ പരിത്രാണകർമ്മം നിർവ്വഹിച്ചുവെന്നു മനസ്സിലാക്കാം.

ദൈവപുത്രന്റെ മാതൃകാപരമായ ജീവിതകാലത്തു അസംഖ്യം ദിവ്യസൂക്തികൾ അദ്ദേഹം അരുളിച്ചെയ്തിട്ടുണ്ടു്. അവയെല്ലാം ഉടനീളം സാധുക്കളോടുള്ള കരുണ വിളിച്ചറിയിക്കുന്നവയാണു്. അവിടുന്നു പറയുന്നു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരട്ടെ, അവരെ ഞാൻ ആശ്വസിപ്പിക്കും." അതെ യാതനകളും കഷ്ടതകളും അനുഭവിക്കുന്നവരെ ഈശോ ആശ്വസിപ്പിച്ചു; ആ കൃത്യം തിരുസ്സഭ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു്. "എന്റെ ഈ ചെറിയ സഹോദരന്മാരിൽ ഒരുവനു് നിങ്ങൾ ചെയ്യുമ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്യുന്നതു്" എന്നും ഒട്ടകം സൂചിക്കുഴയിൽക്കൂടി കടന്നാലും ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ലാ എന്നും നിരങ്കുശമായി പ്രസംഗിച്ച ആ ത്യാഗിശ്രേഷ്ഠൻ മർദ്ദിതരുടെ ആശാകേന്ദ്രമായിരുന്നു. ഈ വചനങ്ങൾ പ്രഖ്യാപിച്ചശേഷം തിരുസ്സഭയെ സ്ഥാപിച്ച ക്രിസ്തു അവിടുത്തെ പിൻഗാമികളായ മാർപ്പാപ്പാമാരോടും അനുഗാമികളോടും ആവശ്യപ്പെട്ടതും മറെറാന്നുമായിരുന്നില്ല. പ്രസ്തുത വാക്കുകൾക്കനുസരണമായി ജീവിക്കുന്ന പിതാക്കന്മാരുടെ നേതൃത്വത്തിലുള്ള സഭ തീർച്ചയായും പാവങ്ങളുടെ രക്ഷാകേന്ദ്രമായിരിക്കുമെന്നതിൽ സന്ദേഹമില്ല.

തിരുസ്സഭയുടെ ചരിത്രംതന്നെ അവശോദ്ധാരണത്തിന്റെ ചരിത്രമാണു്. ഒന്നാംനൂററാണ്ടുമുതൽ ഇന്നുവരെയും വിദ്യാമന്ദിരങ്ങളും ആതുരാലയങ്ങളും അഗതിമന്ദിരങ്ങളും സ്ഥാപിച്ചു പ്രവർത്തിക്കുന്നതിൽ വൈദികരും മററു നേതാക്കളും ജാഗരൂകരായിരുന്നു. പ്രോട്ടസ്റ്റൻറു വിപ്ലവത്തിനുമുമ്പും, അതിനുശേഷവും ഇതു സംബന്ധിച്ചു സഭ ചെയ്തിരിക്കുന്ന സേവനം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. ഇംഗ്ലണ്ടിലും ജർമ്മനിയിലും ഹോളണ്ടിലും പ്രോട്ടസ്റ്റൻറു് വിപ്ലവം ഉണ്ടാകുകയും കത്തോലിക്കാ സന്യാസമന്ദിരങ്ങളും മററു സ്ഥാപനങ്ങളും രാഷ്ട്രം പിടിച്ചെടുക്കുകയും ചെയ്തപ്പോൾ, അവ സംരക്ഷിച്ചുകൊണ്ടിരുന്ന ആയിരക്കണക്കിനു പാവങ്ങൾ വഴിയാധാരമാവുകയും മരണമടയുകയും ചെയ്തുവെന്നു ചരിത്രം സാക്ഷ്യംവഹിക്കുന്നു.

ചൂഷിതവർഗ്ഗത്തിനുവേണ്ടി ധീരമായ സ്വരം ഉയർത്താൻ തിരുസ്സഭാപിതാക്കന്മാർക്കും സുകൃതനിധികൾക്കും പ്രചോദനം നൽകിയതും ദിവ്യനാഥന്റെ വാക്കുകളായിരുന്നു. തൊഴിലാളികളുടെ അവകാശസംരക്ഷണാർത്ഥം ചാക്രികലേഖനങ്ങൾ മുഖാന്തിരം ശബ്ദം പുറപ്പെടുവിച്ച 13-ാം ലെയോനും 11-ാം പീയൂസും പാവങ്ങളുടെ പാപ്പാമാരല്ലയോ? ദീനജനങ്ങൾക്കുവേണ്ടി വേദനയുടെ മുൾക്കിരീടവും ചൂമന്നു മുന്നേറിയ ഫാദർ ഡാമിയനും, രാജകീയസുഖഭോഗങ്ങൾ ത്യജിച്ചശേഷം പാരീസിലെ തെരുവീഥിയിലിറങ്ങിയ സെൻറ് വിൻസെൻറ് ഡി പോളും ഫ്രെഡറിക്കു് ഒസ്സാനാമും കത്തോലിക്കാസഭയു



ധർമ്മഗിരി മെഡിക്കൽ സിസ്റ്റേഴ്സ് സഭയിൽപ്പെട്ട ഏഴ് അർത്ഥിനികൾക്കു കോതമംഗലത്തുവച്ചു ഈ ഒക്ടോബർ 29-ാംനു സഭാവസ്ത്രം നൽകിയ അവസരത്തിൽ എടുത്ത ഫോട്ടോ.

ടെ സാധുജനാനുകമ്പയുടെ മകുടോദാഹരണമായി വിരാജിക്കുന്നു. തൊഴിലാളികൾക്കുവേണ്ടി കമ്മ്യൂണിസത്തിന്റെ പിതാവായ മാർക്സ് എഴുതുന്നതിനുമുമ്പുതന്നെ ഫ്രെഡറിക്ക് ഒസ്സാനാം പറഞ്ഞ വാക്കുകൾ ശ്രദ്ധേയങ്ങളാണ്. "തൊഴിലാളിയെ മുതലാളി തന്റെ സഹപ്രവർത്തകനായോ സഹായിയായോ അല്ലാതെ ഏററവും ചുരുങ്ങിയ ചെലവിൽ ഏററവും അധികം ആദായം ഉണ്ടാക്കാനുള്ള ഉപകരണമായി ഉപയോഗിക്കുന്നതു് മനുഷ്യപ്രകൃതിയുടെ മാഹാത്മ്യത്തോടു ചെയ്യുന്ന ഒരപരാധമാണ്." ഇപ്രകാരംതന്നെ പ്രസിദ്ധനായ കെററ്ലറുടെ ശ്രദ്ധേയമായ ഉദ്ബോധനവും സ്മർത്തവ്യമാണ്. "ഹൃദയംകൊണ്ടും ശരീരംകൊണ്ടും പണപ്പെട്ടികൊണ്ടും പാവങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കണം." ഇവയ്ക്കനുസരണമായുള്ള പദ്ധതികൾ കരുപ്പിടിപ്പിച്ചുകൊണ്ടാണ് കത്തോലിക്കാസഭ മുമ്പോട്ടു പോകുന്നതു്.


ആധുനികസ്ഥിതിഗതികൾ സമീക്ഷണംചെയ്താൽ ഏതൊരു കത്തോലിക്കനും തല ഉയർത്തിപ്പിടിച്ചു നടക്കാവുന്നത്ര സേവനം കത്തോലിക്കാസഭ ചെയ്യുന്നുണ്ടു്. വിൻസെൻറ് ഡി പോൾ സംഘടനയും ഉപവിയുടെ കന്യകാസഭയും ഉദാഹരണങ്ങളാണ്. ഇതിനുംപുറമെ ആയിരക്കണക്കിനു അഗതിമന്ദിരങ്ങളും, വൃദ്ധാലയങ്ങളും, അനാഥശാലകളും, ആതുരകേന്ദ്രങ്ങളും, ആസ്പത്രികളും വിളിച്ചറിയിക്കുന്ന വസ്തുത കത്തോലിക്കാസഭ അവശതയനുഭവിക്കുന്നവന്റെ സഭയാണെന്നല്ലേ? സ്വജീവൻ അപകടത്തിലാക്കിക്കൊണ്ടു് ഉത്തമ്പുയവനികകളിൽ മതപ്രചരണവും സാധുജനസംരക്ഷണവും നിർവഹിച്ചുകൊണ്ടിരിക്കുന്ന അസംഖ്യം മിഷനറിമാർക്ക് കഴുമരത്തിലേക്കും കാരാഗൃഹത്തിലേക്കും സുസ്മേരവദനരായി പോകുവാൻ പ്രചോദനം നൽകുന്നതും ക്രിസ്തുവിന്റെയും തിരുസ്സഭാമാതാവിന്റെയും അനുശാസനങ്ങളാണ്.

1953 ആഗസ്റ്റ് 13-ാംനു പാരീസിൽവച്ചു ഫ്രഞ്ചു കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ മുടിചൂടിയ നേതാവായ മോറിസ് തോറസ്സ് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: "മർദ്ദനത്താൽ എരിപൊരികൊണ്ടിരുന്ന അവശന്മാർക്കു ക്രിസ്തുവിന്റെ യറുശലേം മുക്തി നൽകാതിരുന്നപ്പോൾ മാർക്സിന്റെ വിപ്ലവസന്ദേശം ഒരു പൊൻപുലരിയെ തുറന്നുകൊടുത്തു" എത്ര അർത്ഥമില്ലാത്ത അഭിപ്രായം! അക്രമങ്ങളും അട്ടിമറിപ്പൻ പ്രസ്ഥാനങ്ങളുംകൊണ്ടു കമ്മ്യൂണിസ്റ്റുകാർ ആയിരക്കണക്കിനു ജനങ്ങളെ കുരുതികൊടുക്കുമ്പോൾ സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശവുമായി അവശന്മാരെ സഹായിക്കുക എന്ന കൃത്യത്തിലാണ് തിരുസ്സഭ ഏർപ്പെട്ടിരിക്കുന്നതു്. നശീകരണവും അസ്വസ്ഥതയും അഴിച്ചുവിടുന്ന നേതാക്കൾ മൈതാനപ്രസംഗങ്ങൾക്കല്ലാതെ സാധുക്കളുടെ ദൈനംദിനജീവിതത്തിലെ പരുപരുത്ത വശങ്ങളിലേക്കൊന്നെത്തിനോക്കിയിട്ടുണ്ടോ? എന്നാൽ കത്തോലിക്കാസഭയാകട്ടെ വലിയ ഒച്ചപ്പാടുകൾ ഒന്നും കൂടാതെ യഥാർത്ഥസാധുജനസേവനം നിർവ്വഹിച്ചു പാവങ്ങളുടെ സഭ എന്ന അപരാഭിധാനം ആർജ്ജിച്ചുകഴിഞ്ഞു. വളരെയൊക്കെ നാം ചെയ്തെങ്കിലും ഇനിയും വളരെവളരെ ചെയ്യേണ്ടതായിട്ടുണ്ടെന്ന ധാരണയോടെ സമാമാതാവിന്റെ സമുദ്യമത്തിൽ സർവ്വാത്മനാ സഹകരിക്കാൻ സസന്തോഷം മുമ്പോട്ടു വരേണ്ടിയിരിക്കുന്നു.

കുടുംബപംക്തി

# പരാജയകാരണം

(എ. വി. തോമസ്)



പല വിവാഹങ്ങളുടേയും പരാജയത്തിനുള്ള പ്രധാന കാരണം പ്രാർത്ഥനയുടെ അഭാവമാണ്. ക്രിസ്തീയവിവാഹത്തിൽ പ്രാർത്ഥനയ്ക്കുള്ള സ്ഥാനം അത്യന്തം പ്രാധാന്യമേറിയ ഒന്നാണ്. "അവനും" "അവളും" ഒരു പക്ഷെ പരസ്പരം അജ്ഞാതരായിരിക്കുന്ന കാലത്തുതന്നെ തങ്ങൾ വിവാഹജീവിതത്തിൽ പ്രവേശിക്കണമെന്നുള്ളതു് ദൈവതിരുമനസ്സാണോ എന്നറിയുവാനായി അവർ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. ഇങ്ങനെയല്ലാത്തുള്ള പ്രാരംഭം തുടക്കത്തിൽ തന്നെ വഴിതെററിയ കാലടികൾ ആയിരിക്കും.

തങ്ങൾ വിവാഹജീവിതത്തിൽ പ്രവേശിക്കണമെന്നുള്ളതാണ് ദൈവതിരുമനസ്സ് എന്നറിഞ്ഞുകഴിയുമ്പോൾ അവിടുത്തെ ദിവ്യഹിതം ഗ്രഹിപ്പിച്ച ദൈവത്തിനു നന്ദിപറയുവാനായി അവർ മുഴങ്കാൽ ഊന്നുന്നു. ദൈവത്തിൽനിന്നും പ്രാപിച്ച അനുഗ്രഹങ്ങൾക്കു് അവിടുത്തേക്കു നന്ദി പറയാതിരിക്കുന്നതു വലിയ കൃതഘ്നതയാണല്ലോ. പിന്നെയും മറെറാരനുഗ്രഹത്തിനായി അവർ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. തനിക്കു ദൈവത്തിൽ സ്നേഹിക്കുവാൻ പററിയ ഒരു യുവതിയെ നൽകുന്നതിനായി "അവൻ" അവിടുത്തോടു പ്രാർത്ഥിക്കുന്നു. ഒരു കത്തോലിക്കയായ യുവതിയെ നൽകുന്നതിനു് അവൻ ദൈവത്തെ പ്രാർത്ഥിക്കുന്നു. അവൾ സുശീലയും നിരാശയിൽ പ്രോത്സാഹനവും ക്ലേശത്തിൽ തുണയും നിത്യഭവനത്തിലേക്കുള്ള യാത്രയിൽ വിശ്വസ്തയായ ഒരു സഹായിയും തങ്ങളുടെ സന്താനങ്ങളുടെ ഗുണവതിയായ മാതാവും ആയിരിക്കണമെന്നു് അവൻ പ്രാർത്ഥിക്കുന്നു. "അവൾ" ആകട്ടെ ഒരു നല്ല ഭർത്താവിനുവേണ്ടി പ്രാർത്ഥിക്കുന്നു. ഗുണവാനും ആരോഗ്യവാനും നിർമ്മലനും കോമളനും ആയ ഒരു യുവാവിനെ ലഭിക്കുന്നതിനുവേണ്ടി അവൾ പ്രാർത്ഥിക്കുന്നു. അയാൾ അവളേയും അവരുടെ ഐക്യത്തിൽനിന്നും ജാതരാകുന്ന സന്താനങ്ങളേയും സ്നേഹിക്കുന്നവനും അവരുടെ കുടുംബത്തിന്റെ സംരക്ഷണത്തിൽ തൽപരനും ആയിരിക്കണം. അയാൾ അവളുടെ കുററങ്ങളും പോരായ്മകളും ഹൃദയവിശാലതയോടെ ക്ഷമിക്കുന്നവനായിരിക്കണം. താൻ പ. മറിയത്തിന്റെ ഭാഗം അഭിനയിക്കുമ്പോൾ വിശുദ്ധ യൗസേപ്പിന്റെ ഭാഗം അഭിനയിക്കുന്നവനായിരിക്കണം അയാൾ.

കാലത്തിന്റെ പൂർണ്ണതയിൽ അവർ ഇരുവരും കണ്ടുമുട്ടുന്നു. തങ്ങളുടെ പ്രാർത്ഥനയുടെ ഫലമാണതെന്നു് അവർ പരസ്പരം ഗ്രഹിക്കുന്നു. അവരുടെ "മനസ്സമ്മതം" കഴിയുന്നു. തങ്ങളുടെ വിവാഹദിനത്തെ പ്രതീക്ഷിച്ചുകൊണ്ടു അവർ കൂട്ടമായി പ്രാർത്ഥിക്കുന്നു; അടുത്തടുത്തു് വി. കുർബാന സ്വീകരിക്കുന്നു; തങ്ങളെ തമ്മിൽ ഏകീഭവിപ്പിക്കുന്ന ക്രിസ്തുനാഥനോടു് ഐക്യംപ്രാപിക്കുന്നു.

ഇങ്ങനെ അവരുടെ വിവാഹദിനം സമാഗതമാകുന്നു. മദ്ബഹായിൽ ദീർഘനേരം മുട്ടുകുത്തി നില്ക്കുന്നതായി നാം അവരെ കാണുന്നു. വിവാഹാനന്തരം അവർ ഒരുമിച്ചു ദിവ്യബലിയിൽ സംബന്ധിക്കുന്നു; ഒരുമിച്ചു് അവർ ദിവ്യകാരുണ്യനാഥനെ തങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുന്നു; മരണംവരെ ഹൃദയയോജിപ്പിൽ കഴിയുന്നതിനുള്ള അനുഗ്രഹത്തിനുവേണ്ടി അവർ പ്രാർത്ഥിക്കുന്നു. ക്രിസ്തുനാഥൻ അവരെ അനുഗ്രഹിക്കുന്നു. അതിന്റെ ബാഹ്യചിഹ്നമായി ക്രിസ്തുവിന്റെ പ്രതിനിധിയായ വൈദികൻ കുർബാനസമയത്തു് ദമ്പതിമാർക്കുള്ള പ്രത്യേകപ്രാർത്ഥനകൾ ചൊല്ലി അവരെ ആശീർവ്വദിക്കുന്നു.

വിവാഹജീവിതം ആരംഭിക്കുന്നു. ദിവസേന കുടുംബത്തിൽ പരിശുദ്ധ കന്യകയുടെ തിരുസ്വരൂപത്തിന്റെ മുമ്പിൽ ഒരുമിച്ചു മുട്ടുകുത്തി അവർ കൊന്തചൊല്ലുന്നു. ഞായറാഴ്ച ഒരുമിച്ചു് അവർ ദിവ്യബലിയിൽ സംബന്ധിക്കുന്നു; ദിവ്യനാഥനെ സ്വീകരിക്കുന്നു. ക്രിസ്തുവും അവിടുത്തെ മണവാട്ടിയായ സഭയും തമ്മിൽ കാൽവരിമലയിലെ കുരിശിൽ വച്ചു നടത്തിയ ആദ്ധ്യാത്മിക വിവാഹത്തെ അവരെ അനുസ്മരിപ്പിക്കുന്നതാണു് ആ ദിവ്യബലി. തങ്ങളുടെ വിവാഹജീവിതത്തെ കൂടുതൽ പവിത്രമാക്കിത്തീർക്കുന്നതിനു് ഈ ചിന്ത അവരെ സഹായിക്കുന്നു.

ഇങ്ങനെ ദിവസങ്ങൾ മുന്നോട്ടു കടന്നുപോകുന്നു. അപ്പോൾ മരണം അവരിലൊരാളെ സമീപിക്കുന്നു. അവർ വളരെ പ്രാർത്ഥനാപൂർവ്വമായ ഒരുക്കത്തിനുശേഷം നിർവ്വഹിച്ച ഉടമ്പടിക്കു വിരാമമിടുന്നതിനാണ് മരണത്തിന്റെ പുറപ്പാടു്. മരണത്തിനു വിധേയമാകുന്ന ആൾ ഇഹലോകജീവിതത്തിൽനിന്നും നിത്യജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ മറേറയാൾ കട്ടിലിനു സമീപം മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ശവമഞ്ചം സിമിത്തേരിയിലേക്കു സംവഹിക്കപ്പെടുന്നതിനു പ്രാരംഭമായി പുരോഹിതൻ മരിച്ചവർക്കുള്ള പ്രാർത്ഥന ചൊല്ലുമ്പോൾ അവസാനമായി ആ ശവമഞ്ചത്തിനു സമീപം മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.

വിരഹജന്യമായ ഏകാന്തതയുടെ ദിനരാത്രങ്ങളാണ് പിന്നീടു് അനുഭവപ്പെടുന്നതു്. അപ്പോഴും തന്റെ ഏകജാതനായ ദൈവകുമാരന്റെ ക്രൂരമരണംമൂലമുള്ള വിരഹത്തിൽ അതിവ്യസനപൂർണ്ണമായ ആ ദിവ്യമാതാവിന്റെ തിരുസ്വരൂപത്തിൻ മുമ്പിൽ മുഴങ്കാൽ ഊന്നി പ്രാർത്ഥിച്ചു് ആശ്വാസം പ്രാപിക്കുന്നു.

ഇങ്ങനെ കത്തോലിക്കരുടെ വിവാഹജീവിതം വിജയകരമാക്കിത്തീർക്കുന്നതിൽ പ്രാർത്ഥന സർവ്വപ്രധാനമായ പങ്കുവഹിക്കുന്നു.

(Adopted from "Action Now")

# "ഭക്തന്റെ പ്രാർത്ഥന"*

("വിശപ്പിന്റെ വിളി"യിലെ "ചിന്തയിൽ നീറുന്നജീവിതം" എന്നപോലെ)

ദൈവകുമാരനാം യേശുവേ, അങ്ങെ
കൈവണങ്ങുന്നു ഞാൻ ആശയാൽ
കൈതവമററാരെൻ പ്രാർത്ഥന—കേട്ടു
കൈക്കൊയത്തേണമേ പ്രീതിയാൽ.
കന്മഷഹീനനാം അങ്ങയിൽ—തിങ്ങും
നന്മയെ വാഴ്ത്തുവാനാകിലും
എൻമതി ശക്തമല്ലാകയാൽ—എന്നിൽ
വന്നുവസിക്കുമാറാക നീ.
മഴമുകിൽ, മാരിയും മുഗ്ദ്ധമാം—നല്ല
മഴവില്ലും ഭാനുവും ചന്ദ്രനും
മഹിതാ നിൻ സൃഷ്ടികളാകയാൽ—നിത്യം
മലരടി കൂപ്പുന്നു ഞങ്ങളും.
വിടപങ്ങൾ തിങ്ങിടും കാടുകൾ—അതിൽ
കടുവാകൾ കാത്തിടും പോടുകൾ
ലതയും പൂഞ്ചോലയും മീനങ്ങൾ—അങ്ങേ
മതിതൻ പ്രഭാവസമ്മാനങ്ങൾ.
കളകളംപാടുന്ന പൈങ്കിളി—വർണ്ണ-
മിളിതമാം പൂവനം പൊയ്കയും
മധുരമലർക്കുലം പുൽകുവാൻ—പാറും
മധുകവും മന്ദസമീരനും.
ഇടിമുഴക്കങ്ങളും കൊള്ളിമീൻ—ഏററം
കൊടുമയോലും ഭൂപ്രകമ്പവും
അലയടിച്ചാർക്കുന്ന സിന്ധുവും—അങ്ങെ
അലം അലം വാഴ്ത്തുന്നതില്ലയോ?
നലമേലും അമ്പിളിത്താലത്തിൽ—നിന്നും
സുലഭമായ് വെൺകളിതൂകിടും
സുരുചിരഭാവുകരൂപമേ—അങ്ങെ
സുചിരം പുകഴ്ത്തുമാറാക(മേ)ണേ!
നിർമ്മലചിന്തതൻ കേന്ദ്രമായ്—നല്ല
കർമ്മമഹത്വസങ്കേതമായ്
ഇമ്മഹി വാണരുളുന്നോരുവാൻ—നിത്യം
സമ്മതം നൽകണേ ദൈവമേ.
മനുജനായ് മേവിയ ദൈവമേ, അങ്ങേ
മഹിമയിൽ മുങ്ങിയീ ഭൂതലം
മഹിതമനോഹരസ്വർഗ്ഗമായ്—മാറും
മഹനീയകാലം വരേണമേ.
മോക്ഷത്തിൻ ദീപ്തിയാമങ്ങയാൽ—നന്നായ്
പ്രോജ്ജ്വലിക്കേണമെൻ ജീവിതം
ഭോജ്യവും പാനവും നൽകയാൽ—പ്രേമ-
രാജ്യത്തിൻ രാജാവുമായി നീ.
പരമപരിത്യാഗയാഗത്തിൻ—പുണ്യ-
പരിമളംപാകിയ ഹവ്യമായ്
ഗിരിമുകൾകണ്ട പരാപരാ....പാദം
പ്രണമിച്ചീടുന്നിതാ(സാദരം) ആദരാൽ.
അഖിലർക്കുമാശ്രയമേകുവാൻ—മന്നിൽ
അവതീർണ്ണനായ ദയാനിധേ!
അകതാരിൽ നല്ലവർക്കാശിസ്സും—തിന്മ
അകലുവാൻ ദാനവും നൽകണേ.
അവിരത ഭാവുക ഭാസ്സിനാൽ—ഞങ്ങൾ
അവികലശാന്തിയിൽ മുങ്ങുവാൻ
അണയാത്തദീപമായ് വാഴ്കനീ—അങ്ങിൽ
അണയുമാറാകട്ടെ സർവ്വരും-മർത്യർ സർവ്വരും—മർത്യർസർവ്വരും

* ഉടൻ പ്രസിദ്ധംചെയ്യുന്ന "മണിവീണ" എന്ന ഗാനകൃതിയിൽനിന്നും.

(വറുഗീസ് ജെ. മാളിയേക്കൽ)

(11-ാംപേജ് തുടർച്ച)

സികളുടെ ചില സൽകൃത്യങ്ങൾക്കു് ഒരു സമ്മാനമെന്നോണം തിരുസ്സഭ ബന്ധവിമോചനങ്ങൾ അനുവദിക്കാറുണ്ടു്. ശുദ്ധീകരസ്ഥലത്തിൽ വേദന അനുഭവിക്കുന്നവർക്കായി അതു കാഴ്ചവച്ചുമ്പോൾ പീഡകളുടെ ദിവസങ്ങൾ അവർക്കു കുറഞ്ഞുകിട്ടും."

"ചെയ്ത തെററിനു് കുററംചെയ്ത ആളോ അയാൾക്കുവേണ്ടി മറെറാരാളോ പരിഹാരം ചെയ്താൽ മതിയാകും എന്നു പറഞ്ഞുവല്ലോ. അങ്ങനെയെങ്കിൽ ഒരു സുകൃതജപത്തിനു് 500-ം, 700-ം ദിവസത്തെ ബന്ധവിമോചനംഎന്നു പറയുന്നതു ഏതർത്ഥത്തിലാണ്?"

"കത്തോലിക്കാസഭയ്ക്കു് ഒരു വലിയ ബാങ്കുണ്ടു്. ദിവ്യരക്ഷകന്റെയും അനേകം വിശുദ്ധന്മാരുടെയും പീഡനങ്ങളും പരിഹാരപ്രവൃത്തികളുമാണ് അതിന്റെ മൂലധനം. അതിന്റെ അവകാശികൾ നമ്മളോരോരുത്തരുമാണ്. നമുക്കുവേണ്ടി കത്തോലിക്കാസഭ ആ ബാങ്ക് നടത്തിക്കൊണ്ടുപോകുന്നു. എങ്കിലും സ്വപ്ര്യണയത്തിൽ മാത്രമേ ആ ധനം പുറത്തേക്കു കൊടുക്കൂ നമ്മുടെ സ്വന്തമാണ് സുകൃതജപങ്ങളും തിരുസ്സഭ നിശ്ചയിക്കുന്ന മററു സൽകൃത്യങ്ങളും. അതുകൊണ്ടാണ് ഒരു സുകൃതജപത്തിനു് ഇത്ര ദിവസത്തെ ദോഷപൊരുതി എന്നോ ബന്ധവിമോചനമെന്നോ കാണുന്നതു്."

വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അത്ഭുതപരതന്ത്രരായി പീററിന്റെ വിദഗ്ദ്ധമായ വിശദീകരണം കേട്ടപ്പോൾ. ജോൺസൺ പറഞ്ഞു: "ശുദ്ധീകരസ്ഥലത്തെക്കുറിച്ചും ബന്ധവിമോചനത്തെക്കുറിച്ചും എനിക്കു വളരെ തെററിദ്ധാരണകൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ എനിക്കു തോന്നുന്നു ശുദ്ധീകരസ്ഥലം ഇല്ലെന്നു പറയുന്ന പ്രോട്ടസ്റ്റൻറുകാരാണ് യുക്തിഹീനരും അന്ധവിശ്വാസികളുമെന്നു്. തെററുചെയ്യുന്നവൻ പരിഹാരം ചെയ്യണമെന്നുള്ള തത്വം അനിഷേദ്ധ്യമാണ്. കത്തോലിക്കാസഭ മാത്രമേ ആ തത്വം വേണ്ടവിധം മനസ്സിലാക്കുന്നുള്ളു എന്നു തോന്നുന്നു."

ബെൽ. കുട്ടികളെല്ലാം അവരവരുടെ ക്ലാസുകളിലേക്കോടി. കണക്കും ചരിത്രവും പഠിക്കുന്നതിനിടയിൽ അവരുടെ ചിന്ത ശുദ്ധീകരസ്ഥലത്തേക്കും കടന്നുകൊണ്ടിരുന്നു. ഒരു പുതിയ ലോകം തുറക്കപ്പെട്ടതായി അവർക്കു തോന്നി തങ്ങളുടെ മുമ്പിൽ.

ചെറുകഥ

# അന്ധവിശ്വാസമോ?

(ജി. സി. ടീലാർ)

സെൻറ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിക്കുന്നു അവർ. ഇക്കൊല്ലത്തെ പബ്ലിക്ക് പരീക്ഷയിൽ അവർ രണ്ടുപേരും ഒന്നാംക്ലാസ്സിൽ പാസാകുമെന്നാണ് അദ്ധ്യാപകന്മാരുടെ അഭിപ്രായം. ഒരു കത്തോലിക്കാ കുടുംബത്തിലെ അംഗമാണു പീററർ. സൈമൺ ഒരു സി. എം. എസ്. വൈദികൻെറ മകനും. എങ്കിലും ഇരുവരും ഉററ സ്നേഹിതന്മാരാണ്. അവർ പരസ്പരം സഹായിക്കുന്നു പഠനവിഷയത്തിൽ.



മതസംബന്ധമായ കാര്യങ്ങളെപ്പററി അവർ സംസാരിക്കാറുണ്ടായിരുന്നില്ല. കത്തോലിക്കരെപ്പററി സൈമണു ചില തെററിദ്ധാരണകളുണ്ട്. പക്ഷേ പീററർ ഉത്തമനായ ഒരു വ്യക്തിയാണെന്ന് അയാൾ സമ്മതിച്ചു.

നവമ്പർ 2. പതിവുപോലെ പത്തുമണിക്കു ക്ലാസ്സ് തുടങ്ങി. ചില കത്തോലിക്കാക്കുട്ടികൾ അല്പം താമസിച്ചാണു സ്കൂളിൽ ഹാജരായതു്. കുപ്പുസ്വാമി അയ്യർ അവരെ പുറത്തുനിറുത്തി കാരണം ചോദിച്ചു.

"ഇന്നു മരിച്ചവരുടെ തിരുനാളാണ്." മറുപടി പറഞ്ഞു പീററർ.

"മരിച്ചവരുടെ തിരുനാളോ! അതിനു നിങ്ങൾക്കെന്തു? മരിച്ചവർ മരിച്ചവരെ അടക്കട്ടെ എന്നല്ലയോ ക്രിസ്തുഭഗവാൻ പറഞ്ഞിരിക്കുന്നതു? നിങ്ങളുടെ ചുമതല സമയത്തു ക്ലാസ്സിൽ ഹാജരാകുക എന്നതാണ്."

"ഞങ്ങളോടു ബന്ധപ്പെട്ട പലർ മരിച്ചുപോയിട്ടുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ഒരു ചുമതലകൂടി ഞങ്ങൾക്കുണ്ട്."

"മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയോ! അതുകൊണ്ടുള്ള പ്രയോജനം?"

"അവരുടെ പീഡനങ്ങളിൽ നിന്നും അവർ വിമോചിതരാകും."

പുച്ഛരസത്തിൽ ഹ, ഹ, ഹ എന്നൊക്കെ ചിരിച്ചിട്ട് ഹെഡ്മാസ്റ്റർ സൈമൻെറ നേരെ തിരിഞ്ഞു ചോദിച്ചു: "സൈമൺ സി. എം. എസ്. കാരുടെ ഇടയിൽ ഇങ്ങനെ ഒരു വിശ്വാസമുണ്ടോ?" സൈമൺ സ്വസ്ഥാനത്തുനിന്നും എഴുന്നേററു പറഞ്ഞു: "മരിച്ചുകഴിഞ്ഞ് നീതിമാന്മാർക്ക് ഒരു പീഡനസ്ഥലമുണ്ടെന്ന് കത്തോലിക്കർ വിശ്വസിക്കുന്നതായി അറിയാം. എന്നാൽ ഞങ്ങളുടെ ദൃഷ്ടിയിൽ അതൊരന്ധവിശ്വാസമാണ്."

"മരിച്ചവരെക്കുറിച്ചു നിങ്ങൾ എങ്ങനെ വിശ്വസിക്കുന്നു?"

"നീതിമാന്മാർ സ്വർഗ്ഗത്തിലേക്കു പോകുന്നു. ദുഷ്ടന്മാർ നരകത്തിലേക്കും. അതല്ലാതെ ഇടയ്ക്കൊരു സ്ഥലമില്ല."

കുപ്പുസ്വാമി പീറററിൻെറ നേരെ നോക്കിയിട്ടു പറഞ്ഞു: "സൈമൻെറ വിശ്വാസത്തിൽ ഞാൻ കൂടുതൽ യുക്തി കാണുന്നു. ഒന്നുകിൽ നീതിമാൻ. അല്ലെങ്കിൽ ദുഷ്ടർ—ഇതു രണ്ടല്ലാതെ മനുഷ്യരുടെ ഇടയിൽ ഒരു തരംതിരിവുണ്ടോ?"

"ഒരു തിരിവു വേണം സർ; വലിയ വിശുദ്ധൻെറയും പരമദുഷ്ടൻെറയും ഇടയ്ക്ക് ഒരു കൂട്ടർ. സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതിൻമുമ്പ് അവർക്കാണ് ഒരു ശുദ്ധീകരണം വേണ്ടതു്."

"അത്തരം ആളുകളെ ലോകത്തിൽവച്ചുതന്നെ ശുദ്ധീകരിക്കരുതോ?"

"ലോകത്തിൽവച്ചും ശുദ്ധീകരിക്കാം. ഇവിടെവച്ചു് ശുദ്ധീകരിക്കപ്പെടാത്തവർക്കുവേണ്ടിയാണ് ഒരു ശുദ്ധീകരണസ്ഥലമുണ്ടെന്നു കത്തോലിക്കർ വിശ്വസിക്കുന്നതു്."

"ഇപ്പോൾ എനിക്കു തോന്നുന്നു നിങ്ങൾ രണ്ടുകൂട്ടരുടെ വിശ്വാസത്തിലും കുറേ കാര്യമുണ്ടെന്ന്. നിൻെറ വിശ്വാസം നിന്നെ പൊറുപ്പിക്കുമെന്നല്ലേ ഭഗവാൻെറ ഉദ്ബോധനം. അതുകൊണ്ടു് അവരവരുടെ വിശ്വാസം അവരവർ കാത്തുകൊള്ളുക."

ലിഷർ. തേനീച്ചക്കൂട്ടിൽനിന്നും ഈച്ചകൾ ഇളകുന്നതുപോലെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ പുറത്തേക്കിറങ്ങി. പീററർ അപ്പോഴും ചിന്താമഗ്നനായി ഇരിക്കയായിരുന്നു. സൈമൺ അയാളുടെ സമീപത്തുവന്നു പുറത്തു തോണ്ടിയിട്ടു പറഞ്ഞു: "താൻ ഒരു കത്തോലിക്കനാണെങ്കിലും ഇത്തരം വിഡ്ഢിത്തങ്ങൾ ചുമന്നുകൊണ്ടു നടക്കുന്നയാളാണെന്നു വിചാരിച്ചിരുന്നില്ല." "വാളുകൊണ്ടു കുത്തുന്നതുപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ട്." എന്ന വേദപുസ്തകവാക്യം അപ്പോൾ പീററർ ഓർത്തു. കത്തോലിക്കാവിശ്വാസം വിഡ്ഢിത്തങ്ങളുടെ ഒരു കൂമ്പാരമാണെന്നു സമ്മതിക്കുവാൻ അയാൾക്കു് ഒരുക്കമുണ്ടായിരുന്നില്ല. സ്കൂളിലെ രണ്ടു മഹാബുദ്ധിമാന്മാർ വാഗ്വാദത്തിനായി അടുത്തിരിക്കുന്നു എന്നു കണ്ടപ്പോൾ മററു വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അവരുടെ വാദം വ്യക്തമായി കേൾക്കത്തക്കവണ്ണം അച്ചടക്കം പാലിച്ചുനിന്നു. പീററർ ഇരിപ്പിടത്തിൽനിന്നും എഴുന്നേററു് സൈമണു് അഭിമുഖമായിനിന്നു ഒരു പുഞ്ചിരിയോടുകൂടി. കോപകലുഷിതമായ ഒരു മുഖമാണ് സൈമൺ പ്രതീക്ഷിച്ചതു്. പീററർ പറഞ്ഞു: "സ്നേഹിതാ, കത്തോലിക്കാവിശ്വാസം ഒരു വിഡ്ഢിത്തമാണെന്നു താങ്കൾക്കു തോന്നുന്നു. എന്നാൽ ഞങ്ങൾ അതിനെ വളരെ പരിപാവനമായിട്ടാണു കരുതുന്നതു്. അതിനാൽ താങ്കളോടു് എനിക്കൊരപേക്ഷ: കത്തോലിക്കാവിശ്വാസം തെററാണെന്നു് ആദ്യമായി യുക്തിപൂർവ്വം സ്ഥാപിക്കുക. ഞാൻ എതിർവാദം നടത്താം. യുക്തികളുടെ വെളിച്ചത്തിൽ ഏതിനു നിലനില്ക്കുവാൻ സാധിക്കുമെന്നാണു നോക്കേണ്ടതു്. താങ്കൾതന്നെ ആരംഭിക്കുക താങ്കളുടെ വാദം."

തൻെറ പ്രതിയോഗി വളരെ ഉറച്ച ഒരു നിലയാണു സ്വീകരിച്ചിരിക്കുന്നതെന്നു കണ്ടപ്പോൾ സൈമൻെറ ധൈര്യം നഷ്ടപ്പെട്ടു. അയാളുടെ ദൃഷ്ടി എങ്ങും ഉറയ്ക്കാതായി. കൂട്ടുകാരുടെ മുമ്പിൽവച്ചു താൻ ഇളിഭ്യനായേക്കുമെന്നുള്ള ആശങ്കയും ജനിച്ചു. സൈമൺ പറയുകയാണ്: "ഞാൻ ഒരു വാഗ്സമരത്തിനൊരുങ്ങിയല്ല വന്നിരിക്കുന്നതു്. സി. എം. എസ്. കാരുടെ വിശ്വാസം എന്താണെന്നെനിക്കറിയാം. എന്നാൽ അതിൻെറ ആധാരമെന്തെന്നു ചോദിച്ചാൽ അതേപ്പററി അല്പം ആലോചിക്കാതെ പറയാൻ നിവൃത്തിയില്ല. എങ്കിലും നീതിമാന്മാരെ മരണം കഴിഞ്ഞും ഒരു പീഡനത്തിനു വിധേയരാക്കുന്നതുണ്ടോ? അതിൻെറ യുക്തിയെന്തു്? വേദപുസ്തകത്തിൽനിന്നും അതു തെളിയിക്കാമോ?"

"പഴയ നിയമകാലത്തിൽ യഹൂദന്മാർ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും അവർക്കുവേണ്ടി ബലികൾ അർപ്പിക്കയും ചെയ്തിരുന്നു. യൂദാസ് മക്കബെയൂസ് യുദ്ധത്തിൽ മരിച്ച പടയാളികൾക്കുവേണ്ടി ബലിയർപ്പിക്കുവാൻ പതിനായിരം ഡ്രാക്മനാണയം പിരിച്ചെടുത്തു് യരുസലത്തേക്കയച്ചുകൊടുത്തു എന്നു് മക്കബായക്കാരുടെ പുസ്തകത്തിൽ കാണുന്നുണ്ട്."

"സ്നേഹിതാ, ഞങ്ങൾ ഉപയോഗിക്കുന്ന വേദപുസ്തകത്തിൽ മക്കബായക്കാരുടെ ഗ്രന്ഥം കാണുന്നില്ല. അതിനാൽ ഇപ്പോൾ ഉദ്ധരിച്ചഭാഗം ഞങ്ങൾക്കു സ്വീകാര്യവുമല്ല."

"അതു ശരി. പ്രോട്ടസ്റ്റൻറുകാർ വേദപുസ്തകത്തിലെ ചില വാക്യങ്ങൾ തിരുത്തിയിട്ടുണ്ട്. ചില ഗ്രന്ഥങ്ങൾ ഉപേക്ഷിച്ചിട്ടുമുണ്ട്. അതിനു ഞങ്ങൾ ഉത്തരവാദികളല്ല. എങ്കിലും പരിശുദ്ധാരൂപിക്കു് എതിരായി ചെയ്യുന്ന പാപങ്ങൾ ഇഹത്തിലും പരത്തിലും ക്ഷമിക്കപ്പെടുകയില്ല എന്നു് ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടെന്നു നിങ്ങൾ സമ്മതിക്കുമോ?"

"ക്രിസ്തുനാഥൻ അങ്ങനെ പറഞ്ഞിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ അതിൽനിന്നും ശുദ്ധീകരണസ്ഥലം എങ്ങനെയുണ്ടാകും?"

"നല്ല ചോദ്യം! ഇഹത്തിലല്ലാതെ പരത്തിലും ക്ഷമിക്കപ്പെടുന്ന പാപങ്ങൾ ഉണ്ടെന്നു് ഇതിൽനിന്നും വിശദമാകുന്നില്ലേ?"

"ഉണ്ടായിരിക്കാം."

"എന്നാൽ മരണംകഴിഞ്ഞു പാപങ്ങൾ ക്ഷമിക്കപ്പെടുന്ന ഒരു സ്ഥലത്തിനാണു ഞങ്ങൾ ശുദ്ധീകരണസ്ഥലമെന്നു പറയുന്നതു്."

കേട്ടുനിന്നവർ കൈയടിച്ചു് അനുമോദനം രേഖപ്പെടുത്തി. സൈമൻെറ മുഖത്തെ നിറം മാറിമാറിക്കൊണ്ടിരുന്നു. പിന്നീടൊന്നും പറയുവാൻ അയാളുടെ അധരങ്ങൾ ചലിച്ചില്ല. പക്ഷേ അയാളുടെ ദുർഘടസ്ഥിതികണ്ടു് ഒരു എൽ. എം. എസ്. കാരൻ മുമ്പോട്ടുവന്നു. "മി. പീററർ", എന്നു വിളിച്ചുകൊണ്ടു അയാൾ തുടങ്ങി: "ലോകത്തിൻെറ പാപങ്ങൾക്കു മുഴുവനായി ക്രിസ്തു പരിഹാരം ചെയ്തിരിക്കുന്നു എന്നാണു വി. പൗലോസിൻെറ ഉൽബോധനം. അങ്ങനെയെങ്കിൽ നിങ്ങളുടെ ശുദ്ധീകരണസ്ഥലത്തിൻെറ യുക്തി എന്താണ്?"

വളരെ എളുപ്പം മറുപടി പറയാവുന്ന ഒരു ചോദ്യമായിരുന്നു അതു്. പീററർ ആനന്ദഭരിതനായി പറഞ്ഞു: "മി. ജോൺസൻെറ ചോദ്യത്തിനു് ആദ്യമായി എൻെറ കൃതജ്ഞത. ഇന്നു ഫാദർ തോമസ് പള്ളിയിൽ ചെയ്ത പ്രസംഗം മുഴുവനും അക്ഷരംപ്രതി എൻെറ ഓർമ്മയിലുണ്ട്. അതൊന്നാവർത്തിച്ചാൽമതി, ജോൺസൻെറ ചോദ്യത്തിനുള്ള മറുപടിയാകും."

"എന്നാൽ തുടങ്ങണം. അതുതന്നെ കേൾക്കട്ടെ." പീററർ കൈകെട്ടിനിന്നുകൊണ്ടു് പ്രശാന്തമായ സ്വരത്തിൽ ആരംഭിച്ചു: "ഒരിക്കൽ ഒരു രാജകുമാരൻ സാധാരണക്കാരൻെറ വേഷത്തിൽ തെരുവീഥിയിൽക്കൂടി നടന്നുപോകുകയായിരുന്നു. അപ്പോൾ ഒരു കള്ളൻ അദ്ദേഹത്തിൻെറ നേരെ പാഞ്ഞെത്തി അദ്ദേഹത്തെ അടിച്ചു നിലംപതിപ്പിച്ചു; അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്ന പണം അപഹരിക്കുകയും ചെയ്തു. പട്ടാളക്കാർ വിവരമറിഞ്ഞു ആ കള്ളനെ പിടികൂടി, രാജാവിൻെറ മുമ്പിൽ ഹാജരാക്കി. രാജാവിനെ കണ്ടപ്പോൾ മാത്രമാണു് ആ ദുഷ്ടൻ മനസ്സിലായതു് താൻ ദ്രോഹിച്ചതു് രാജകുമാരനെയായിരുന്നല്ലോ എന്നു്. പശ്ചാത്താപവിവശനായി അവൻ കണ്ണുനീർ ചിന്തി മാപ്പപേക്ഷിച്ചു. അനുകമ്പാകുലനായി പറഞ്ഞു രാജാവു്: "നമുക്കും നമ്മുടെ കുമാരനും എതിരായി നീ വലിയ ഒരു ദ്രോഹമാണ് ചെയ്തിരിക്കുന്നതു്. അതിനാൽ നീ മരണശിക്ഷയ്ക്കു് അർഹൻ എങ്കിലും നിൻെറ പശ്ചാത്താപം നാം സ്വീകരിച്ചിരിക്കുന്നു. രാജകുമാരനെ അറിയാതെ നീ ദ്രോഹിച്ചു എന്നതു ശരിയാണ്. എന്നാലും ആ ദ്രോഹത്തിനു നീ പരിഹാരം ചെയ്യണം. 500 രൂപാ പിഴയോ അഞ്ചുകൊല്ലത്തെ കഠിനതടവോ ആണ് നാം നിനക്കു നിശ്ചയിക്കുന്നതു്."

പണമില്ലാതിരുന്നതിനാൽ അവൻ തടവിലായി. എന്നാൽ അവൻെറ സംബന്ധക്കാർ വിവരമറിഞ്ഞു് ഒരു പണപ്പിരിവു നടത്തി. 500 രൂപാ അവർ കെട്ടിവെച്ചു് ആ ദുഷ്ടനെ സ്വതന്ത്രനാക്കി.

മനുഷ്യർ ഏതു നിലയിലോ വേഷത്തിലോ ആയിക്കൊള്ളട്ടെ, എല്ലാവരും സർവ്വശക്തനായ ദൈവത്തിൻെറ വത്സലസന്താനങ്ങളാണ്. ആകയാൽ നാം നമ്മുടെ സഹോദരനായ മനുഷ്യനെതിരായി ചെയ്യുന്ന ഏതു ദ്രോഹകൃത്യവും പിതാവായ ദൈവത്തിനെതിരായ ഒരു ദ്രോഹംകൂടിയായിത്തീരുന്നു. സകല തെററുകൾക്കും തക്കതായ പരിഹാരമാണ് അനന്തനീതിമാനായ ദൈവം ആവശ്യപ്പെടുന്നതു്. എന്നാൽ ദൈവത്തിനെതിരായ യാതൊരു ദ്രോഹത്തിനും പരിമിതനായ മനുഷ്യനു തക്ക പരിഹാരം ചെയ്യുവാൻ സാദ്ധ്യമല്ല. ദൈവം അനന്തകാരുണ്യവാനുംകൂടി ആയതിനാൽ അവിടുത്തെ കാരുണ്യം നീതിക്കു മുകളിൽക്കൂടി വഴിഞ്ഞൊഴുകി മനുഷ്യാവതാരം സ്വീകരിച്ചു. മനുഷ്യനു പകരം ആ നരദൈവം തക്ക പരിഹാരം ചെയ്യുകയും ചെയ്തു. ദിവ്യരക്ഷകൻ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് ആദ്യമായി അരുളിച്ചെയ്ത വാക്യം അർത്ഥസമ്പുഷ്ടമാണ്. "പിതാവേ, അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല. ആകയാൽ അവരോടു ക്ഷമിക്കേണമേ." തൻെറ പരിഹാരബലി സ്വീകരിക്കുവാൻ നിത്യപിതാവിനോടുള്ള ദിവ്യരക്ഷകൻെറ പ്രാർത്ഥനയായിരുന്നു അതു്. എന്നാൽ ആ ബലിയിൽ നാം പങ്കുകാരായിത്തീരണമെങ്കിൽ ക്രിസ്തുനാഥൻ തുറന്നിട്ടിരിക്കുന്ന വഴിയേക്കൂടി നാം സഞ്ചരിച്ചേ മതിയാവൂ. അധികാരമുള്ള ഒരു വൈദികൻെറ അടുക്കൽ പാപങ്ങൾ ഏററുപറഞ്ഞു് പാപവിമോചനം പ്രാപിക്കണം. അപ്പോഴാണ് ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നതു്. മരണശിക്ഷയിൽനിന്നു്, നിത്യനരകത്തിൽനിന്നു്, നാം ഒഴിവാക്കപ്പെടുകയും ചെയ്യും.

എന്നാൽ സഹോദരനെതിരായ ദ്രോഹം പിന്നെയും ശേഷിക്കുന്നു. അതിനു നാംതന്നെ പരിഹാരം ചെയ്തേ മതിയാവൂ. കർത്തൃപ്രാർത്ഥനയിൽ "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കുക" എന്നാണു നാം ദൈനംദിനം അപേക്ഷിക്കുന്നതു്. ഇതിൽ, കടക്കാർ എന്നതിൻെറ അർത്ഥം പണം കടംവാങ്ങിയവർ എന്നല്ല. നാം മൂലം ആർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ ദ്രോഹം വന്നിട്ടുണ്ടെങ്കിൽ അവനാണു നമ്മുടെ കടക്കാരൻ. ആ കടക്കാരനു് നാം ഏതളവിൽ പരിഹാരം ചെയ്യുന്നുവോ ആ അളവിൽ നമ്മോടും ക്ഷമിക്കണമെന്നാണു് നിത്യപിതാവിനോടു് നാം പ്രാർത്ഥിക്കുന്നതു്. സഹോദരനു നാംമൂലം വന്നിട്ടുള്ള നഷ്ടം പരിഹരിക്കുവാൻ നാം തയാറില്ലെങ്കിൽ കുമ്പസാരം വ്യർത്ഥമാകുകതന്നെ ചെയ്യും.

പക്ഷേ അതിനു പരിഹാരം ചെയ്യാൻ മനസ്സുണ്ടെങ്കിലും അതിനു് അപ്രാപ്തനായിത്തീരുന്ന ഒരു ഘട്ടം ആവിർഭവിക്കാം. അപ്പോൾ ദൈവം തൻെറ അനന്തകാരുണ്യത്താൽ അയാൾക്കുവേണ്ടി മററാരാൾ ചെയ്യുന്ന പരിഹാരം സ്വീകരിക്കുന്നു. നാം ചെയ്ത തെററുകൾക്കു് നാംതന്നെ പരിഹാരം ചെയ്യണം. "അവസാനത്തെ കാശു കൊടുത്തുതീർക്കുവോളം അവൻ അവിടെനിന്നും പുറപ്പെട്ടുപോകയില്ല എന്നു ഞാൻ സത്യംസത്യമായി നിങ്ങളോടു പറയുന്നു" എന്നാണു് ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്.

ജോൺസൺ ഇടയ്ക്കുകയറി പറഞ്ഞു: "ആ അച്ചൻെറ യുക്തി വളരെ അഭിനന്ദനീയമായിരിക്കുന്നു. എങ്കിലും എനിക്കൊരു സംശയം; തൻെറ വലത്തുഭാഗത്തു തൂങ്ങിക്കിടന്ന കള്ളനോടു് ദിവ്യരക്ഷകൻ പറഞ്ഞു, ഇന്നു നീ എന്നോടുകൂടി പറുദീസായിൽ ഇരിക്കും എന്നു്. തീർച്ചയായും ശുദ്ധീകരണസ്ഥലം കാണാതെ ആ കള്ളൻ പറുദീസായിൽ എത്തിയിരിക്കണം. അയാളോ അയാൾക്കുവേണ്ടി മററാരെങ്കിലുമോ അയാളുടെ ഭയങ്കരകൃത്യങ്ങൾക്കു പരിഹാരം ചെയ്തില്ല."

"മി. ജോൺസനു് അല്പം ധൃതിയായിപ്പോയി. അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ അവസാനഭാഗം "നല്ലകള്ളനെ" സംബന്ധിച്ചുതന്നെ ആയിരുന്നു. ദിവ്യരക്ഷകൻ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു രണ്ടാമതായി അരുളിച്ചെയ്ത വാക്യമാണല്ലോ, "നീ ഇന്നു് എന്നോടുകൂടി പറുദീസായിൽ ഇരിക്കും" എന്നതു്. ആ കള്ളൻെറ ഒരു പ്രാർത്ഥനയാണ് കർത്താവിൻെറ രണ്ടാമത്തെ വാക്യത്തിനു കാരണം. "കർത്താവേ, അങ്ങു് അങ്ങയുടെ രാജ്യത്തിൽ ചെല്ലുമ്പോൾ എന്നെയുംകൂടി ഓർക്കേണമേ" എന്നായിരുന്നു അയാളുടെ അഭ്യർത്ഥന. അതിൽ വിശ്വാസം, ശരണം, സ്നേഹം, പശ്ചാത്താപം, കുമ്പസാരം ഇവ അഞ്ചും അടങ്ങിയിരുന്നു. അതിനാൽ ദൈവം അയാളോടു ക്ഷമിക്കയുണ്ടായി. അനേകരെ കൊല്ലുകയും കൊള്ളചെയ്യുകയും ചെയ്തിട്ടുണ്ടായിരിക്കണം അയാൾ. അതിനുള്ള പരിഹാരം എങ്ങനെ നിർവ്വഹിക്കപ്പെട്ടു എന്ന പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നുണ്ടല്ലോ. തെററുചെയ്തവനോ, അയാൾക്കുവേണ്ടി മററൊരാളോ ഇരുവരുംകൂടിയോ പരിഹാരം ചെയ്യണം. നല്ലകള്ളൻ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു് കഠിനവേദനകൾ അനുഭവിച്ചു. "നമ്മളോ ഇതർഹിക്കുന്നു" എന്നാണ് അയാൾ ഇടത്തുഭാഗത്തു തൂങ്ങിക്കിടന്നിരുന്ന കൂട്ടുകാരനോടു പറഞ്ഞതു്. അങ്ങനെ അയാളുടെ ശുദ്ധീകരണം കുരിശിൽവച്ചുതന്നെ നടന്നു."

"ആകട്ടെ, നിങ്ങൾ ദോഷപൊറുതി എന്നു പറയുന്നതെന്താണ്?"

"ദണ്ഡവിമോചനം എന്നാണ് ശരിയായ വാക്ക്. വിശ്വാ

(ശേഷം 10-ാം പേജിൽ)

Reg. M No. [illegible]

# Sathya Deepam

Vol. 27 Ernakulam November 25,1953 No. 14

# വിവിധവൃത്താന്തങ്ങൾ

## ഒസ്സാനാമിന്റെ അന്ത്യവചനങ്ങൾ

രോഗം മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ അദ്ദേഹത്തെ പരിചരിക്കുന്നതിനായി സമീപത്തു നിന്നിരുന്ന വൈദികനോടു് അദ്ദേഹം പറഞ്ഞു: "ഞാൻ എങ്ങനെയാണു ദൈവത്തെ പേടിക്കുന്നതു്. അത്ര അധികം ഞാൻ അവിടുത്തെ സ്നേഹിക്കുന്നുവല്ലോ." സെപ്റ്റംബർ 8-ാംനു ഉച്ചകഴിഞ്ഞു് മരണം ആസന്നമായപ്പോൾ അദ്ദേഹം വീണ്ടും മന്ത്രിച്ചു: "എന്റെ ദൈവമേ! എന്റെ ദൈവമേ! എന്റെ മേൽ കൃപയായിരിക്കണമേ." അതു ഒസ്സാനാമിന്റെ അവസാനവാക്കുകളായിരുന്നു. പാരിസിലുള്ള ഒരു പുരാതന കർമ്മലീത്താ ആശ്രമദേവാലയത്തിൽ, ഫ്രഞ്ചുവിപ്ലവത്തിലെ പല രക്തസാക്ഷികൾ സംസ്കരിക്കപ്പെട്ടിട്ടുള്ള സ്ഥാനത്തു്, അദ്ദേഹവും നിത്യവിശ്രാന്തി അനുഭവിക്കുന്നു. ശവകുടീരത്തിനു മുകളിൽ ഈ വേദവാക്യം ലേഖനംചെയ്യപ്പെട്ടിരിക്കുന്നതായിക്കാണാം: "ജീവിക്കുന്നവരെ എന്തിനു നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നു" (ലൂക്കാ 24. 5). അതേ, ലോകമൊട്ടുക്കുള്ള വിൻസെന്റു് ഡി പോൾ പ്രവർത്തനങ്ങൾ വഴിയായി ഒസ്സാനാം ഇന്നും ജീവിക്കുന്നു. 1853-ൽ അദ്ദേഹം മരിക്കുമ്പോൾ 1532 സംഘങ്ങളാണുണ്ടായിരുന്നതു്. 1938-ൽ അതു് 13,714 ആയി വളർന്നു. രണ്ടരലക്ഷത്തിൽപ്പരം അംഗങ്ങളും ഉണ്ടായിരുന്നു. ഒസ്സാനാമിന്റെ നാമകരണനടപടികൾ 1923-ൽ ആരംഭിച്ചിട്ടുണ്ടു്. അതു നിയമാനുസൃതമായി പുരോഗമിച്ചുവരുന്നു.

## കത്തോലിക്കാ അയർലണ്ടിന്റെ ഉദാരമനസ്കത

മെൽബോൺ മെത്രാപ്പോലീത്താ ഒരു വിദ്യാലയത്തിന്റെ ഉൽഘാടനപ്രസംഗത്തിൽ പറഞ്ഞു: "അയർലണ്ടിൽ 90 ശതമാനവും കത്തോലിക്കരാണു്. അവിടെ ഗവണ്മെന്റു കത്തോലിക്കാവിദ്യാലയങ്ങളെ പണിയിക്കുകയും, പരിരക്ഷിക്കുകയും, കത്തോലിക്കാ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ന്യൂനപക്ഷക്കാരായ പ്രൊട്ടസ്റ്റന്റുകാർക്കും അവകാശങ്ങൾതന്നെ ആ കത്തോലിക്കാ ഗവണ്മെന്റിൽനിന്നു ലഭിക്കുന്നുണ്ടു്. പത്തോ ഇരുപതോ പ്രൊട്ടസ്റ്റന്റു ബാലികാബാലന്മാരുള്ള സ്ഥലത്തും ഗവണ്മെന്റു് അവർക്കു വിദ്യാലയം ഉണ്ടാക്കിക്കൊടുക്കുന്നു. അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നു. പോരാ, കുട്ടികൾക്കു വന്നെത്തുന്നതിനുള്ള ബസ്സ്സൗകര്യവും ഏർപ്പാടു ചെയ്തുകൊടുക്കുന്നു. പ്രൊട്ടസ്റ്റന്റുകാർ അവിടെ അങ്ങിങ്ങായി ചിതറിക്കിടക്കുകയാണു്. സ്റ്റേററു ബസ്സുകൾ അതാതു സ്ഥലങ്ങളിൽച്ചെന്നു അവരുടെ കുട്ടികളെ ആ ചെറിയ വിദ്യാലയങ്ങളിലേക്കു കൊണ്ടുവരികയും, തിരികെ കൊണ്ടുപോയാക്കുകയും ചെയ്യുന്നു. അയർലണ്ടിൽ നടക്കുന്ന ഈ നടപടികൾ നമ്മുടെ ഓസ്ട്രേലിയായിലും നടത്താവുന്നതാണു്, നടത്തേണ്ടതുമാണു്. പക്ഷേ ഇതേവരെ അങ്ങനെയൊന്നും ചെയ്തുകാണുന്നില്ല. അതു ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഒരു ശ്ലാഘനീയനയമാണെന്നു് എനിക്കു തോന്നുന്നില്ല. ഇപ്പോഴത്തെ നമ്മുടെ ഗവണ്മെന്റെങ്കിലും ഈ അനീതികൾക്കു ഒരു പരിഹാരമുണ്ടാക്കാൻ പരിശ്രമിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു........."

## ചൈനായെ വേണം ഫ്രാങ്കോയെ വേണ്ട

ബ്രിട്ടീഷ് നയത്തെ അനുകരിച്ചു്, കമ്മ്യൂണിസ്റ്റു ചൈനായെ യൂ. എൻ. ഓയിൽ ചേർക്കുന്നതിലേക്കു്, ചില പ്രൊട്ടസ്റ്റന്റു പാതിരിമാരും ഇപ്പോൾ വക്കാലത്തെടുത്തു വാദിച്ചുതുടങ്ങിയിരിക്കയാണു്. ബ്രിട്ടനിൽ മാത്രമല്ല ഓസ്ട്രേലിയായിലും ഈ വസന്ത പിടിപെട്ടുകാണുന്നതാണത്ഭുതം. കമ്മ്യൂണിസ്റ്റു ചൈനായുടെ നില ഉറച്ചുകഴിഞ്ഞാൽ ഓസ്ട്രേലിയായുടെ കഥ അവസാനിച്ചതുതന്നെ, എന്നത്രെ നിരീക്ഷണപടുക്കൾ വിലപിച്ചുകൊണ്ടിരിക്കുന്നതു്. ഈ വക്കാലത്തുകാർക്കു് ഇതൊന്നും കാണാൻ കണ്ണില്ലേ എന്നു രാജ്യസ്നേഹികൾ ചോദിക്കുന്നു. ചൈനായിലെ ഭൂരിപക്ഷം ജനത്തെ ഭരിക്കുന്ന ഒരു ഗവണ്മെന്റിനെ എങ്ങനെ ഐക്യരാഷ്ട്രസഖ്യത്തിൽചേർക്കാതിരിക്കും എന്നാണു് ഇക്കൂട്ടരുടെ മറുപടി. എന്നാൽ സ്പെയിനിലെ ഫ്രാങ്കോഭരണത്തിനും ഈ പരിഗണന അനുവദിക്കാത്തതെന്തെന്നു ചോദിച്ചാൽ സമാധാനമില്ല. കമ്മ്യൂണിസത്തിന്റെ ഏകച്ഛത്രാധിപത്യം തടയാൻ വിജയപൂർവ്വം മുതിർന്ന ഏകരാജ്യം സ്പെയിനാണെന്നുള്ളതു ഇവർ വിസ്മരിച്ചുകളയുന്നു. ഐക്യരാഷ്ട്രസഖ്യത്തിന്റെ നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും എതിരായി ആക്രമണം നടത്തുകയും, ക്രിസ്തുമതത്തിനു വിരുദ്ധമായി മർദ്ദനപരിപാടികൾ ഉടനീളം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ചൈനായെ നീതീകരിപ്പാൻ അവർ വെമ്പൽകൊള്ളുന്നു. ഇതു രണ്ടുംകൂടി എങ്ങനെ പൊരുത്തപ്പെടുമെന്നു മനസ്സിലാക്കാൻ പലർക്കും സാധിക്കുന്നില്ല എന്നത്രെ "അഡ്വോക്കേററു്"പത്രം പറയുന്നതു്.

## പ്രൊട്ടസ്റ്റന്റുമതം ചിന്നിച്ചിതറുന്നു

1926 മുതൽ 1935 വരെയുള്ള അമേരിക്കൻ ഐക്യനാടു സെൻസസ്സ് അനുസരിച്ചു പ്രൊട്ടസ്റ്റന്റുമതാനുയായികളുടെ സംഖ്യ 5 ലക്ഷത്തിൽപ്പരം കുറഞ്ഞിട്ടുള്ളതായിക്കാണുന്നു. അതേസമയം അക്കാലത്തിനിടയ്ക്കു നാല്പതിലേറെ പുതിയ സഭാവിഭാഗങ്ങൾ പ്രൊട്ടസ്റ്റന്റുസഭയിൽ ഉടലെടുത്തിട്ടുള്ളതായും റിപ്പോർട്ടു ചെയ്തിരിക്കുന്നു. അവയിൽ ചിലതിന്റെ പേരുകൾതന്നെ അതിവിചിത്രമാണു്. ഡക്കറിവർ ബാപ്ററിസ്റ്റ്സു്, ചർച്ചു് ഓഫ് ഡാനിയേൽസു് ബാൻഡു്, ടൂ സീഡ് ഇൻ ദി സ്പിരിററ് പ്രിഡെസ്റ്റിനേറിയൻ ബാപ്ററിസ്റ്റ്സു്, ഫയർ ബാപ്ടൈസ്ഡ് ഹോളിനെസ്സ് ചർച്ചു്, നാഷനൽ ഡേവിഡ് സ്പിരിച്ച്വൽ ഓഫ് ക്രൈസ്റ്റ് ചർച്ചു് യൂണിയൻ, ഡിഫെൻസ്ലെസ്സ് മേറോനൈററ്സു്, ഹോം ഓഫ് ഗോഡു്, ഹോളിചർച്ചു് ഓഫ് ദി ലിവിങ്ങ് ഗോഡു്, ആദിയായവ ഇവയിൽ ചിലതുമാത്രമാകുന്നു.

## തീവണ്ടിസ്റ്റേഷനുകളിൽ വേദപ്രചാരപരിശ്രമങ്ങൾ

ജപ്പാനിൽ ഇപ്പോൾ പുതുതായി ഒരു വേദപ്രചാരസംരംഭം ആരംഭിച്ചിരിക്കുന്നു. കർത്താവിന്റെ ജീവചരിത്രത്തിലെ ഓരോ രംഗങ്ങൾ മനോഹരങ്ങളായ വലിയ ചിത്രങ്ങൾ വഴിയായി പ്രധാന തീവണ്ടിസ്റ്റേഷനുകളിൽ പ്രദർശിപ്പിച്ചുവരുന്നു. പടത്തിന്റെ താഴെയായി അതാതു രംഗം സംബന്ധിച്ച ഒരു ചെറിയ വിജ്ഞാപനവും ഉണ്ടാകും. കാനഡായിലെ ഫോറിൻ മിഷൻ സൊസൈററിക്കാരാണു് ഇതിന്റെ പ്രേഷകന്മാർ. ഇരുപതിലധികം തീവണ്ടിയാപ്പീസുകളിൽ ഈ പ്രദർശനം ഇപ്പോൾ മുറ നടന്നുവരുന്നുണ്ടു്.

## യൂറോപ്പിന്റെയും ഏഷ്യയുടെയും ആദ്ധ്യാത്മികവ്യത്യാസം

ഒരു ഐറിഷ് പത്രത്തിൽ താഴെ പറയുന്ന കുറിപ്പു കാണുന്നു: "1953 മേയ് 29 വെള്ളിയാഴ്ച പതിനൊന്നരമണിക്കാണു ഷേർപ്പാ ടെൻസിങ്ങും എഡ്മണ്ടു് ഹില്ലാരിയും 29000 അടി ഉയരമുള്ള എവറസ്റ്റുകൊടുമുടിയുടെ മുകളിലെത്തിയതു്. ഭൂലോകത്തിന്റെ മേൽക്കൂരയായ ആ അത്യുച്ചിയിൽനിന്നുകൊണ്ടു മുകളിലും താഴെയും ചുററുപാടുമുള്ള മഹനീയകാഴ്ചകളെ ഭീതിയോടെ അവർ വീക്ഷിച്ചു. അവരുടെ വിജയത്തിന്റെയും വിഭ്രാന്തിയുടെയും സമ്മിശ്രവികാരങ്ങളെ ഈ വീരപുരുഷന്മാർ പ്രകടിപ്പിച്ചതു ഏതുവിധമെന്നു നോക്കുക. യൂറോപ്യൻ ആദ്ധ്യാത്മികത്വത്തിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ ഹില്ലാരി ആക്രോശിച്ചു: (Damn good) "മുടിഞ്ഞ കാഴ്ച!" ഏഷ്യയുടെ ആദ്ധ്യാത്മികതയുടെ പ്രതിനിധിയെന്നോണം ഹിന്ദുവായ ടെൻസിങ്ങ് വിനയപൂർവ്വം ആമന്ത്രണം ചെയ്തു: "ഈശ്വരനെയും തന്റെ പ്രവൃത്തികളുടെ മഹത്വത്തെയും ഞാൻ അനുസ്മരിക്കുന്നു." പാശ്ചാത്യർ ആദ്ധ്യാത്മികവിഷയകമായി എത്ര അധഃപതിച്ചുപോയിട്ടുണ്ടെന്നുള്ളതിനു ഇതൊരു പ്രത്യക്ഷലക്ഷ്യംതന്നെ. ടെൻസിങ്ങ് ക്രിസ്തുമതം സ്വീകരിച്ചേക്കാനിടയുണ്ടെന്നു് ഒരു ശ്രുതി അവിടങ്ങളിൽ പരന്നിട്ടുള്ളതായും പ്രസ്തുതപത്രം പ്രസ്താവിക്കുന്നു.

## വലിയവനായ ദൈവം ചെറിയവനുമാകുന്നു

പ്രൊട്ടസ്റ്റന്റു് ഇംഗ്ലണ്ടിന്റെ തീരത്തു വസിച്ചിരുന്ന ഒരു വൃദ്ധമുക്കുവൻ ഒരു ഞായറാഴ്ച രാവിലെ കുർബാന കാണാൻ പള്ളിയിലേക്കു പോകയായിരുന്നു. നാസ്തികനായ ഒരു സ്നേഹിതൻ വഴിയിൽവച്ചു കണ്ടുമുട്ടി സംഭാഷണം തുടങ്ങി. വൃദ്ധൻ പോകാൻ തത്രപ്പെട്ടു. സ്നേഹിതനു് അതൊട്ടും രസിച്ചില്ല. പള്ളികളെയും പട്ടക്കാരെയും ദൈവത്തെയും ഹസിച്ചു് അയാൾ സംസാരം തുടർന്നു. "നിങ്ങളുടെ ദൈവം എത്ര വലിയ ആളാണെന്നാണു കരുതിയിരിക്കുന്നതു്?" വൃദ്ധൻ തൽക്ഷണം പ്രതിവചിച്ചു: "ഞങ്ങളുടെ ദൈവം ആകാശവും ഭൂമിയും നിറഞ്ഞിരിപ്പാൻമാത്രം വലിയവനാണു്. എന്നാൽ അതേസമയം ഞങ്ങളിൽ ഓരോരുത്തരുടേയും ഹൃദയത്തിൽ ഒതുങ്ങിയിരിപ്പാൻമാത്രം ചെറിയവനുമാകുന്നു." വൃദ്ധന്റെ അഭിനീതിയമായ വേദാന്തം!

## അന്യോന്യസഹായം എല്ലാവർക്കും ആവശ്യം

അമേരിക്കൻ സ്റ്റേററ് സെക്രട്ടറി ഡള്ളെസ്സ് ന്യൂയോർക്കിലെ ജപ്പാൻ സൊസൈററിയിൽ പ്രസംഗിക്കവേ പറഞ്ഞു: നവമായി സ്വാതന്ത്ര്യം പ്രാപിച്ച ഏഷ്യൻ ജനതകൾ എല്ലാക്കാര്യത്തിലും സ്വയംപര്യാപ്തതയിൽ എത്താൻ ശ്രമിച്ചുകാണുന്നതു നല്ലതുതന്നെ. എന്നാൽ പരസഹായം കൂടാതെ കഴിഞ്ഞുകൂടാൻ ഒരു രാജ്യത്തിനും ഒരിക്കലും സാധിക്കുന്നതല്ലെന്നുള്ളതു നാം ഓർക്കണം. അമേരിക്കയുടെ കാര്യംതന്നെ നോക്കുക. പ്രബലമായ ഒരു രാജ്യമാണിതു്. എന്നാൽ അന്യരാജ്യങ്ങളിലെ ഉല്പന്നങ്ങളെ ആശ്രയിക്കാൻ ഞങ്ങൾ നിർബന്ധിതരായിത്തീരുന്നു. ഇതേപ്പററി ഞങ്ങൾ ഒട്ടും ലജ്ജിക്കുന്നില്ല. അതുപോലെ ഏഷ്യൻ രാജ്യങ്ങൾ അന്യോന്യവും, മററു രാജ്യങ്ങളുമായും ആശ്രയിക്കാതെ നിർവ്വാഹമില്ല. തൻകാലിൽ നില്ക്കുന്നതിലല്ല ഒരു രാജ്യത്തിന്റെ മഹത്വം. അന്യരുമായി സഹകരിച്ചു പ്രവർത്തിക്കയും അങ്ങനെ പൊതുനന്മയ്ക്കായി സഹായിക്കുകയും ചെയ്യുന്നതിലാകുന്നു.

## വിജയലക്ഷ്മിയുടെ വിജയകീർത്തനങ്ങൾ

യൂ. എൻ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പണ്ഡിററ് വിജയലക്ഷ്മിയെക്കുറിച്ചുള്ള സ്തുതിഗീതങ്ങളാൽ വിദേശപത്രങ്ങൾ നിബിഡമായിരിക്കുന്നു: "ഐക്യരാഷ്ട്രസംഘടനയ്ക്കു നൽകാൻ കഴിയുന്ന ഏററം വലിയ ബഹുമതിയാണു് ഇൻഡ്യക്കു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നതു്." (ന്യൂയോർക്കു് ടൈംസ്സ്) "ഐക്യരാജ്യങ്ങളും സോവ്യററുയൂണിയനും ഗ്രേററുബ്രിട്ടനും എല്ലാം വിജയലക്ഷ്മിക്കായി വോട്ടുനൽകിയിരിക്കുന്നു. ഒരു രാജ്യതന്ത്രജ്ഞ, ഒരു ഭാരതസന്താനം, ഒരു വനിതാപ്രതിനിധി, ലോകപ്രഖ്യാതയായ ഒരു പ്രോജ്ജ്വലതാരം എന്നീ നിലകളിൽ അവളോടുള്ള മതിപ്പാണു് അവർ പ്രദർശിപ്പിച്ചിരിക്കുന്നതു്." (ക്രിസ്ത്യൻ സയൻസ്സ് മോനിട്ടർ) "തന്റെ തിരഞ്ഞെടുപ്പു് സ്വരാജ്യത്തോടുള്ള ഒരു ബഹുമാനപ്രകടനമായി താൻ പരിഗണിക്കുന്നു എന്നത്രെ മിസ്സിസ്സ് പണ്ഡിററ് പ്രസ്താവിച്ചതു്. അല്ല, അതുമാത്രമല്ല. ഈ മഹതിയുടെ ബുദ്ധിസാമർത്ഥ്യത്തെയും, ധീരോദാത്തതയെയും, സ്ഥിരപരിശ്രമത്തെയും കുറിച്ചു ഒരു ബഹുമാനപ്രകടനമാണിതു്. പ്രക്ഷുബ്ധമായ ഈ കാലഘട്ടത്തിൽ, അവളുടെ ഈ ഗുണവിശേഷങ്ങളെ പ്രായോഗികമാക്കിത്തീർക്കാൻ അവൾക്കു കഴിയുമെന്നു് എല്ലാവർക്കുമുള്ള മനോവിശ്വാസത്തിന്റെ ഒരു ബാഹ്യപ്രകടനമാണിതു്." "മിസ്സിസ്സ് പണ്ഡിററ് ഉജ്ജ്വലമായ ഒരു ഭരണമാണു ഏറെറടുത്തിരിക്കുന്നതെന്നുള്ളതിൽ സംശയമില്ല. ഈ മഹതിയെ പാട്ടിലാക്കാമെന്നു റഷ്യ കരുതുന്നുണ്ടെങ്കിൽ അതു വീണ്ടും ഒരു ദിവാസ്വപ്നമായിട്ടേ പരിണമിക്കൂ." (കാൻസാസ്സ് സീററി സ്റ്റാർ)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

